# സത്യദൂതൻ

2023 ജൂൺ | ലക്കം 06

വില ₹ 30



## വിശ്വാസകാര്യത്തിലെ മന:സാക്ഷി സ്വാതന്ത്ര്യം

## നിർമ്മിത ബുദ്ധി: ഉത്തമ സേവകനോ? അപകടകാരിയായ യജമാനനോ?

## ഇന്ത്യ: ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാജ്യം

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more

**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below






The Sathyadoothan Monthly

لا إله إلا الله محمد رسول الله

# സത്യദൂതൻ

2023 ജൂൺ
ഹി.ശ.1403- എഹ്സാൻ
1444 ദുൽകഅദ് - ദുൽഹജ്
പുസ്തകം 95 ലക്കം 06
വില 30 രൂപ


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം

**ധർമ്മശാസ്ത്രം മനുഷ്യനെ പൂർണ്ണനാക്കുന്നു**



**7**

പ്രഭാഷണം

**നന്മയുടെ പ്രവർത്തനം വിവിധ തലങ്ങളിൽ**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2023 മെയ് 5-ാം തീയതി യുകെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**10**

**വിശ്വാസകാര്യത്തിലെ മന:സാക്ഷി സ്വാതന്ത്ര്യം**

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**15**

**നിർമ്മിത ബുദ്ധി: ഉത്തമ സേവകനോ? അപകടകാരിയായ യജമാനനോ?**

പ്രൊഫ: അമത്തുൽ റസ്സാഖ്. യു കെ

**18**

**ഹദ്റത്ത് ഇമാം ഹുസൈൻ(റ): ശഹാദത്തും ചരിത്ര പശ്ചാത്തലവും**

റഫീക്ക് അഹ്മദ് മാത്തോട്ടം

**25**

**യേശു ചരിത്രപുരുഷനോ?**

എ.എം. മുഹമ്മദ് സലീം

**31**

**കുട്ടികളോടുള്ള പെരുമാറ്റം**

അബൂറിസ് വാൻ

**35**

**മതാധിഷ്ഠിത രാഷ്ട്രീയം ഏറ്റവും വലിയ ഭീഷണി: ഫാറൂഖ് മൗദൂദി**

**40**

കുറിപ്പുകൾ

**ഇന്ത്യ: ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാജ്യം**

മുസാഫിർ


Cover Photo: Jama masjid, Delhi


**സത്യദൂതൻ**
മസ്ജിദ് ഉമർ, സെൻ്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 80755 86837**
Email-salimqld@gmail.com



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യരെ സൃഷ്ടിച്ചുവോ ആ പ്രകൃതി കൈകൊള്ളുക. അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ ഒരു മാറ്റവുമില്ല. അതത്രേ എന്നും നില നിൽക്കുന്ന മതം. പക്ഷേ മനുഷ്യരിൽ അധികമാളുകളും യാഥാർത്ഥ്യം ഗ്രഹിക്കുന്നില്ല. (30:31)



## നബിവചനം

അനസ് (റ) നിവേദനം: തിരുനബി (സ) അരുളി നിങ്ങൾ മതനടപടികൾ മനുഷ്യർക്ക് എളുപ്പമാക്കി കൊടുക്കുക. അവരെ ഞെരുക്കരുത്. അവരെ സന്തുഷ്ടരാക്കുക. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം



യുക്തിയും സയിൻസും ഇസ്ലാമുമായി പൊരുത്തപ്പെടുകയില്ലെന്ന വീക്ഷണം അവർ പുലർത്തുന്നതായിട്ടാണ് തോന്നുന്നത്. ഭൗതിക തത്ത്വശാസ്ത്രങ്ങളുടെ ദൗർബല്യങ്ങൾ അവർക്ക് തുറന്ന് കാട്ടാൻ കഴിവില്ലാത്തതുകൊണ്ട് ആധുനിക വിഷയങ്ങൾ പഠിക്കുന്നത് അനുവദനീയമല്ലെന്ന് സിദ്ധാന്തിച്ചു കൊണ്ട് തങ്ങളുടെ വീഴ്ചകളെ മറച്ചു പിടിക്കാൻ അവർ ശ്രമിക്കുകയാണ്........ഭൗതിക തത്വശാസ്ത്ര ങ്ങൾക്ക് മുമ്പിൽ അവരുടെ ആത്മാക്കൾ വിറകൊള്ളുകയാണ്. നവംനവങ്ങളായ കണ്ടുപിടുത്തങ്ങൾക്ക് മുമ്പിൽ അവർ കുമ്പി ടുകയും ചെയ്യുന്നു. മതത്തിന്റെ സേവനത്തിന്നും ദൈവവചനങ്ങളെ ഉയർത്തിപ്പിടിക്കുന്നതിനുമെല്ലാം ആധുനിക വിജ്ഞാനങ്ങൾ ഏതു വിധേനയും പഠിക്കുകയും അവ ശ്രദ്ധാപൂർവ്വം ഗ്രഹിച്ചറിയുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഈ പഠനം ഒരു വശത്തിൽ മാത്രം ഊന്നി കൊണ്ട് തുടർന്ന് വന്നിട്ടുള്ളവരും സ്വാത്തികരുമായി ബന്ധം സ്ഥാപിക്കാൻ ഇടവന്നിട്ടില്ലാത്തവരും അതിന്ന് മുമ്പിൽ അറച്ച് നിൽക്കുകയും അങ്ങിനെ ഇസ്ലാമിൽ നിന്ന് വേർപെട്ടു പോകുകയും ചെയ്തതായി എനിക്ക് തന്നെ അനുഭവിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. (മൽഫൂസാത്ത്, ഭാ 65,66)

എഡിറ്റോറിയൽ


# നിർമ്മിതബുദ്ധി: സേവകനാക്കാം യജമാനനാക്കരുത്.

മനുഷ്യ വ്യവഹാരങ്ങളിൽ തീരുമാനങ്ങളെടുക്കാനും അതിന്റെ നിയന്ത്രണം ഏറ്റെടുക്കാനും ഡിജിറ്റൽ ലോകത്ത് മനുഷ്യനിർമ്മിതമായ കൃതബുദ്ധി അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് രംഗപ്രവേശനം ചെയ്തിരിക്കുകയാണ്. അതിന്റെ അപദാനങ്ങൾ വാഴ്ത്തുന്ന ഒരു ലോകത്താണ് നാം ഇപ്പോൾ ജീവിക്കുന്നത്. ഡോക്ടറില്ലാതെ രോഗം നിർണ്ണയിക്കാനും ഡ്രൈവറില്ലാതെ കാറോടിക്കാനും കഥാകാരനില്ലാതെ കഥയെഴുതാനും തുടങ്ങി പടനായകന്മാരില്ലാതെ യുദ്ധം ചെയ്യാൻ വരെ നിർമ്മിതബുദ്ധി മനുഷ്യനെ കവച്ചു വെക്കുമെന്നാണ് പറയപ്പെടുന്നത്. മനുഷ്യൻ ചെയ്യുന്ന പ്രവർത്തികളേക്കാൾ കൃത്യമായും കണിഷമായും കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന നിർമ്മിതബുദ്ധിക്ക് സമീപഭാവിയിൽ സ്വയം ബോധം തന്നെ വന്നേക്കും എന്നതിനാൽ വരാനിരിക്കുന്നത് നിർമ്മിതബുദ്ധിയുടെ യുഗമാണ് എന്നാണ് അവകാശവാദം. ഇത് എത്രത്തോളം ശുഭകരമാണ് എന്ന കാര്യത്തിൽ അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) ഗാനയിലെ യുവാക്കളുമായി നടത്തിയ ഒരു ഓൺലെയ്ൻ അഭിമുഖത്തിൽ (2023 മാർച്ച് 17) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. വളരെ വിവേചന ബോധത്തോടെ ജാഗ്രതയോടെയായിരിക്കണം നിർമ്മിതബുദ്ധിയെ സമീപിക്കേണ്ടതെന്ന് അതിന്റെ നനാവശങ്ങളെ സ്പർശിച്ചുകൊണ്ട് ഖലീഫാ തിരുമനസ്സ് പറയുകയുണ്ടായി.

നിർമ്മിത ബുദ്ധിയിലുള്ള അതിരുകടന്ന വിശ്വാസം അപകടകരമാണെന്ന് ഈ രംഗത്തെ അതികായന്മാരായ സ്പെയ്സ് എക്സ് സി ഇ ഓ ഇലോൺ മസ്ക്, സ്റ്റബിലിറ്റി എ ഐ, സി ഇ ഓ മുഹമ്മദ് ഇമാദ് മുഷ്താക്ക് എന്നിവരെപോലെയുള്ളവരും മുന്നറിയിപ്പ് നൽകുന്നു. മൈക്രോ സോഫ്റ്റിന്റെ ചാറ്റ് ജിപിടി, ഗൂഗിളിന്റെ ബാർഡ് എന്നീ നിർമ്മിതബുദ്ധിയുടെ ഭാഷാമോഡലുകളായ സെർച്ച് എഞ്ചിനുകളാണ് ഇപ്പോൾ ഈ രംഗത്തുള്ള നൂതന സംഭവവികാസം. ഡിജിറ്റൽ ലോകത്തുള്ള ഈ രണ്ട് ആഗോള ഭീമന്മാർ വിപണി കീഴടക്കാൻ കൂടുതൽ കഴിവും ശക്തിയുമുള്ള തികവുറ്റ ഇന്റലിജെന്റ് വെപ്പണുകൾക്ക് വേണ്ടിയുള്ള തീവ്രമായ ഗവേഷണത്തിലാണ്.

മനുഷ്യന്റെ തീരുമാനങ്ങളിലും വ്യവഹാരങ്ങളിലും നിഴലിക്കുന്ന ആത്മീയ ഗുണങ്ങളായ വിവേകമോ ധാർമികബോധമോ ഇല്ലാത്ത നിർമ്മിതബുദ്ധിക്ക് മനുഷ്യ ഭാഗധേയം നിർണ്ണയിക്കുന്ന സുപ്രധാന തീരുമാനങ്ങളെടുക്കാൻ വിട്ടുകൊടുക്കുന്നത് അപകടങ്ങൾ ക്ഷണിച്ചു വരുത്തും. ആത്യന്തികമായി കേവലം പ്രോഗ്രാം ചെയ്യപ്പെട്ട സോഫ്റ്റ്‌വെയറുകളാണ് നിർമ്മിതബുദ്ധി. വിവരങ്ങൾ ആവശ്യത്തിനനുസരിച്ച് പ്രോസസ് ചെയ്ത് ഫലം നൽകുന്ന മാനുഷിക ഗുണങ്ങളില്ലാത്ത നിർമ്മിതബുദ്ധിയെ അധീശാധികാരിയായി വാഴിക്കുന്നത് മനുഷ്യ സമൂഹത്തെ യാന്ത്രിക വത്ക്കരിക്കുന്നതിന് തുല്യമാണ്.

മനുഷ്യൻ ദൈവത്തിന്റെ എറ്റവും ഉത്തമ സൃഷ്ടിയാണ് എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. **'തീർച്ചയായും നാം മനുഷ്യനെ ഏറ്റവും ഉത്തമമായ സൃഷ്ടി പദ്ധതിയിൽ സൃഷ്ടിച്ചിരിക്കുന്നു.' (അത്തീൻ 95:5)** ആത്മാവിനോടൊപ്പം ധാർമിക ബോധവും ചിന്താശക്തിയും ക്രിയാത്മകതയും മനുഷ്യനിൽ അല്ലാഹു സന്നിവേശിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ സൃഷ്ടിയും മനുഷ്യന്റെ സൃഷ്ടിയുമായി മത്സരിക്കാൻ സർവ സ്രഷ്ടാവും സർവ്വജ്ഞാനിയും സർവ്വശക്തനുമായ അല്ലാഹു സഹൃദയത്വത്തോടെ മനുഷ്യനെ വെല്ലുവിളിക്കുന്ന വചനങ്ങളും വിശുദ്ധ ഖുർആനിൽ കാണാം. **'ഇത് അല്ലാഹുവിന്റെ സൃഷ്ടിയാണ് അപ്പോൾ അവന് പുറമേയുള്ളവർ എന്താണ് സൃഷ്ടിച്ചതെന്ന് നിങ്ങൾ എനിക്ക് കാണിച്ചു തരിക' (സൂറ: ലുഖ്മാൻ 31: 12)** മാനുഷിക പ്രവർത്തനങ്ങളിലെല്ലാം മനുഷ്യാത്മാവിന്റെ ദൈവികമായ ഈ ധാർമിക ഗുണം പ്രതിഫലിക്കണമെന്ന് ദൈവം കാംഷിക്കുന്നു. മനുഷ്യ ബന്ധങ്ങളിൽ പ്രതിഫലിക്കേണ്ട ഈ ദിവ്യവർണ്ണം നാം കെടുത്തിക്കളയരുത്. തീർച്ചയായും ദൈവം അവികലവും സമ്പൂർണ്ണവുമായി സൃഷ്ടിച്ച മനുഷ്യന് വേണ്ടിയുള്ള സേവകനായിട്ടായിരിക്കണം നിർമ്മിത ബുദ്ധിയെ പ്രതിഷ്ഠിക്കേണ്ടത്. അതിനെ യജമാനനാക്കി സ്വയം അടിമത്വം സ്വീകരിക്കരുത്.



ഹദ്റത്ത് അഹ്മദ് (അ)

# ധർമ്മശാസ്ത്രം മനുഷ്യനെ പൂർണ്ണനാക്കുന്നു

ധർമ്മശാസ്ത്രത്തിന്ന് മനുഷ്യന്റെ മേലുള്ള സ്വാധീനശക്തി അവന്റെ ജീവിതത്തെ നിയന്ത്രിക്കുക എന്നതാണ്. ഈ നിയന്ത്രണത്തിന്റെ പരിണിത ഫലമായി അവൻ സമസൃഷ്ടങ്ങളുടെ അവകാശങ്ങൾ യഥാക്രമം തിരിച്ചറിയുകയും അവരോടുള്ള പെരുമാറ്റത്തിൽ നീതി പരോപകാരിത, സഹതാപം, എന്നീ ധർമ്മങ്ങളെ യഥാർഹം അനുവർത്തിക്കുകയും ചെയ്യുന്നു. തനിക്ക് ദൈവം നൽകിയ ജ്ഞാന വിജ്ഞാനങ്ങളിലും സുഖൈശ്വര്യങ്ങളിലും മറ്റ് അനുഗ്രഹങ്ങളിലും അന്യരേയും യഥായോഗ്യം പങ്കാളികളാക്കി തീർക്കുന്നു. സൂര്യനേപോലെ അവർക്ക് അവൻ തന്റെ പ്രകാശ സമ്പത്ത് എല്ലാവർക്കും പകർന്ന് കൊടുക്കുകയും ചന്ദ്രനെ പോലെ അവൻ സർവ്വ പ്രകാശ കേന്ദ്രമായ ദൈവത്തിൽ നിന്നും സ്വീകരിക്കുന്ന പ്രഭാപൂരം അന്യർക്ക് ചൊരിഞ്ഞു കൊടുക്കുകയും ചെയ്യുന്നു. പകലിനെ പോലെ അവൻ പ്രകാശവാനായി സത്യത്തിന്റെയും സൽഗതിയുടേയും മാർഗ്ഗങ്ങൾ ലേകത്തിന്ന് കാണിച്ചു കൊടുക്കുന്നു. രാവിനെ പോലെ ബലഹീനരുടെ ദൗർബല്യങ്ങളെയും ചാപല്യങ്ങളെയും മറച്ചു വെക്കുകയും ക്ഷീണിതർക്കും ദുഖിതർക്കും വിശ്രമം നൽകുകയും ചെയ്യുന്നു. അവൻ ആകാശത്തെ പോലെ പരവശർക്കും അഭയാർത്ഥികൾക്കും ശരണമേകുകയും അവസരോചിതം തന്റെ കൃപാവർഷം അവരിൽ ചൊരിയുകയും ചെയ്യുന്നു. ഭൂമിയെ പോലെ അത്യന്തം വിനയത്തോടുകൂടി മറ്റുള്ളവർക്ക് സൗഖ്യവും ക്ഷേമവും നൽകുന്നതിന്ന് സ്വയം കഷ്ടതകൾ വരിക്കുകയും സകലരേയും തന്റെ ദാക്ഷിണ്യാങ്കത്തിൽ അണച്ചുകൂട്ടുകയും അവർക്ക് വിവിധ തരത്തിലുള്ള ആത്മീയ ഫലങ്ങൾ വെച്ചു കൊടുക്കുകയും ചെയ്യുന്നു. ഈദൃശമായ ഒരു പരിവർത്തനമാണ് പരിപൂർണ്ണ ധർമ്മ നിയമം കൊണ്ടുണ്ടായി തീരുന്നത്. ഈ നിയമ ശാസ്ത്രമനുസരിച്ചു ജീവിക്കുന്ന ഒരുവൻ തന്റെ സൃഷ്ടാവിനോടുള്ള തന്റെ കർത്തവ്യങ്ങളനുഷ്ഠിക്കുന്നതിന്നും സമസൃഷ്ടങ്ങളോടുള്ള തന്റെ ധർമ്മങ്ങൾ നിറവേറ്റുന്നതിനും കഴിവുറ്റവനായിത്തീരുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഭക്തൻ ദൈവപ്രേമത്തിൽ ലയിച്ചു സമസൃഷികളോടുള്ള യഥാർത്ഥ സേവകനായി തീരുന്നു. ധർമ്മശാസ്ത്രമനുസരിച്ചുള്ള ജീവിതം ഒരുവനിൽ ഇവിടെ ഉണ്ടാക്കി തീർക്കുന്ന പ്രഭാവമാണിത്. എന്നാൽ മറുലോകത്ത് അവനു സിദ്ധിക്കുന്ന ഫലമാകട്ടെ ദൈവത്തോടുള്ള ആ ത്മൈക്യം ആ നാളിൽ പ്രത്യക്ഷ ദർശന രൂപത്തിൽ അനുഭൂതമാകുമെന്നതാണ്. സത്യവിശ്വാസത്തിന്റെയും സൽക്കർമ്മാസ്സക്തിയുടെയും പ്രേരണയാൽ അവൻ ദൈവാനുഗ്രഹബദ്ധരായി ചെയ്യുന്ന സമസൃഷ്ടി സേവനം സ്വർഗ്ഗത്തിലെ വൃക്ഷങ്ങളും നദികളുമായി രൂപാന്തരപ്പെടുന്നതായിരിക്കും. വിശുദ്ധ ഖുർആൻ 91-ാം സൂറായിൽ പറയുന്നു:

*സൂര്യനെ കൊണ്ടു അതിന്റെ പ്രകാശത്തെ കൊണ്ടും സൂര്യനെ പിന്തുടരുന്ന (അതായത് സൂര്യനിൽ നിന്ന് പ്രകാശം സ്വീകരിച്ച് അതിനെ പോലെ ആ പ്രഭാപൂരം അന്യരിൽ വിതരണം ചെയ്യുന്ന) ചന്ദ്രനെക്കൊണ്ടും സൂര്യന്റെ കാന്തിയെ വെളിപ്പെടുത്തുകയും മാർഗ്ഗങ്ങളെ തെളിച്ചു കാട്ടുകയും ചെയ്യുന്ന ദിനത്തെ കൊണ്ടും അന്ധകാരം പരത്തുകയും സർവ്വരേയും ഇരുട്ടിൽ മറക്കുകയും ചെയ്യുന്ന രാത്രിയെ കൊണ്ടും ആകാശത്തെ കൊണ്ടും തൽസൃഷ്ടിയുടെ ആദികാരണത്തെ കൊണ്ടും ഭൂമിയെകൊണ്ടും അതിനെ പരപ്പാക്കിയ ആദികാരണത്തെ കൊണ്ടും ആത്മാവിനെ കൊണ്ടും അതിനെ സർവ്വ വസ്തുക്കളുടെയും തുല്യഗുണത്തിൽ നിർത്തിയ അതിന്റെ ശ്രേഷ്ഠത കൊണ്ടും സത്യം അതായത് ഈ വസ്തുക്കളിലെല്ലാം വ്യഷ്ടിഗതമായി കാണപ്പെടുന്ന സവിശേഷതകളെല്ലാം പൂർണ്ണത പ്രാപിച്ച് ആ മനുഷ്യന്റെ ആത്മാവിൽ സമഷ്ടിയായി സമ്മളിതമായിരിക്കുന്നതിനാൽ ആ വസ്തുക്കളോരോന്നും പ്രത്യേകം പ്രത്യേകമായി മനുഷ്യലോകത്തിന്ന് ചെയ്യുന്ന സേവനങ്ങളത്രയും മുൻപ്രസ്താവിച്ചതിവണ്ണം ആ മനുഷ്യോത്തമൻ ഒറ്റക്ക് നിർവ്വഹിക്കുമാറാകുന്നു) ഇപ്രകാരം ആർ തന്റെ ആത്മാവിനെ സംസ്ക്കരിച്ചുവോ അതായത് സൂര്യചന്ദ്രാദികളെ പോലെ ദൈവേഛക്ക് വഴിപ്പെട്ട് മനുഷ്യസേവനത്തിന്ന് തുനിഞ്ഞിറങ്ങിയോ അവൻ മോക്ഷം പ്രാപിച്ചിരിക്കുന്നു. (91:1-4)*

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2023 മെയ് 5-ാം തീയതി യുകെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# നന്മയുടെ പ്രവർത്തനം വിവിധ തലങ്ങളിൽ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

സൂറ: അന്നഹ്ലിലെ 91-ാം വചനത്തിന്റെ അർഥം ഇപ്രകാരമാണ്:

"നീതി പുലർത്തുന്നതിനും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്നപോലെ അന്യർക്കും സഹായം നല്കുന്നതിനും അല്ലാഹു കല്പിക്കുന്നു. നീചവൃത്തിയെയും നിഷിദ്ധകർമത്തെയും നിയമലംഘനത്തെയും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിനുവേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു." (വിശുദ്ധ ഖുർആൻ 16:91)

എല്ലാ ജുമുഅകളിലും പെരുന്നാൾ നമസ്ക്കാരങ്ങളിലും രണ്ടാം ഖുത്ബയായി പാരായണം ചെയ്യപ്പെടുന്ന ഖുർആനിക വചനമാണിത്. ഏതൊക്കെ നന്മകൾ അനുഷ്ഠിക്കണം, ഏതൊക്കെ തിന്മകൾ വർജിക്കണം എന്ന കാര്യമാണ് ഈ വചനത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. അല്ലാഹുവിന്റെ കല്പനകളും നിർദേശങ്ങളും പാലിക്കുക എന്നതാണ് യഥാർഥ വിശ്വാസിയുടെ അടയാളം. ഇന്നു ഞാൻ ഈ വചനത്തിൽ പ്രതിപാദിക്കപ്പെട്ട നീതി, പരോപകാരം, അടുത്ത ബന്ധുക്കൾക്കെന്നവണ്ണം അന്യർക്ക് സഹായം നല്കൽ എന്നീ സത്കർമങ്ങളെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ നിർദേശങ്ങൾ സമർപ്പിക്കുന്നതാണ്. ഈ നിർദേശങ്ങളെല്ലാം ഒരേ കാര്യംതന്നെയാണ് പ്രതിപാദിക്കുന്നതെന്നു തോന്നുമെങ്കിലും അവിടുന്ന് വ്യത്യസ്ത തലങ്ങളിലാണ് ഉപദേശം നല്കിയിരിക്കുന്നത്.

ദൈവികകല്പനകൾക്കനുസൃതമായി ജീവിതം കഴിച്ചു കൂട്ടാൻ ഈ നിർദേശങ്ങൾ നമുക്ക് വഴികാട്ടിത്തരുന്നു. ഈ ഉപദേശങ്ങളിൽ ചിന്തിച്ചുകൊണ്ട് അവയനുസരിച്ച് സ്വജീവിതം വാർത്തെടുക്കാൻ ശ്രമിക്കുന്നപക്ഷം തീർച്ചയായും അല്ലാഹുവുമായുള്ള ബന്ധം നമുക്ക് ഉറപ്പിച്ചു നിർത്താനും പരസ്പരമുള്ള കടമകൾ ഭംഗിയായി നിർവഹിക്കാനും സാധിക്കുന്നതാണ്.

അല്ലാഹുവിനോടും സമസൃഷ്ടികളോടുമുള്ള കടമകൾ നിർവഹിച്ചുകൊണ്ട് മാത്രമേ സമൂഹത്തിലും മുഴുലോകത്തും സമാധാനം ഉറപ്പു വരുത്താൻ കഴിയൂ. എന്നാൽ പരിതാപകരമെന്നു പറയട്ടെ, ലോകം ഇതിലേക്കു ശ്രദ്ധ തിരിക്കുന്നില്ല. മുസ്‌ലീം രാഷ്ട്രങ്ങളാകട്ടെ, മറ്റു രാഷ്ട്രങ്ങളാകട്ടെ, പരസ്പരമുള്ള അവകാശങ്ങൾ ലംഘിക്കുന്നതിൽ വ്യാപൃതരാണ് എല്ലാവരും. ഈ സാഹചര്യത്തിൽ ആത്മസംസ്ക്കരണം നടത്തിക്കൊണ്ട് ലോകത്തെയും ഇതിലേക്ക് ക്ഷണിക്കുക എന്നത് ഹദ്റത്ത് മസീഹ് മൗഊദ (അ)ൽ വിശ്വസിക്കുന്നവരുടെ ഉത്തരവാദിത്വമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെയ്യുന്നു: നിങ്ങൾ അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടും ന്യായപൂർവം വർത്തിക്കുക എന്നതാണ് നിങ്ങളോടുള്ള അവന്റെ കല്പന. അതായത്, അല്ലാഹുവിനോടും സമസൃഷ്ടികളോടുമുള്ള കടമകൾ നിർവഹിക്കുക. അതിലുപരിയായി ചെയ്യാൻ സാധിക്കുമെങ്കിൽ ന്യായമായ നിലയിൽ മാത്രമല്ല അധികമായ നിലയിലും നന്മകൾ അനുഷ്ഠിക്കുക. അതായത്, നിർബന്ധ കടമകളേക്കാളധികം ആത്മാർഥമായ നിലയിൽ ആരാധനകൾ അനുഷ്ഠിക്കുക; നിങ്ങൾ ദൈവത്തെ കാണുന്നുണ്ടെന്ന മട്ടിൽ. ജനങ്ങൾ അർഹിക്കുന്ന അവകാശങ്ങളെക്കാൾ കൂടുതലായി അവർക്ക് ഉപകാരം ചെയ്യുക. ഇതിലും ഉപരിയായി ചെയ്യാൻ സാധിക്കുമെങ്കിൽ അടുത്ത ബന്ധുക്കളോടെന്ന വണ്ണം നിഷ്കാമവും നിസ്വാർഥവുമായ നിലയിൽ അല്ലാഹുവിനെ ആരാധിക്കുകയും സൃഷ്ടികളെ സേവിക്കുകയും ചെയ്യുക.

തുടർന്ന്, ഈ വചനത്തിന്റെ വെളിച്ചത്തിൽ അല്ലാഹുവിനോടുള്ള കടമകൾ എന്തൊക്കെയാണെന്ന് കൂടുതൽ വ്യക്തമാക്കിക്കൊണ്ട് അവിടുന്ന് അരുൾ ചെയ്യുന്നു: വാസ്തവത്തിൽ അല്ലാഹുവല്ലാതെ മറ്റാരും ആരാധനയ്ക്കർഹനല്ല; സ്നേഹത്തിനർഹനല്ല; ഭരമേൽപ്പിക്കാൻ അർഹനല്ല. എന്തെന്നാൽ, എല്ലാ അവകാശവും സ്രഷ്ടാവും നിയന്താവും പരിപാലകനുമായ അവനുമാത്രമേയുള്ളൂ. ഇത്രമാത്രം നിങ്ങൾ ചെയ്തു കഴിഞ്ഞാൽ ഇത് അദ്ൽ അഥവാ ന്യായമായും ചെയ്യേണ്ട നിർബന്ധ കർമമായി. ഇനി ഇതിൽനിന്ന് പുരോഗതി പ്രാപിക്കണമെന്നുണ്ടെങ്കിൽ ഇഹ്സാൻ എന്ന പദവിയുണ്ട്. ഇഹ്സാൻ എന്നാൽ നിങ്ങൾ അല്ലാഹുവിന്റെ മഹത്ത്വവും പ്രതാപവും നിത്യസൗന്ദര്യവും ദർശിച്ചു കഴിഞ്ഞതുപോലെ, അവന്റെ മഹത്ത്വം അംഗീകരിക്കുകയും അവന്റെ മുൻപാകെ ആരാധന നടത്തുമ്പോൾ സംസ്ക്കാരം അവലംബിക്കുകയും അവനോടുള്ള സ്നേഹത്തിൽ വിലയം പ്രാപിക്കുകയും ചെയ്യുക എന്നതാണ്. അതു കഴിഞ്ഞാൽ, ഈത്തായിദൽ ഖുർബാ എന്ന പദവിയാണ്. അതായത്, നിങ്ങളുടെ ആരാധനകളിൽനിന്നും സ്നേഹത്തിൽനിന്നും അനുസരണത്തിൽനിന്നും ഔപചാരികതയും കാപട്യവും തികച്ചും ദൂരപ്പെട്ടുകൊണ്ട് സ്വന്തം പിതാക്കളെ സ്മരിക്കുന്നതു പോലെ ഹൃദയബന്ധത്തോടു കൂടി അല്ലാഹുവിനെ സ്മരിക്കുക. കുഞ്ഞ് തന്റെ പ്രിയമാതാവിനോട് സ്നേഹം കാണിക്കുന്നതുപോലെ നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുക.

സമസൃഷ്ടികളോടുള്ള കടമകളുമായി ബന്ധപ്പെട്ട് പ്രസ്തുത വചനത്തിന്റെ അർഥം വിവരിച്ചുകൊണ്ട് അവിടുന്ന് അരുളുന്നു: സ്വന്തം സഹോദങ്ങളോടും മറ്റു മനുഷ്യരോടും നീതിയോടെ വർത്തിക്കുക. തന്റെ അവകാശത്തിൽ കവിഞ്ഞ നിലയിൽ അവരോട് ഒരു നിലയിലും പരിഭവം കാണിക്കരുത്. നീതിയിൽ നിലകൊള്ളുക. ഈ പദവിയിൽനിന്ന് പുരോഗതി പ്രാപിക്കണമെന്നുണ്ടെങ്കിൽ ഇഹ്സാൻ എന്ന പദവിയാണ് ഇതിനെ തുടർന്ന് വരുന്നത്. ഇഹ്സാൻ എന്നാൽ നീ സ്വന്തം സഹോദരൻ ചെയ്ത അപരാധങ്ങൾക്കുപകരം അവന് ഉപകാരം ചെയ്യുകയും അവൻ ഏല്പിച്ച വേദനകൾക്ക് പകരം സന്തോഷം നല്കുകയും സദ്ഭാവത്തോടും ഉദാരതയോടും കൂടി സഹായഹസ്തം നീട്ടുകയും ചെയ്യുക എന്നതാണ്. അതുകഴിഞ്ഞ് ഈത്താഇദൽ ഖുർബാ എന്ന പദവിയാണ്. അതായത്, സ്വന്തം സഹോദരനുവേണ്ടി ചെയ്യുന്ന നന്മകളും മനുഷ്യരുടെ ഗുണം കാംക്ഷിച്ചുകൊണ്ട് ചെയ്യുന്ന പ്രവൃത്തികളുമെല്ലാം ഏതെങ്കിലും തരത്തിലുള്ള ഉപകാരം എന്ന നിലയ്ക്കായിരിക്കുകയില്ല. മറിച്ച്, സ്വാർഥപരമായ യാതൊരു ലക്ഷ്യവുമില്ലാതെ സ്വാഭാവികമായ നിലയിലായിരിക്കും ഉണ്ടായി വരുന്നത്; തീവ്രമായ ബന്ധുസ്നേഹം കാരണം ഒരു സഹോദരൻ മറ്റൊരു സഹോദരനോട് ഉപകാരം ചെയ്യുന്നതു പോലെ.

ആകയാൽ, ധാർമികപുരോഗതിയുടെ ഉത്തുംഗ പദവിയാണിത്. സൃഷ്ടികളോടുള്ള അനുകമ്പയിൽ സ്വാർഥലാഭമോ ലക്ഷ്യമോ ഇടയിൽ ഉണ്ടായിരിക്കരുത്. മറിച്ച്, മാനവ സാഹോദര്യത്തോടും ബന്ധുത്വത്തോടുമുള്ള ഉത്ക്കടമായ ആവേശം ഉന്നതമായ നിലയിൽ വികസിക്കണം. ഒരുവിധ ഔപചാരികതയും നന്ദിപ്രകടനവും പ്രാർഥനയും മറ്റും കാംക്ഷിക്കാതെ പ്രകൃത്യാലുള്ള താത്പര്യത്താലാണ് അതു നിർവഹിക്കപ്പെടുന്നത്.

ഒരവസരത്തിൽ അവിടുന്ന് അരുളി: "മനുഷ്യനുണ്ടാകുന്ന അന്തർദർശനത്തിന്റെ മൂന്നു പദവികൾ അല്ലാഹു ഈ ഖുർആനിക വചനത്തിൽ വിവരിച്ചിരിക്കുന്നു. മൂന്നാമത്തെ പദവിയെ വ്യക്തിപരമായ സ്നേഹം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. സ്വാർഥതാത്പര്യങ്ങളെല്ലാം എരിഞ്ഞില്ലാതായി കുപ്പിയിൽ സുഗന്ധമെന്ന പോലെ ഹൃദയത്തിൽ സ്നേഹം നിറഞ്ഞു നില്ക്കുന്ന പദവിയാണത്. ദൈവപ്രീതി കാംക്ഷിച്ചുകൊണ്ട്

തങ്ങളുടെ ജീവൻ പകരം നല്കുന്ന ചിലർ വിശ്വാസികളിലുണ്ട്. അല്ലാഹു അത്തരക്കാരോടു തന്നെയാണ് കനിവു കാണിക്കുന്നത് എന്ന ഖുർആനിക വചനം ഇതിലേക്കാണ് സൂചന നല്കുന്നത്."

പറയുന്നു: "ദൈവം നിങ്ങളിൽ നിന്ന് ആഗ്രഹിക്കുന്നതെന്താണ്? മനുഷ്യരോട് നീതിയോടെ പെരുമാറുക എന്നതുതന്നെ. അതിനപ്പുറം, നിങ്ങളോട് നന്മ ചെയ്തിട്ടില്ലാത്തവർക്ക് നന്മ ചെയ്യുക. അതിനുമപ്പുറമായി, സമസൃഷ്ടികളോട് അവർ നിങ്ങളുടെ യഥാർഥ ബന്ധുക്കളാണെന്ന മട്ടിൽ അനുകമ്പ കാണിക്കുക; മാതാവ് തന്റെ കുഞ്ഞുങ്ങളോടു കാണിക്കുന്നതുപോലെ. എന്തെന്നാൽ, ഉപകാരം ചെയ്യുന്നവൻ താൻ ചെയ്ത ഗുണം ചിലപ്പോൾ എടുത്തു പറയാറുണ്ട്. എന്നാൽ മാതാവിനെപ്പോലെ സഹജമായ ആവേശത്തോടെ നന്മ പ്രവർത്തിക്കുന്ന വ്യക്തിക്ക് ഒരിക്കലും ആത്മപ്രശംസ ചെയ്യാനാവില്ല. ആകയാൽ, സത്കർമങ്ങളുടെ അവസാന പദവി എന്നത് മാതാവിൽനിന്ന് പ്രകടമാകുന്നതുപോലുള്ള സഹജമായ ആവേശമാണ്.

ഈ വചനം സൃഷ്ടികളുമായി മാത്രം ബന്ധപ്പെട്ടതല്ല; അല്ലാഹുമായും ബന്ധപ്പെട്ടതാണ്. അല്ലാഹുവിനോട് *അദ്ൽ* അഥവാ നീതി കാണിക്കുക എന്നാൽ അവന്റെ അനുഗ്രഹങ്ങളെ സ്മരിച്ചുകൊണ്ട് അവനെ അനുസരിക്കലാണ്. അവനോടുള്ള *ഇഹ്സാൻ* അഥവാ ഉപകാരം എന്നാൽ അവനെ കാണുന്നതുപോലെ അവന്റെ സത്തയിൽ ദൃഢവിശ്വാസം പുലർത്തുകയാണ്. അല്ലാഹുവിനോടുള്ള *ഈത്തായിദിൽ ഖുർബാ* അഥവാ അടുത്ത ബന്ധുക്കളോടെന്നപോലെ അന്യർക്ക് സഹായം ചെയ്യുക എന്നാൽ അവനെ ആരാധിക്കുന്നത് സ്വർഗം കാമിച്ചോ നരകം ഭയന്നോ ആകരുത്. മറിച്ച്, സ്വർഗനരകങ്ങൾ ഇല്ലെന്നു വന്നാലും സ്നേഹത്തിലും അനുസരണത്തിലും വ്യത്യാസം വരാൻ പാടില്ല.

അമുസ്‌ലീംകൾക്ക് ഇസ്‌ലാമികാധ്യാപനങ്ങൾ വിവരിച്ചു കൊടുക്കുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ വിഷയം ചില സ്ഥലങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. അതുപോലെത്തന്നെ, തന്റെ ജമാഅത്തിന് ഉപദേശം നല്കുമ്പോഴും ഇക്കാര്യം സ്പഷ്ടമായി ബോധ്യപ്പെടുത്തുന്നുണ്ട്.

ഒരവസരത്തിൽ അവിടുന്ന പറഞ്ഞു: "*അദ്ൽ അഥവാ നീതിയുടെ* അവസ്ഥ ഇതാകുന്നു: മുത്തഖി *നഫ്സെ അമ്മാറ* അഥവാ ദോഷപ്രവണമായ ആത്മാവിന്റെ അവസ്ഥയിലായിരിക്കുമ്പോൾ പ്രസ്തുത അവസ്ഥയെ സംസ്കരിക്കുന്നതിനാണ് *അദ്‌ലിന്റെ* കല്പന. ഇതിൽ ഇന്ദ്രിയാശകളെ എതിർക്കേണ്ടി വരുന്നു. ഉദാഹരണമായി ആരോടെങ്കിലും കടബാധ്യതയുണ്ടെങ്കിൽ ആ ബാധ്യത എങ്ങനെയെങ്കിലും വീട്ടാതിരുന്നെങ്കിൽ എന്ന് അവന്റെ സ്വാർഥത ആഗ്രഹിക്കുന്നു."

പറയുന്നു: "വ്യസനപൂർവം പറയട്ടെ, ചിലർ ഇക്കാര്യങ്ങളെ ഗൗനിക്കുന്നില്ല. കടബാധ്യതകൾ തീർക്കുന്ന കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാത്ത നിരാവധിയാളുകൾ നമ്മുടെ ജമാഅത്തിലുമുണ്ട്. അദ്ൽ അഥവാ നീതിക്കെതിരായ കാര്യമാണിത്. നബിതിരുമേനി(സ) അത്തരം ആളുകളുടെ ജനാസ പോലും അനുഷ്ഠിച്ചിരുന്നില്ല. ആകയാൽ, കടം വീട്ടുന്ന കാര്യത്തിൽ അലസത കാണിക്കരുതെന്ന കാര്യം നിങ്ങളെല്ലാവരും നല്ലവണ്ണം ഓർത്തുകൊള്ളുക. എല്ലാവിധ ചതിയിൽനിന്നും വഞ്ചനയിൽനിന്നും അകന്നുകൊള്ളുക. എന്തെന്നാൽ, അതു ദൈവകല്പനയ്ക്കെതിരാണ്."

പറയുന്നു: "ഈ സത്പ്രവൃത്തികളെല്ലാം സ്വായത്തമാക്കുന്നതിനെ അല്ലാഹു ഔചിത്യബോധവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. സന്ദർഭാനുസൃതം ചെയ്യുന്നില്ലെങ്കിൽ പിന്നെ ഇവ ദുഷ്പ്രവൃത്തികളായി മാറും. നീതി നീചകൃത്യമായിത്തീരുന്നതാണ്. അതായത്, അവിശുദ്ധമായ സാഹചര്യം സംജാതമാകുമാറ് പരിധി ലംഘിക്കുന്നു. അതുപോലെ, *ഇഹ്സാൻ* അഥവാ ഉപകാരശീലങ്ങൾ നിഷേധിക്കുന്ന സാഹചര്യം ഉളവാകും. അതായത്, യുക്തിയും അന്തരംഗവും നിഷേധിക്കുന്ന സാഹചര്യമായിരിക്കും അത്. അടുത്ത ബന്ധുക്കളോടെന്നപോലെ സഹായം ചെയ്യുന്നതിനുപകരം നിയമലംഘകനായിത്തീരുകയും ചെയ്യും. അതായത്, അനവസരത്തിൽ അനുകമ്പ ചെയ്യാനുള്ള ആവേശം മോശമായ സാഹചര്യം സൃഷ്ടിക്കുന്നതാണ്. പാടങ്ങളെയും മറ്റും നശിപ്പിക്കുമാറ് പരിധിവിട്ട് പെയ്യുന്ന മഴയെയാണ് വാസ്തവത്തിൽ *ബഗ്* (നിയമലംഘനം) എന്നു പറയുന്നത്. നിർബന്ധ കടമകളിൽ ഏറ്റക്കുറച്ചലുകൾ വരുത്തുന്നതിനാണ് ബഗ്‌യ് എന്നു പറയുന്നത്. ചുരുക്കത്തിൽ ഇവ മൂന്നും സന്ദർഭോചിതം പ്രയോഗവത്ക്കരിക്കാതിരിക്കുന്നപക്ഷം സ്വഭാവപ്രകൃതി മോശമായി ഭവിക്കും. അതുകൊണ്ടുതന്നെ ഇവ മൂന്നിനോടുമൊപ്പം ഔചിത്യബോധത്തിന്റെ നിബന്ധന വച്ചിട്ടുണ്ട്.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥങ്ങളിലും വിജ്ഞാനസദസ്സുകളിലും ഇതുസംബന്ധമായി വളരെയേറെ ഊന്നൽ നല്കിയിട്ടുണ്ട്. അതുകൊണ്ട്, അല്ലാഹുവുമായുള്ള ബന്ധം രൂഢമൂലമാക്കുന്നതിനും സമസൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിനും ഇതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുക. അല്ലാഹു നമുക്ക് ഇതനുസരിച്ച് ജീവിതം നയിക്കാനും ആരാധനയുടെ ഉന്നത നിലവാരം കരസ്ഥമാക്കാനും സമസൃഷ്ടികളോടുള്ള കടമകൾ പ്രത്യേകിച്ചും പാരസ്പരമുള്ള സ്നേഹബന്ധങ്ങൾ നാം ലോകത്തിന് മാതൃകയായി തീരുമാറ് നിലനിർത്താനുമുള്ള തൗഫീഖ് നല്കുമാറാകട്ടെ. ഈ നിർദേശങ്ങളനുസരിച്ച് പ്രവർത്തിച്ചുകൊ

ശേഷം പേജ് 17 ൽ

# വിശ്വാസകാര്യത്തിലെ മന:സാക്ഷി സ്വാതന്ത്ര്യം

വിശ്വാസകാര്യങ്ങളിൽ സമ്പൂർണ്ണ സ്വാതന്ത്ര്യമനുവദിക്കുന്ന ഇസ്‌ലാമിന്റെ മോക്ഷസങ്കൽപ്പം വ്യക്തമായി ഈ ലേഖനത്തിൽ ഖലീഫത്തുൽ മസീഹ് വിവരിക്കുന്നു. അടുത്ത് തന്നെ പ്രസിദ്ധീകരിക്കുന്ന 'കേവല നീതി കാരുണ്യം ബന്ധുത്വം: മൂന്ന് ക്രിയാത്മക തത്ത്വങ്ങൾ' എന്ന പുസ്തകത്തിൽ നിന്ന്.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

(ഖലീഫത്തുൽ മസീഹ് നാലാമൻ)

മോക്ഷം താഴെക്കാണിച്ചിരിക്കുന്ന ഖുർആൻ വചനത്തിൽ പുതിയ പരിപ്രേക്ഷ്യത്തിലുള്ള കാര്യങ്ങളാണ് പ്രതിപാദിച്ചിട്ടുള്ളത്. ഈ വചന പ്രകാരം മനുഷ്യന്റെ വിശ്വാസവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും ഈ തത്വങ്ങളാണ് ഭരിക്കുന്നത്. അതിനേക്കാളുപരി അവയെല്ലാം മനുഷ്യന്റെ ഏതെങ്കിലും ഒരു മേഖലയിലോ ഏതെങ്കിലും ഒരു കാലഘട്ടത്തിലോ മാത്രം ഒതുങ്ങുന്നതല്ല. വാസ്തവത്തിൽ അവയെല്ലാം എല്ലാ കാലത്തുമുള്ള വ്യക്തികളുമായും സമൂഹങ്ങളുമായും ബന്ധപ്പെട്ടതാണ്. വചനം ഇപ്രകാരമാണ്.

**തീർച്ചയായും യഹൂദരോ ക്രിസ്ത്യാനികളോ സാബികളോ (ഇവരിൽ ആരായിരുന്നാലും) അല്ലാഹുവിലും അന്ത്യദിനത്തിലും യഥാർത്ഥത്തിൽ വിശ്വസിക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നതായാൽ. നിശ്ചയമായും അവർക്ക് അവരുടെ രക്ഷിതാവിങ്കൽ പ്രതിഫലമുണ്ട്. അവർക്ക് ഭയപ്പെടേണ്ടി വരികയില്ല. അവർ ദുഃഖിക്കുന്നതുമല്ല. (സൂറ: ബക്കറ 2:63)**

മുസ്‌ലിം വ്യാഖ്യാതാക്കൾ ഈ വചനത്തിന്ന് പലവിധ ഭാഷ്യങ്ങളും രചിച്ചിട്ടുണ്ട്. അവയിൽ പലതും അവർക്ക് ഇക്കാര്യത്തിലുള്ള പൂർണ്ണ ഗ്രാഹ്യതയുടെ കുറവ് വെളിവാക്കുന്നതാണ്, അതേ സമയം അമുസ്‌ലിംകളെ പൂർണ്ണമായും വിഷയത്തിൽ നിന്നും ഒഴിവാക്കിയിരിക്കുകയും അവർ മുൻവിധിയോടെയും ശത്രുതാപരവുമായും ഈ വചനത്തെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. എത്രത്തോളമെന്നാൽ ചിലർ അവരുടെ നിഷേധാത്മക വ്യാഖ്യാനത്തിൽ പ്രത്യേകം ലക്ഷ്യം വെച്ച് കൊണ്ട് അഹങ്കാരത്തിന്റെ അങ്ങേയറ്റംവരെ പോയിരിക്കുന്നു. അവർ വിശ്വസിക്കുന്നത് എന്തെന്നാൽ അത് മനുഷ്യ വംശത്തെ ഇസ്‌ലാംമതം സ്വീകരിക്കുന്ന ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു എന്നാണ്. അവരുടെ വ്യഖ്യാന പ്രകാരം മോക്ഷത്തിനുള്ള ഒരേയൊരു മാർഗ്ഗം നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യണമെന്നുമാണ്. നിങ്ങൾ യഹൂദനാണോ ക്രിസ്ത്യാനിയാണോ സാബിയനാണോ എന്ന കാര്യം പ്രശ്നമല്ല. സാബിയൻ എന്നാൽ ലോകത്തിന്റെ ഏതെങ്കിലും ഭാഗത്ത് മുമ്പ് അവതരിച്ച ദൈവിക വെളിപാട് ഗ്രന്ഥങ്ങളിൽ വിശ്വസിക്കുന്നയാൾ എന്നാണ് അർത്ഥം.

മറ്റൊരർത്ഥത്തിൽ ഈ വചന പ്രകാരം മനുഷ്യവംശത്തിന്റെ മോചനത്തിന്ന് ഇസ്‌ലാം മതം അനിവാര്യമല്ല എന്ന് അവർ വാദിച്ചു. ഏത് വിശ്വാസം അവലംബിച്ചാലും അവന്ന് മോക്ഷം ലഭിക്കും. ഈ വചനം വിശാലമായ രീതിയിൽ അഗാധമായ അർത്ഥം ഉൾക്കൊള്ളുന്നതാണ് എന്ന് ഗ്രഹിക്കുന്നതിൽ അവർ പരാജയപ്പെട്ടിരിക്കുന്നു. ഈ വചനത്തിന്റെ പ്രാധാന്യം ഗ്രഹിക്കാൻ, സമാനമായ മറ്റു ഖുർആൻ വചനങ്ങളുടെ വെളിച്ചത്തിൽ പഠനം നടത്തി ഈ വചനത്തിന്ന് തികച്ചും അനുരൂപമായ രീതിയിൽ നിഗമനത്തിലെത്തേണ്ടിയിരിക്കുന്നു. ഈ വചനത്തിന്റെ വഴക്കം കാരണം അത് യാതൊരു ആഭ്യന്തര വൈരുദ്ധ്യങ്ങളുമുണ്ടാക്കാതെ വിവിധ സാഹചര്യങ്ങളുള്ള പല പൊതു സന്ദർഭങ്ങളിലും ഉപയോഗിക്കാവുന്നതാണ്. ഈ വചനത്തിന്റെ യഥാർത്ഥ വ്യാഖ്യാ

നങ്ങളിലൊന്നും തന്നെ പരസ്പര വൈരുദ്ധ്യം കാണില്ല. മാത്രമല്ല ഈ വിഷയവുമായി ബന്ധപ്പെട്ട മറ്റു വചനങ്ങളുമായും വൈരുദ്ധ്യങ്ങ ളുണ്ടാവില്ല. എന്നാൽ ഈ വസ്തുത വ്യക്തമായി മനസ്സിലാക്കാൻ ഈ വചനത്തെപ്പറ്റി വിവിധ വീക്ഷണകോണുകളിൽ നിന്നും വിശദമായ പഠനം ആവശ്യമാണ്.

ഒന്നാമതായി ഇസ്ലാമിന്ന് മുമ്പുള്ള കാലഘട്ടങ്ങളിൽ ഈ വചനം ആരോപിക്കുമ്പോൾ, ഇസ്ലാം അല്ലാത്ത മതങ്ങളോട് തികഞ്ഞ നീതിയോടും മറ്റു മതഗ്രന്ഥങ്ങളോട് യാതൊരു ശത്രുതയുമില്ലാതെയും പെരുമാറുന്ന സമുന്നതമായ ഒരു ഉദാഹരണം നമുക്ക് നൽകുന്നു. വിശുദ്ധ ഖുർആൻ വെളിപ്പെടുന്നതിന്ന് മുമ്പ് പൂർവ്വകാലത്തുള്ള എല്ലാ ജനങ്ങൾക്കും അവർ ഏത് പേരിലുള്ള മതത്തിൽപെട്ടവരായാലും ശരി, അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നിടത്തോളം അല്ലാഹു അവർക്ക് സമാധാനവും മോക്ഷവും വാഗ്ദാനം ചെയ്യുന്നു. അവർ ഒരിക്കലും ഭയപ്പെടുകയോ ദു:ഖിക്കുകയോ ഇല്ല എന്ന് അവൻ വാഗ്ദാനം നൽകുന്നു.

ഇസ്ലാമിന്ന് മുമ്പുള്ള എല്ലാ പൂർവ്വിക മതവിശ്വാസങ്ങളിൽ പെട്ടവർക്കും ഈ വചനം മോക്ഷത്തെ സംബന്ധിച്ചുള്ള സുവിശേഷം നൽകുന്നു. അവർ തങ്ങളുടെ മതാദ്ധ്യാപനമനുസരിച്ച് ആത്മാർത്ഥമായി കർമ്മങ്ങൾ ചെയ്യുന്നവരും വിധിനാളിന്റെ അനിവാര്യതയെ കുറിച്ച് വിശ്വസിക്കുകയും ചെയ്യുന്നവരായിരിക്കും. ഈ വചനത്തിന്റെ രണ്ടാമത്തെ വശം പരിശുദ്ധ പ്രവാചകനോടൊപ്പം സമകാലത്ത് ജീവിക്കുകയും ഇസ്ലാമിന്റെ സന്ദേശം ലഭിക്കുകയും ചെയ്യാത്തവരാണ്. ഈ കൂട്ടരും പൂർവ്വിക സമുദായങ്ങൾ എന്ന വിഭാഗത്തിൽ പെട്ടവർ തന്നെയാണ്. എല്ലാ മനുഷ്യരും അവർ ലോകത്ത് എവിടെ താമസിക്കുന്നവരായാലും ശരി ഇസ്ലാമിന്റെ സന്ദേശം അവരിൽ എത്താതിരിക്കുന്ന കാലത്തോളം, അല്ലെങ്കിൽ അവർക്ക് ബോദ്ധ്യമാവുന്ന വിധം ഇസ്ലാമിക സന്ദേശം അവരിൽ എത്തിയിട്ടില്ലെങ്കിൽ അവരൊരിക്കലും തന്നെ തള്ളപ്പെടുന്ന പ്രശ്നമില്ല. അല്ലാഹു ഒരിക്കലും തന്നെ അവരോട് അനീതി പ്രവർത്തിക്കില്ല. നാം സൂറാ ബക്കറയിൽ കണ്ടത് പോലെ അവർ അവരുടെ മതത്തിന്റെ നിലയനുസരിച്ച് വിചാരണ ചെയ്യപ്പെടും.

**അല്ലാഹു ഒരാൾക്കും അവന്റെ കഴിവിൽ പെട്ടതല്ലാതെ ഉത്തരവാദിത്വം ഏൽപ്പിക്കുന്നില്ല. (സൂറ: ബക്കറ 2:287)**

അതായത് അവൻ അവർക്ക് രക്ഷ നൽകുകയും അവരുടെ മതമാനദണ്ഡമനുസരിച്ച് വിധിക്കുകയും ചെയ്യും.

അത്പോലെ ഈ വചനത്തിന്റെ മൂന്നാമത്തെ വശം പരിശുദ്ധ പ്രവാചകന്റെ അതേകാലത്ത് ജീവിച്ചവരും തങ്ങളുടെ മതങ്ങൾ ആചരിച്ചു കഴിയുന്നവരെ സംബന്ധിച്ചുമുള്ളതാണ്. അവർ അവരുടെ തത്വങ്ങളിൽ സത്യസന്ധമായി സ്ഥിരോത്സാഹത്തോടുകൂടി ഉറച്ചു നിൽക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്താൽ അല്ലാഹു അവരുടെ പ്രതിഫലം നിഷ്ഫലമാക്കുകയില്ല.

ഇങ്ങനെ വിശുദ്ധ ഖുർആനിൽ നിന്നും സൽക്കർമ്മങ്ങൾ രണ്ടു വിധത്തിലാണ് പ്രതിഫലം നൽകപ്പെടുക. ഒന്നാമതായി ഈ ലോകത്തും രണ്ടാമതായി മരണാനന്തരം പരലോകത്തും പ്രതിഫലം നൽകപ്പെടും. ആദ്യത്തെ വിഭാഗത്തെ പറ്റി പറയുമ്പോൾ അവരുടെ സൽക്കർമ്മങ്ങളുടെയും ആത്മാർത്ഥമായ വിശ്വാസങ്ങളുടെയും ഫലമായി ഇസ്ലാമിക സന്ദേശം അവരിൽ എത്തിയാലുടൻ അവർ അത് സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ***'ഫലഹും അർജുഹും'*** എന്ന പ്രതിപാദനത്തിൽ ***അജർ (പ്രതിഫലം)*** എന്നതിന്റെ ഒരർത്ഥം അവരുടെ സൽക്കർമ്മം പ്രതിഫലമായി അവർ ഇസ്ലാമിലേക്ക് നയിക്കപ്പെടും എന്നാണ്. ഈ വ്യാഖ്യാനം ഇസ്ലാം മതത്തിന്റെ സ്ഥാപകൻ പരിശുദ്ധ പ്രവാചകന്റെ പൂർണ്ണ പിന്തുണയുള്ളതാണ്. ഹദ്റത്ത് ഹക്കീം ബിൻ ഹിശാം വിവരിക്കുന്നു:

*'ഞാൻ ഇസ്ലാം മതം സ്വീകരിക്കുന്നതിന്ന് മുമ്പ് ധാരാളം സൽകർമ്മങ്ങൾ ചെയ്യാറുണ്ടായിരുന്നു. ഞാൻ പാവങ്ങളെ സേവിച്ചിരുന്നു. വിശക്കുന്നവനെ ഊട്ടിയിരുന്നു. ഗതിയില്ലാത്തവരെ സഹായിച്ചിരുന്നു. ഇസ്ലാം മതം സ്വീകരിച്ചപ്പോൾ ഞാൻ പരിശുദ്ധ പ്രവാചകനോട് ചോദിച്ചു; 'അല്ലയോ പ്രവാചകരേ, ഞാൻ ഇസ്ലാം മതം സ്വീകരിക്കുന്നതിന്ന് മുമ്പ് ചെയ്ത സൽക്കർമ്മങ്ങൾക്ക് പ്രതിഫലം നൽകപ്പെടുമോ? താങ്കളുടെ ഇസ്ലാം മതം സ്വീകരണമാണ് താങ്കളുടെ പ്രതിഫലം.'*

മന:സാക്ഷി സ്വാതന്ത്ര്യത്തിന്റെ ഒരു വശം പരിശോധിക്കുമ്പോൾ നാം അതേ വിഷയത്തിന്റെ മറ്റൊരു വശം കൂടി പരിശോധിക്കുകയാണ്. അതായത് ഒരാൾ മറ്റൊരു മതത്തിലേക്ക് മതപരിവർത്തനം ചെയ്യുന്നതിനെ ശക്തി ഉപയോഗിച്ചു തടയുന്നത് സംബന്ധിച്ചുള്ളതാണത്.

മതകാര്യങ്ങളിൽ നിരുപാധികവും സമ്പൂർണ്ണവുമായ സ്വാതന്ത്ര്യം അനുപമമായ രീതിയിൽ ഉയർത്തിപ്പിടിക്കുന്ന ഒരേയൊരു മതഗ്രന്ഥം വിശുദ്ധ ഖുർആൻ മാത്രമാണ്. എല്ലാ മതങ്ങളും ബലപ്രയോഗം നടത്തുന്നു എന്ന മതമില്ലാത്തവരുടെ വളരെക്കാലത്തെ ആരോപണം ഖുർആൻ അസന്നിഗ്ദമായി നിഷേധിക്കുന്നു.

**വിശ്വാസകാര്യത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്നും വ്യതിരിക്തമായിരിക്കുന്നു. അതിനാൽ ആർ ദുശ്ശക്തികളെ നിരാകരിക്കു**

**കയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ തീർച്ചയായും അവൻ ഏറ്റവും ഉറപ്പുള്ള കൈപ്പിടിയിലാണ് പിടിച്ചിരിക്കുന്നത്. അത് ഒരിക്കലും മുറിഞ്ഞു പോകുന്നതല്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും നല്ലവണ്ണം അറിയുന്നവനുമാകുന്നു. (അൽബക്കറ: 2:257)**

മതകാര്യങ്ങളിൽ യാതൊരു ബല പ്രയോഗവും പാടില്ല. എല്ലാ ഓരോ വ്യക്തിക്കും ഇക്കാര്യത്തിൽ സമ്പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. ഒരു മതത്തിന്നും ബലം പ്രയോഗിച്ച് മതത്തിൽ ചേർക്കാൻ അനുവാദം നൽകിയിട്ടില്ല. അത് പ്രകാരം ഒരു വ്യക്തി മതത്തിൽ നിന്നും വിട്ട് പോകുന്നത് തടയാനും ആർക്കും അനുവാദം നൽകിയിട്ടില്ല. അതു കൂടാതെ **'ലാ ഇക്റാഹ ഫിദ്ദീൻ'** എന്ന പ്രഖ്യാപനം ഒരിക്കലും മാറാത്ത മനുഷ്യ പ്രകൃതിയുടെ തത്വത്തെ പറ്റി സൂചിപ്പിക്കുന്നു. അതായത് മതകാര്യങ്ങളിൽ ശക്തി പ്രയോഗിച്ചാൽ പോലും അത് ഫലപ്രദമാവില്ല എന്നാണ്. കാരണം ശക്തിപ്രയോഗം ഒരിക്കലും മനസ്സിന്റേയും ഹൃദയത്തിന്റേയും സമീപനം മാറ്റാൻ ഉതകില്ല. ബല പ്രയോഗമുപയോഗിച്ച് ഇതൊന്ന് ചെയ്തു നോക്കൂ. അത് നിഷ്ഫല മായ പീഢനമല്ലാതെ മറ്റൊന്നും സാദ്ധ്യമാക്കില്ല. ഈ വചനത്തിൽ ശക്തി പ്രയോഗിക്കാനുള്ള അവകാശം സകല മതങ്ങൾക്കും നിഷേധിച്ചിരിക്കയാണ്. അതായത് **ദീൻ** എന്ന പദം എല്ലാ മതങ്ങൾക്കും ബാധകമായ ഒരു വാക്കാണ്. ഇസ്ലാമിന്ന് മാത്രം പ്രയോഗിക്കുന്ന പദമല്ല. വ്യക്തമായും മറ്റു മതങ്ങളും ബലപ്രയോഗം നിരാകരിക്കുന്നു. എന്നാൽ ചോദ്യം ഇതാണ്. അവരുടെ മത ഗ്രന്ഥങ്ങൾ ഇത്ര വ്യക്തമായി ഈ അദ്ധ്യാപനങ്ങൾ വിവരിക്കുന്നുണ്ടോ? സമാനമായ അദ്ധ്യപനങ്ങൾ പല ദിവ്യഗ്രന്ഥങ്ങളിലും കാണാവുന്നതാണെന്ന് ഞാൻ തത്വത്തിൽ വിശ്വസിക്കുന്നു. എങ്കിൽ തന്നെ അത് ഇത്ര സമഗ്രമായിരിക്കില്ല. ഖുർആനുമായി താരതമ്യം ചെയ്യുമ്പോൾ അവയെല്ലാം അപൂർണ്ണമാണ്. മാത്രമല്ല അവയെല്ലാം പിന്നീടുള്ളവർ അവരുടെ ചില വ്യക്തിപരമായ ലക്ഷ്യങ്ങൾക്ക് വേണ്ടി കൂട്ടി ചേർത്തതാകാം. എന്നാൽ അത് മറ്റൊരു വിഷയമാണ്.

വിശുദ്ധ ഖുർആനിലേക്ക് വരുമ്പോൾ ഖുർആൻ ഈ അടിസ്ഥാന തത്വം പറഞ്ഞുകൊണ്ട് നിർത്തുന്നില്ല. മറ്റെല്ലാ മതങ്ങളെയും അവർ തങ്ങളുടെ ആശയം, പ്രചരിപ്പിക്കാൻ ശക്തി പ്രയോഗിക്കുന്നു എന്ന ആരോപണത്തിൽ നിന്നും ഒഴിവാക്കുകയാണ് ചെയ്തത്. വിശുദ്ധ ഖുർആൻ പൂർവ്വിക പ്രവാചകന്മാരെയും അവരുടെ അദ്ധ്യാപനങ്ങളെയും പ്രതിപാദിക്കുകയും അവർ മന:സാക്ഷി സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുന്നവരാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. അവർക്കെതിരായിക്കൊണ്ടാണ് എപ്പോഴും സത്യത്തിന്റെ എതിരാളികൾ ശക്തി ഉപയോഗിച്ച് അടിച്ചമർത്തുക. അതേ വചനം തന്നെ അവരുടെ പ്രവർത്തനത്തിന്റെ നിഷ്ഫലതയെപറ്റി പറയുന്നു. അതിന്റെ സന്ദേശം വളരെ വ്യക്തവും ശക്തവുമാണ്. അതായത് വിശ്വാസത്തിന്റെ രംഗം ബലപ്രയോഗത്തിന്റെ മേഖലക്കപ്പുറത്താണ്.

വിശുദ്ധ ഖുർആനിൽ മതചരിത്രം വിവരിച്ചുകൊണ്ട് രേഖപ്പെടുത്തുന്നത്, എപ്പോഴെല്ലാം മനുഷ്യന്റെ മാർഗ്ഗദർശനത്തിന്നായി അല്ലാഹു പ്രവാചകത്വം എന്ന സ്ഥാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ അപ്പോഴെല്ലാം രണ്ട് വിരുദ്ധ ശക്തികൾ പരസ്പരമുള്ള തങ്ങളുടെ പോർ തുടർന്ന് വന്നിട്ടുണ്ട് എന്നാണ്. ഒരു വശത്ത് ദൈവത്തിൽ നിന്നും ദിവ്യവെളിപാട് മുഖേന മാർഗ്ഗദർശനം ലഭിക്കുന്ന ദൈവത്തിന്റെ ദൂതന്മാരും പ്രവാചകന്മാരും; അവർ തങ്ങളുടെ ജനതയെ അവർക്ക് ലഭിച്ച സത്യത്തിലേക്ക് ക്ഷണിക്കുന്നു. അതേസമയം തങ്ങൾ ക്ഷണിക്കുന്നവർക്ക് തങ്ങളുടെ സന്ദേശം നിരാകരിക്കാനോ സ്വീകരിക്കാനോ സ്വാതന്ത്ര്യമുണ്ടെന്നും പറയുന്നു. ആരുടെ മേലും തങ്ങളുടെ അദ്ധ്യാപനങ്ങൾ അടിച്ചേൽപ്പിക്കാൻ തങ്ങൾക്ക് അധികാരമില്ലെന്ന് അവർ പ്രഖ്യാപിക്കുന്നു. മാത്രമല്ല അവർ ഒരിക്കലും തന്നെ ബലപ്രയോഗത്തിൽ വിശ്വസിക്കുകയും ചെയ്യുന്നില്ല. മറ്റൊരു വശത്ത് അവരുടെ എതിരാളികളാകട്ടെ അവരുടെ വിശ്വാസം പ്രഖ്യാപിക്കുക മാത്രമല്ല പ്രവർത്തിയിൽ മറ്റുള്ളവരുടെ വിശ്വാസ പ്രചാരണത്തെ ശക്തികൊണ്ട് തടയുകയും ചെയ്യുന്നു. അവർ പ്രഖ്യാപിക്കുന്നു: നിങ്ങൾ ഞങ്ങളുടെ മതത്തെ വാദമുഖങ്ങളിലൂടെ മാറ്റാൻ ശ്രമിക്കുന്നതിൽ നിന്നും പിന്തിരിയുന്നില്ലെങ്കിൽ നിങ്ങൾ കഠിനമായി ശിക്ഷിക്കപ്പെടും. ആരാണോ ഞങ്ങളുടെ ആളുകളിൽ നിന്നും ഞങ്ങളുടെ മതം ഉപേക്ഷിച്ച് പുതിയ മതം സ്വീകരിക്കുന്നത് അവരോട് എല്ലാവർക്കും പാഠമാകുമാറ് ക്രൂരമായി പെരുമാറുന്നതായിരിക്കും.

അതായത് വിശുദ്ധ ഖുർആന്റെ അദ്ധ്യാപന പ്രകാരം എല്ലാ സത്യ പ്രവാചകന്മാരും മന:സാക്ഷി സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നവരാണ്. അതേസമയം എല്ലാ വ്യാജ എതിരാളികളും സത്യത്തിന്റെ പ്രചാരം തടയാൻ ശക്തിയും ബലപ്രയോഗവും നടത്താൻ ധൃഷ്ടരാകുന്നു. വിശുദ്ധ ഖുർആനിൽ ഇത്തരത്തിൽ പല പ്രതിപാദനവുമുണ്ട്. ഹദ്റത്ത് ശുഐയ്ബ് (അ) നബിയെ കുറിച്ച് ഖുർആൻ പറയുന്നു:

**അദ്ദേഹത്തിന്റെ ജനതയിൽ നിന്ന് അഹങ്കരിച്ചിരുന്ന പ്രധാനികൾ പറഞ്ഞു: 'ഓ ശുഐബ് നിന്നെയും നിന്റെ കൂടെ വിശ്വസിച്ചവരെയും ഞങ്ങൾ ഞങ്ങളുടെ നാട്ടിൽ നിന്ന് ബഹിഷ്ക്കരിക്കുക തന്നെ ചെയ്യും. അല്ലെങ്കിൽ നിങ്ങൾ ഞങ്ങളുടെ മതത്തിലേക്ക് വരിക തന്നെ വേണം' അദ്ദേഹം പറഞ്ഞു: 'എന്ത്, ഞങ്ങൾ അതിനെ വെറുക്കുന്നവരാണെങ്കിൽ പോലും (ഞങ്ങ**

ളെ പുറത്താക്കുമോ)' (അഅ്റാഫ്. 7:89)

മറ്റു വാക്കുകളിൽ പറഞ്ഞാൽ ശുഐബ് (അ) യോട് പറയപ്പെട്ടത്: 'നിങ്ങൾ ഞങ്ങളുടെ മതം വിട്ടു പോകുകയാണെങ്കിൽ നിങ്ങളെ ഞങ്ങളുടെ രാജ്യത്ത് കഴിയാൻ അനുവദിക്കില്ല.' ഇത് കേട്ടപ്പോൾ അദ്ദേഹം ലളിതമായി പറഞ്ഞു. 'ഞങ്ങൾ അതിന്ന് തയ്യാറായില്ലെങ്കിൽ പോലും?' ഹദ്റത്ത് ശുഐയ്ബ് നബി (അ)യുടെ ഈ കഴമ്പുള്ള പ്രസ്താവന എതിരാളികളുടെ വെല്ലുവിളിക്കുള്ള വിവേകപൂർണ്ണവും മൂർച്ചയേറിയതുമായ മറുപടിയായിരുന്നു.

ഒരാൾക്ക് ഒരു പ്രത്യേക മതത്തോട് വിരക്തി തോന്നുകയാണെങ്കിൽ അയാളെ പുറത്താക്കുമെന്ന് ഭീഷണിപ്പെടുത്തി അതേ മതത്തിലേക്ക് തന്നെ തിരിച്ചുകൊണ്ടു വരാൻ സാദ്ധ്യമല്ല. ഭീഷണി ആളുകളെ കപട വിശ്വാസികളാക്കിതീർക്കും. ആ ഭീഷണികൾക്ക് അവരുടെ ഉള്ളിലെ വിശ്വാസത്തിന്ന് ഒരു മാറ്റം കൊണ്ട് വരിക സാദ്ധ്യമല്ല. ആളുകളെ ഒരിക്കലും നിർബന്ധിച്ച് മതത്തിൽ ചേർക്കാൻ സാദ്ധ്യമല്ല. അവരെ വശീകരിക്കാനുള്ള (പഴയ മതത്തിലേക്ക്) ഒരേയൊരു വഴി യുക്തിയും ന്യായവും ഉപയോഗിച്ച് അവരുടെ നിഷേധത്തിന്ന് കാരണമായ കാര്യങ്ങൾ നീക്കം ചെയ്യുക എന്നതാണ്. ഭൗതിക ശക്തികൊണ്ട് ആളുകളുടെ വിശ്വാസം മാറ്റിയെടുക്കാൻ സാദ്ധ്യമല്ല.

ഇത് പോലെയുള്ള പെരുമാറ്റം തങ്ങളുടെ ശത്രുക്കളുടെ കരങ്ങളാൽ അനുഭവിച്ച മറ്റു പ്രവാചകന്മാരെക്കുറിച്ചും വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്നു. ഒരോ വിവരണങ്ങളിലും അടിസ്ഥാന കഥ ഒന്നു തന്നെയാണ്. ഇത് സംബന്ധിച്ച് ഹദ്റത്ത് നൂഹ് (അ), ഹദ്റത്ത് ഇബ്റാഹിം (അ), ഹദ്റത്ത് ലൂത്ത് (അ), ഹദ്റത്ത് ഹൂദ് (അ), ഹദ്റത്ത് സാലിഹ് (അ) എന്നീ പ്രവാചകന്മാരെ പറ്റിയും വിശുദ്ധ ഖുർആൻ പരാമർശിക്കുന്നു. ഈ പട്ടിക ചെറുതാണ്. വാസ്തവത്തിൽ ഈ വിഷയത്തിൽ വിശുദ്ധ ഖുർആൻ എല്ലാ പ്രവാചകന്മാരെയും പൊതുവേ അവരുടെ നാമം പരാമർശിക്കാതെ പ്രതിപാദിക്കുന്നുണ്ട്. ചരിത്രത്തിൽ വിവിധ കാലഘട്ടങ്ങളിൽ ജീവിച്ച ആ പ്രവാചകന്മാരാരുംതന്നെ വിശ്വാസത്തിന്റെ കാര്യത്തിൽ നിർബന്ധം ചെലുത്താൻ പറഞ്ഞിട്ടില്ല എന്ന് വ്യക്തമായി പറയുന്നു. അറ്റമില്ലാത്ത പീഡനങ്ങളുണ്ടായിട്ടും മന:സാക്ഷി സ്വാതന്ത്ര്യം എന്ന അടിസ്ഥാന തത്വത്തിൽ പിടിച്ചു നിൽക്കുകയുണ്ടായി. ഒരു സ്വേഛാധിപതി എപ്പോഴെങ്കിലും മറ്റുള്ളവരുടെ വിശ്വാസം ബലം പ്രയോഗിച്ച് മാറ്റാൻ ശ്രമിച്ചെങ്കിൽ എന്ത് വലിയ ത്യാഗങ്ങൾ സഹിച്ചും അവരുടെ മൗലികാവകാശങ്ങൾ പ്രതിരോധിക്കാനും സംരക്ഷിക്കാനും അവർ തയ്യാറാകും.

മതപരിത്യാഗത്തിന്റെ ശിക്ഷയിലേക്ക് പോകുമ്പോൾ താഴെ പറയുന്ന ദൂരവ്യാപകമായ അർത്ഥധ്വനികളുള്ള ഖുർആനിക വാക്യങ്ങൾ ശ്രദ്ധിക്കുക.

**അവിശ്വസിച്ചവർ തങ്ങളുടെ ദൈവ ദൂതന്മാരോട് പറഞ്ഞു: ഞങ്ങൾ തീർച്ചയായും നിങ്ങളെ ഞങ്ങളുടെ നാട്ടിൽനിന്നും പുറത്താക്കും. അല്ലെങ്കിൽ നിങ്ങൾ ഞങ്ങളുടെ മതത്തിൽ തിരിച്ചു വരികതന്നെ വരണം. നിശ്ചയമായും നാം അക്രമികളെ നശിപ്പിക്കുകതന്നെ ചെയ്യുമെന്ന് അവരുടെ നാഥൻ അവർക്ക് ദിവ്യസന്ദേശം നൽകി. (സൂറ: ഇബ്റാഹിം. 14: 14)**

ജന്മഗേഹത്തിൽ നിന്നുള്ള ബഹിഷ്ക്കരണം കൂടാതെ പുതിയ മതാനുയായികൾ അവരുടെ മതപരിത്യാഗം എന്ന കുറ്റത്തിന്ന് മറ്റു കഠിനമായ ശിക്ഷകൾക്ക് കൂടി വിധേയമാവുന്നു. ഈ ഒരു കുറ്റത്തിന്ന് ഹദ്റത്ത് ഇബ്രാഹിമിന്ന് (അ) പ്രതിയോഗികൾ നിർദ്ദേശിച്ചത് വധശിക്ഷയാണെന്ന് മാത്രമല്ല അത് അങ്ങേയറ്റം ക്രൂരമായ രീതിയിൽ നടപ്പാക്കണമെന്നും അവർ നിഷ്ക്കർശിച്ചു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

**നിങ്ങൾ വല്ലതും ചെയ്യാനുദ്ദേശിക്കുന്നുവെങ്കിൽ ഇവരെ ചുട്ടെരിച്ച് നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുക. (സൂറ: അൽ അംബിയ 21:69)**

ഫിർഔൻ അദ്ദേഹത്തിന്റെ മതത്തിൽ നിന്നും പിന്തിരിഞ്ഞവരെ പീഢിപ്പിക്കാൻ പലവിധ പീഢനോപാധികളും ഉപായങ്ങളും കണ്ടെത്തി. മൂസ്സ(അ) യുടെ മതത്തിൽ ചേർന്നവരെ താഴെ പറഞ്ഞ പ്രകാരം ശിക്ഷകൊണ്ട് ഭീഷണിപ്പെടുത്തി.

**അവൻ (ഫിർഔൻ) പറഞ്ഞു: ഞാൻ നിങ്ങൾക്ക് അനുമതി നൽകുന്നതിന്ന് മുമ്പായി നിങ്ങൾ അവനെ മൂസാ(അ) വിശ്വസിച്ചുവോ? (ഇപ്പോൾ കാര്യം മനസ്സിലായി) തീർച്ചയായും നിങ്ങൾക്ക് മാന്ത്രിക വിദ്യ അഭ്യസിപ്പിച്ച നിങ്ങളുടെ നേതാവാണിവൻ. അത്കൊണ്ട് തീർച്ചയായും ഞാൻ നിങ്ങളുടെ കൈകളും കാലുകളും വിപരീത ഭാഗത്ത് നിന്ന് മുറിക്കുകയും ഇത്തപ്പന തടികളിൽ നിങ്ങളെ ബന്ധിച്ചു ക്രൂശിക്കുകയും ചെയ്യുന്നതാണ്. നമ്മിൽ ആരാണ് ഏവും കടുത്തതും നീണ്ടു നിൽക്കുന്നതുമായ ശിക്ഷ നൽകുന്നവനെന്ന് തീർച്ചയായും നിങ്ങൾ അറിയും. (സൂറാ: താഹാ. 20: 72)**

കേവല നീതിയെ സംബന്ധിച്ച വിശുദ്ധ ഖുർആന്റെ ആശയം എല്ലാ സാഹചര്യങ്ങളിലും ഒരുപോലെ പ്രായോഗികമാണ്. മതകാര്യങ്ങളിൽ ബലപ്രയോഗം ആകാമെന്ന വ്യാജ സങ്കൽപ്പം തകർത്തതോടെ എല്ലാ പ്രവാചകന്മാരെ സംബന്ധിച്ചും തങ്ങളുടെ മതത്തിലേക്ക് നിർബന്ധപൂർവ്വം ആളെ ചേർക്കുന്നു എന്ന ആരോപണത്തിൽ നിന്നും അവർ കുറ്റവിമുക്തരായിരിക്കുന്നു. അങ്ങനെ സമാധാനപൂർവ്വം മതപ്രചാരണം

നടത്തുന്നവരോട് നീതിപൂർവ്വം വർത്തിക്കണമെന്ന് കൂടി ഖുർആൻ പറയുന്നു.

പരമ ശക്തനായ ദൈവത്തെ സംബന്ധിച്ച് ഖുർആൻ മുന്നോട്ടു വെക്കുന്ന ഏറ്റവും ശക്തമായ വാദം അവൻ (ദൈവം) സത്യം സ്വീകരിക്കാൻ ആളുകളെ നിർബന്ധിക്കാൻ തീരുമാനിച്ചെങ്കിൽ ശരിയും തെറ്റും തിരഞ്ഞെടുക്കാനുള്ള അവസരം നൽകാതെ ദൈവത്തിന്ന് യാതൊരു ബലവും പ്രയോഗിക്കാതെ എളുപ്പത്തിൽ അത് നിർവ്വഹിക്കാമായിരുന്നു എന്നാണ്. ശരിയുടെയും തെറ്റിന്റെയും അസ്തിത്വമുണ്ടാകുകയും അതിൽ നിന്ന് രണ്ടിലൊന്ന് തിരഞ്ഞെടുക്കാൻ മനുഷ്യന്ന് അവസരം നൽകുകയും ചെയ്തതിനാൽ ബലപ്രയോഗം എന്നത് ദൈവത്തിന്റെ പദ്ധതിയിലില്ലാത്ത കാര്യമാണ് എന്ന കാര്യം അവിതർക്കിതമാണ്. ദൈവം വിശുദ്ധ ഖുർആനിൽ പറയുന്നു:

**നിന്റെ നാഥന്റെ ഇഛ (നിർബന്ധ പൂർവ്വം നടപ്പാക്കാൻ) ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതലത്തിലുള്ള എല്ലാവരും ഒന്നടങ്കം വിശ്വസിച്ചേനെ. എന്നിരിക്കെ ആളുകൾ വിശ്വാസികളായിരിക്കുന്നതിന്നായി നീ അവരെ നിർബന്ധിക്കുകയാണോ? (സൂറ:യൂനുസ് 10:100)**

ചില മുസ്‌ലിം മതപണ്ഡിതന്മാർ ഇക്കാര്യത്തിൽ പുലർത്തുന്ന അഭിപ്രായം, പരിശുദ്ധ പ്രവാചകനുമുമ്പ് ഒരു പ്രവാചകനും വിശ്വാസത്തിന്റെ കാര്യത്തിൽ നിർബന്ധിക്കാൻ അനുവാദം നൽകപ്പെട്ടിട്ടില്ല, എന്നാൽ പരിശുദ്ധ പ്രവാചകന്ന് തന്റെ ഔന്നത്യവും മികവും മറ്റു പ്രവാചകന്മാർക്ക് മുകളിൽ തെളിയിക്കാൻ നിർബന്ധിക്കാനുള്ള അവകാശം നൽകിയിട്ടുണ്ട് എന്നാണ്. വ്യക്തമായും ഈ വാദം അത്യന്തം പ്രതിലോമകരമാണ്. പരിശുദ്ധ പ്രവാചകൻ തനിക്ക് മുമ്പ് പദവിയിൽ താഴെയുള്ള എല്ലാ പ്രവാചകന്മാരെക്കാളും മനസ്സാക്ഷി സ്വാതന്ത്ര്യം ഉയർത്തിപ്പിടിച്ചെങ്കിൽ വിവേകം ആവശ്യപ്പെടുന്നത് പരിശുദ്ധ പ്രവാചകനും ഈ മഹത്തായ മാർഗ്ഗദർശനം പൂർവ്വിക പ്രവാചകന്മാരേക്കാൾ അത്യുന്നതിയിൽ ഉയർത്തിപ്പിടിക്കണമെന്നാണ്. മനസ്സാക്ഷി സ്വാതന്ത്ര്യത്തിന്റെ വിഷയത്തിൽ എല്ലാ പ്രവാചകന്മാരെക്കാളും നന്നായി പ്രവർത്തിച്ച കളങ്കരഹിതനായ പരിശുദ്ധ പ്രവാചകനെ സംബന്ധിച്ചിടത്തോളം അത്യന്തം ഹീനവും വിവേകശൂന്യവുമായ ഒരു ആരോപണമാണിത്. യഥാർത്ഥത്തിൽ വിശുദ്ധ പ്രവാചകന്റെ ശക്തി പ്രയോഗിക്കാനുള്ള കഴിവാണ് ഇവിടെ നിഷേധിക്കുന്നത്. വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു:

**അതിനാൽ നീ ഉപദേശിക്കുക. നീ ഉപദേശിക്കുന്നവൻ മാത്രമാണ്. നീ അവരുടെ മേൽ അധികാരം നടത്തുന്നവനല്ല. എന്നാൽ വല്ലവനും പിന്തിരിഞ്ഞുപോവുകയും നിരാകരിക്കുകയും ചെയ്യുന്നതായാൽ അവനെ അല്ലാഹു കഠിനമായി ശിക്ഷിക്കുന്നതാണ്. അവരുടെ മടക്കം നമ്മുടെ അടുക്കലേക്ക് തന്നെയാകുന്നു. എന്നിട്ട് അവരുടെ കണക്ക്‌വിചാരണയും നമ്മുടെ ബാദ്ധ്യതതന്നെ. (അൽ ഫജർ, 88:22-27)**

ഈ അലംഘനീയമായ തത്വം പാലിക്കുമ്പോൾ സത്യവിശ്വാസത്തിലേക്ക് ആരെയും കൊണ്ടുവരാൻ ഒരു പ്രവാചകനും നിർബന്ധം ചെലുത്തേണ്ട ആവശ്യമില്ല. ആരെങ്കിലും ദൈവത്തിന്റെയോ സത്യവിശ്വാസത്തിന്റെയോ പേരിൽ ഈ തത്വം ലംഘിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ദൈവത്തിന്റെ വിനീതരായ ഒരു ദാസൻ പോലും കൈകൊള്ളാത്ത ഈ ലംഘനങ്ങൾ വ്യാജദൈവ നിർമിതിയാണെന്ന് പറഞ്ഞ് തള്ളപ്പെടേണ്ടതാണ്.

ഒരു സത്യമതത്തിന്നും മനുഷ്യ മനസ്സാക്ഷിക്കെതിരായ കുറ്റകൃത്യം നിർവ്വഹിക്കുന്നത് തങ്ങളുടെ വരവിൽ വെക്കാൻ സാധ്യമല്ല. അതിന്ന് ഉത്തരവാദികൾ മതപൗരോഹിത്യമാണ്. അവർ ദിവ്യമായ അദ്ധ്യാപനങ്ങളെ ദൈവത്തിന്റെ പേരിൽ തങ്ങളുടെ കാര്യലാഭത്തിന്ന് വേണ്ടി വളച്ചൊടിക്കുന്നത് കൊണ്ടാണ് മതത്തിന്റെ പേരിൽ കുറ്റകൃത്യങ്ങളുണ്ടാവുന്നത്. അവർ സ്വയം തന്നെ ദൈവം സൃഷ്ടിച്ച ജീവനെ പോലും ഉന്മൂലനം ചെയ്യാനുള്ള ലൈസൻസ് സമ്പാദിച്ചിരിക്കയാണ്. വിശുദ്ധ ഖുർആൻ എല്ലാ മതങ്ങളെയും ഇക്കാര്യത്തിൽ സംരക്ഷിച്ചിരിക്കയാണ്. പൗരോഹിത്യത്തിന്റെ പിൽക്കാലത്തുണ്ടായ ഇത്തരം എല്ലാ ദുഷിപ്പുകളിൽ നിന്നും വ്യാജ ആരോപണങ്ങളിൽ നിന്നും മതങ്ങളെ വിശുദ്ധ ഖുർആൻ മോചിപ്പിച്ചിരിക്കുകയും ചെയ്തിരിക്കുന്നു.



# നിർമ്മിത ബുദ്ധി: ഉത്തമ സേവകനോ? അപകടകാരിയായ യജമാനനോ?

ലോകസാങ്കേതിക ഭരണം ക്രമേണ നിർമ്മിതബുദ്ധിയിലേക്ക് മാറുയാണ്. വിസ്മയകരമായ അതിന്റെ വളർച്ചയിൽ നന്മയും തിന്മയും അടങ്ങിയിരിക്കുന്നു. ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) നിർമ്മിതബുദ്ധിയെകുറിച്ച് നൽകിയ ചില മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിലുള്ളതാണ് ഈ ലേഖനം. യു കെയിലെ മെഡിസിൻ പ്രൊഫസറും നിരവധി അന്തർ ദേശീയ മാധ്യമങ്ങളിൽ അനേകം ലേഖനങ്ങൾ എഴുതിയിട്ടുമുള്ള ലേഖിക റിവ്യൂ ഓഫ് റിലീജ്യൻസിലെ എഡിറ്റോറിൽ ബോർഡ് അംഗമാണ്.

**പ്രൊഫ: അമത്തുൽ റസ്സാഖ്. യു കെ**

നിർമ്മിതബുദ്ധി (Artificial Intelligence =AI) രംഗത്ത് ഈയ്യിടെ ഉണ്ടായ അഭൂതപൂർവ്വമായ മുന്നേറ്റം അത്യധികം ഉത്കണ്ഠയും ഉദ്വേഗവുമാണ് ഓൺലൈൻ ലോകത്ത് സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യന്റെ പ്രവർത്തനങ്ങളെ സഹായിക്കാനും ബലപ്പെടുത്താനും അടിസ്ഥാനപരമായ പുരോഗതിയിലേക്ക് നയിക്കാനും വിവിധ പ്ലാറ്റ്ഫോമുകളിൽ നിർമ്മിതബുദ്ധിക്കുള്ള അപാരമായ ശക്തിക്ക് നാം സാക്ഷ്യം വഹിക്കുന്നു. നിർമ്മിതബുദ്ധിയുടെ അനിഷേധ്യമായ ശേഷി നിലവിലിരിക്കെ അതിന്റെ സംവിധാനത്തിന്റെ സുതാര്യതയും ഉത്തരവാദിത്ത്വബോധവും ഇപ്പോഴും അവ്യക്തമാണ്. നിർമ്മിത ബുദ്ധിയെ ഭരിക്കേണ്ട ധാർമിക മൂല്യങ്ങൾക്ക് ഇപ്പോഴും അന്തർദേശീയ തലത്തിൽ ഒരു പൊതുസമ്മതി ഉണ്ടായിട്ടില്ല. അതിനാൽ നിർമ്മിതബുദ്ധിയെ നമുക്ക് നല്ല സേവകനോ അതല്ല അപകടകാരിയായ യജമാനനോ എന്തായിട്ടാണ് കണക്കാക്കാനാകുക.?

### നിർമ്മിതബുദ്ധി ഉത്തമനായ സേവകൻ

നിർമ്മിതബുദ്ധിയെ ഉചിതമായി ഉപയോഗിച്ചാൽ മനുഷ്യവംശത്തിന് ലഭിക്കുന്ന നേട്ടങ്ങൾ അസാമാന്യമായിരിക്കും. ഉദാഹരണത്തിന് ആവർത്തിച്ചുകൊണ്ടുള്ളതും മടുപ്പിക്കുന്നതുമായ ജോലികൾ ചെയ്യാൻ സ്വാഭാവികമായും മനുഷ്യന് പ്രയാസകരമാണ്. ബോറടിപ്പിക്കുന്ന ഇത്തരം പ്രവർത്തികൾ മനുഷ്യൻ ചെയ്യുമ്പോൾ തെറ്റുകൾ വരുത്തും. എന്നാൽ നിർമ്മിത ബുദ്ധിക്ക് യന്ത്രവത്ക്കരണത്തിലൂടെ ആവർത്തിത ജോലികൾ അപാരമായ കാര്യക്ഷമതയോടെയും കണിഷതയോടെയും നിർവ്വഹിക്കാൻ കഴിയുന്നതാണ്. നിർമ്മിതബുദ്ധിക്കുമേൽ മനുഷ്യന്റെ ഫലപ്രദമായ നിയന്ത്രണം ഉണ്ടെങ്കിൽ അവയുടെ പ്രക്രിയാപരമായ കഴിവുകളെ ശക്തിപ്പെടുത്തി അവയെ സുരക്ഷിതമാക്കാൻ സാധിക്കും. ഏതെങ്കിലും യന്ത്രങ്ങളുടെ തകരാറുകൾ അല്ലെങ്കിൽ അതിന്റെ ഘടനാപരമായ പ്രവർത്തന ക്ഷമതയില്ലായ്മ ഇവയെല്ലാം നിർമ്മിതബുദ്ധി ഉപയോഗിച്ച് കണ്ടെത്താനാകും.

നിർമ്മിത ബുദ്ധിക്ക് കുറഞ്ഞ സമയത്തിനുള്ളിൽ വളരെയധികം ഡാറ്റകളും ഉയർന്ന സംഖ്യകളും കൈകാര്യം ചെയ്യാനാകും. ഇത് അവയെ ചില മാതൃകകളെ തിരിച്ചറിയാനും അതിനെ പറ്റിയുള്ള പ്രവചനങ്ങൾ നടത്താനും കഴിവുറ്റതാക്കുന്നു. മനുഷ്യന് തീരുമാനങ്ങളെടുക്കാൻ സഹായിക്കുന്ന ഉന്നതമായ ശേഷിയുള്ള ഒരു ഉപാധിയാണ് നിർമ്മിതബുദ്ധി. സുരക്ഷാക്രമീകരണങ്ങളും ചില നിയന്ത്രണങ്ങളും യഥാവിധി സ്ഥാപിച്ചാൽ നിർമ്മിതബുദ്ധി നൽകുന്ന വിവരങ്ങൾ വിശ്വാസയോഗ്യമാക്കാനും

കൂടുതൽ കൃത്യമായ തീരുമാനങ്ങൾ എടുക്കാനുള്ള മനുഷ്യന്റെ ശേഷി വർദ്ധിപ്പിക്കാനും സാധിക്കും. നിർമ്മിത ബുദ്ധിയുടെ കാര്യക്ഷമത വർദ്ധിപ്പിച്ചാൽ ചരക്കുകളുടെ വില കുറയും എന്നൊരു വാദമുണ്ട്. മനുഷ്യനെ കൂടുതൽ കണ്ടുപിടുത്തങ്ങൾക്കും നവീകരണങ്ങൾക്കും ശ്രദ്ധ കേന്ദ്രീകരിക്കാൻ അത് സഹായിക്കും.

അത്കൊണ്ട് നിർമ്മിതബുദ്ധിയെ ഒരു സേവകനായി ഉപയോഗിച്ചാൽ അത് മനുഷ്യന് അത്യധികം കാര്യക്ഷമതയും ഉൽപ്പാദന ക്ഷമതയും സുരക്ഷയും വർദ്ധിപ്പിക്കാൻ സഹായകമാണ്. നിർമ്മിതബുദ്ധി വ്യക്തികളുടെ ജീവിതനിലവാരം വർദ്ധിപ്പിക്കുകയും സമൂഹത്തെ വികസനത്തിലേക്ക് നയിക്കുകയും ചെയ്യും. മനുഷ്യന് നിർമ്മിതബുദ്ധി പ്രദാനം ചെയ്യുന്ന ശേഷികൾ മനുഷ്യസ്തിത്വത്തെ തന്നെ രൂപാന്തരപ്പെടുത്താൻ കെൽപ്പുള്ളതാണ്.

## നിർമ്മിതബുദ്ധി അപകടകാരിയായ യജമാനൻ എന്ന നിലക്ക്

ഒരു യജമാനൻ എന്ന നിലക്ക് നിർമ്മിതബുദ്ധിയെ പ്രവർത്തിക്കാൻ അനുവദിക്കുകയാണെങ്കിൽ നമ്മുടെ ജീവിതതിലെ സ്വകാര്യത നിർമ്മിതബുദ്ധിയുമായി പങ്കുവെക്കേണ്ടിവരും. നിർമ്മിതബുദ്ധി ഉപയോഗിച്ചു രൂപപ്പെടുത്തുന്ന അൽഗോരിതം (കമ്പ്യൂട്ടർ പ്രോഗ്രാമുകൾ) നമ്മുടെ ജീവിതക്രമത്തിൽ വ്യവസ്ഥാപിതമായി തന്നെ പക്ഷപാതിത്വങ്ങൾ രൂപപ്പെടുത്തുന്നു. അത് സമൂഹത്തിൽ വിവേചനത്തിനും അതൃപ്തിക്കും കാരണമാകും. നിർമ്മിതബുദ്ധി ഡാറ്റകൾ കൈകാര്യം ചെയ്യുന്നതിൽ മാത്രമാണ് മികവു പുലർത്തുന്നത്. നിർമ്മിത ബുദ്ധിക്ക് നാം നൽകുന്ന ഡാറ്റകൾ പിഴവുള്ളതും കൃത്യത ഇല്ലാത്തതും വിഭാഗീയവുമാണെങ്കിൽ നിർമ്മിതബുദ്ധി ആ വൈകല്യങ്ങളെല്ലാം ശാശ്വതീകരിക്കുന്ന രീതിയിൽ കൈമാറ്റം ചെയ്യപ്പെടും. ചില സന്ദർഭങ്ങളിൽ നാം നോക്കിക്കാണാൻ ആഗ്രഹിക്കുന്ന വിധത്തിൽ നിർമ്മിതബുദ്ധി നൽകുന്ന ഫലങ്ങൾ ലോകത്തെ സ്വാധീനിക്കുകയും രൂപപ്പെടുത്തുകയും ചെയ്യും. ഇത് ധ്രുവീകരണത്തിലേക്കും താളപ്പൊരുത്തമില്ലായ്മയിലേക്കും നയിക്കും.

ഈ അടുത്ത കാലത്ത് അൽ ഇസ്‌ലാം വെബ് സൈറ്റിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള നേതാവ്) നിർമ്മിതബുദ്ധി ഉപയോഗിക്കുന്നതിനെ പറ്റി ജാഗ്രതപാലിക്കണമെന്ന് ഊന്നി പറയുകയുണ്ടായി. നിർമ്മിതബുദ്ധി കൊണ്ട് പ്രവർത്തിക്കുന്ന എല്ലാ ടൂളുകളും കണിഷമായ പരിശോധനക്ക് വിധേയമാക്കണമെന്ന് ഹുസൂർ തിരുമനസ്സ് നിർദ്ദേശിക്കുകയുണ്ടായി. നിർമ്മിതബുദ്ധി ഉപയോഗിച്ച് പുറത്ത് വരുന്ന എല്ലാ ഫലങ്ങളും അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിലെ വിദഗ്ദർ നിശിതവും കർശനവുമായ പരിശോധനക്ക് വിധേയമാക്കിയിരിക്കണമെന്ന് അവിടുന്ന് നിർദ്ദേശിച്ചു. നിർമ്മിത ബുദ്ധി സ്വയം തന്നെ യാതൊന്നും എഴുതാൻ പോവുന്നില്ല. നിങ്ങൾ എന്താണോ അതിൽ നിവേശിപ്പിച്ചിരിക്കുന്നത് അത് മാത്രമേ അതിൽ നിന്നും പുറത്ത് വരൂ. നിങ്ങൾ തെറ്റായ ഡാറ്റകളാണ് നൽകുന്നതെങ്കിൽ അതിലൂടെ തെറ്റായ ഫലങ്ങളായിരിക്കും പുറത്ത് വരിക. അഹ്മദിയ്യാ ജമാഅത്തിന് വേണ്ടി നിർമ്മിതബുദ്ധി ഉപയോഗിച്ചുള്ള പരിശീലനത്തെപറ്റിയുള്ള ചോദ്യത്തിന് ഹുസൂർ തിരുമനസ്സ് മറുപടി പറയുകയായിരുന്നു. ഈ രംഗത്തെ അഹ്മദീ വിദഗ്ദർ നിർമ്മിതബുദ്ധി നൽകുന്ന ലേഖനങ്ങളിൽ പ്രത്യക്ഷമോ സൂക്ഷ്മമോ ആയ എന്തെങ്കിലും തെറ്റുകളുണ്ടോ എന്ന് നോക്കി എഡിറ്റ് ചെയ്യുകയും വിശകലനം നടത്തുകയും വേണമെന്ന് ഖലീഫ തിരുമനസ്സ് ഉപദേശിക്കുകയുണ്ടായി. അങ്ങനെയാണെങ്കിൽ അവയുടെ അടിസ്ഥാന വിവരങ്ങളും ടെംപ്ലേറ്റുകളും ഉപയോഗിക്കാവുന്നതാണ്. അതിന് ശേഷം ഉന്നതതലത്തിലുള്ള കാര്യനിർവ്വഹണവും മനുഷ്യ ബുദ്ധിയും ഉപയോഗിച്ച് അതിന്റെ കൃത്യതയും ഔചിത്യവും പരിശോധിക്കേണ്ടതുണ്ട്. നിർമ്മിത ബുദ്ധിയിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ ഉള്ളടക്കത്തെ പറ്റി ജാഗ്രത പുലർത്തേണ്ടതിന്റെ പ്രാധാന്യത്തെ പറ്റി ഹുസൂർ തിരുമനസ്സ് ഊന്നിപറയുകയായിരുന്നു.

നിർമ്മിതബുദ്ധി പക്ഷപാതിത്വത്തിലേക്കും കൃത്യതയില്ലായ്മയിലേക്കും നയിക്കുമെന്നതിന് ഉദാഹരണം നൽകാമെന്ന് പറഞ്ഞ് ഹുസൂർ തിരുമനസ്സ് വിവരിക്കുന്നു. 'നിങ്ങൾ ഒരു കാര്യത്തിന്റെ പോസിറ്റീവും നെഗറ്റീവുമായ വസ്തുതകൾ എഴുതാൻ പുറപ്പെട്ടാൽ നിർമ്മിത ബുദ്ധി അനുചിതമായി അതിന്റെ നെഗറ്റീവ് കാര്യത്തിനാണ് ഊന്നൽ നൽകുന്നതെന്ന് കരുതുക. നിങ്ങൾ ആരോടെങ്കിലും അല്ലെങ്കിൽ അഹ്മദിയോട് ആയാൽ പോലും ആ വിവരം കൈമാറുകയും ചെയ്യുകയാണെങ്കിൽ ഏതാണ് ശരി ഏതാണ് തെറ്റ് എന്ന് അയാൾക്ക് വിവരങ്ങൾ കൃത്യമായി വിശകലനം ചെയ്യാൻ സാദ്ധ്യമല്ലാതെ വന്നേക്കാം.

അപ്പോൾ മുൻകരുതൽ എടുത്തിട്ടില്ലെങ്കിൽ നിർമ്മിതബുദ്ധി ദോഷകരമായി വരാം. നിർമ്മിതബുദ്ധിയുടെ അനുചിതമായ നെഗറ്റീവ് വിവരങ്ങൾ സ്ഥിരീകരിക്കപ്പെടുകയും പക്ഷപാതപരമായ ചായ്‌വോ വിഭാഗീയതയോ ആയിരിക്കും ഫലം. നിർമ്മിത ബുദ്ധിയുടെ അന്വേഷണ ഫലങ്ങളെ അന്ധമായി നാം അനുധാവനം ചെയ്യുകയാണെങ്കിൽ, അഗാതമായ മതതത്വശാസ്ത്ര സങ്കൽപ്പങ്ങളെ കുറിച്ച് പരിമിതമായ അറിവുള്ളവർ തെറ്റായ വഴിയിലേക്ക് നയിക്കപ്പെടാം. അന്ധമായി നാം നിർമ്മിത ബുദ്ധിയെ പിന്തുടർന്നാൽ യഥാർത്ഥത്തിലുള്ളതും ആഴമേറിയതും

വ്യക്തവുമായ അറിവിന് പകരം മിഥ്യാ ധാരണകളായിരിക്കും സൃഷ്ടിക്കപ്പെടുക. ഹുസൂർ തിരുമനസ്സ് തുടർന്ന് പറയുന്നു: 'ഒരാൾക്ക് ശരിയായ ഉപാധികൾ ലഭ്യമല്ലാത്ത സന്ദർഭത്തിൽ ഒരുകാര്യം അറിയാൻ ശ്രമിക്കാതിരിക്കുകയും അദ്ധ്വാനപൂർവ്വമുള്ള യത്നം നടത്താതിരിക്കുകയും ചെയ്യാതിരിക്കുമ്പോഴാണ് നിർമ്മിതബുദ്ധി ആവശ്യമായി വരിക. അതേസമയം നിങ്ങൾ വായിക്കുകയും പഠിക്കുകയുമാണ് ചെയ്യേണ്ടത്.

## ഒരു താക്കീത്

കൃത്യതയില്ലാത്ത വിവരങ്ങൾ പരക്കുന്നതിൽ നിർമ്മിതബുദ്ധിക്കുള്ള പങ്കിനെ കുറിച്ച് ഹുസൂർ തിരുമനസ്സ് താക്കീത് നൽകുകയുണ്ടായി. നിർമ്മിതബുദ്ധിയുടെ ഏതെങ്കിലും കുത്സിതമായ വിവരങ്ങൾക്കെതിരെ സജീവമായി നിലകൊള്ളുകയും പ്രവർത്തിക്കുകയും അതിനെ പ്രതിരോധിക്കുകയും ചെയ്യുന്നതിൽ മുന്നോട്ട് പോകേണ്ടതുണ്ട്. നിർമ്മിത ബുദ്ധിയുടെ ദുരുപയോഗം ഇല്ലെന്ന് നിങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. നിർമ്മിതബുദ്ധിയെ അടിസ്ഥാനമാക്കിയുള്ള പുസ്തകങ്ങളും ഓഡിയോ പുസ്തകങ്ങളും ഇ- ബുക്ക് മുതലയാവയും ദുരുപയോഗം ചെയ്യപ്പെട്ടുകൂടാ. അത്തരത്തിൽ എന്തെങ്കിലും ഒരു സംഭവമുണ്ടായാൽ എങ്ങനെ അതിനെ പ്രതിരോധിക്കണം? നിങ്ങൾ ഇത്തരം കാര്യങ്ങളെ കുറിച്ച് ഗാഢമായി ചിന്തിക്കേണ്ടതുണ്ട്. നിർമ്മിതബുദ്ധി വരുത്തിവെക്കുന്ന അപകടങ്ങളെ കുറിച്ച് ജാഗ്രതവേണമെന്ന് ഉപദേശിച്ചുകൊണ്ട് ഹുസൂർ തുടർന്നു. ഇതിന്റെ പരിപ്രേഷ്യത്തിൽ നിങ്ങളിതിനെ നല്ലത് പോലെ ഗ്രഹിച്ച് മനസ്സിലാക്കുക. പിന്നീട് തിരുത്തേണ്ടിവരുന്ന രീതിയിൽ ഒരിക്കലും ഒരപകടം സംഭവിക്കാതിരിക്കാൻ നാം പ്രതിരോധം സ്വീകരിക്കണം. തുടക്കത്തിൽ തന്നെ ഇത്തരം തെറ്റുകൾക്കെതിരെ നാം പ്രതിരോധം സ്വീകരിക്കണം.

ഹുസൂർ തിരുമനസ്സ് നിർമ്മിത ബുദ്ധി ദുരുപയോഗം ചെയ്യപ്പെടുന്നതിനെതിരെ ജാഗരൂഗരാകേണ്ടതിനെയും അതിന്നുള്ള തയ്യാറെടുപ്പിന്റെ ആവശ്യത്തെകുറിച്ചും ഉണർത്തുകയുണ്ടായി. സുരക്ഷിതമായിരിക്കേണ്ടുന്ന ഒരു മാർഗ്ഗം നാം അവലംബിക്കണം. കാരണം മറ്റുള്ളവർക്ക് നമ്മുടെ വിവരങ്ങൾ തെറ്റായ രീതിയിൽ അവതരിപ്പിക്കാൻ ഇടവരരുത്. അതുകൊണ്ട് നിങ്ങൾ ഇന്ന് മുതൽ ഇത് സംബന്ധമായ ഗവേഷണങ്ങളിൽ ഏർപ്പെടണം. എന്നിട്ട് അതിനനുസരിച്ച് ഏതെല്ലാം സാഹചര്യങ്ങളിൽ എങ്ങനെയാണ് നമുക്ക് ഇതിനെ പ്രതിരോധിക്കാൻ കഴിയുക എന്നും പഠിച്ചു മനസ്സിലാക്കേണ്ടതുണ്ട്. ഹുസൂർ തിരുമനസ്സ് വീണ്ടും നമ്മെ ഉപദേശിക്കുന്നത് സുരക്ഷക്കായി തയ്യാറെടുപ്പോടു കൂടി നിൽക്കുക എന്നാണ്. 'നമുക്ക് ഒരു സാദ്ധ്യതയും തള്ളിക്കളയാൻ സാദ്ധ്യമല്ല.'

## നിർമ്മിതബുദ്ധിയെ പറ്റി നിർമ്മിതബുദ്ധി എന്ത് പറയുന്നു?

നിർമ്മിതബുദ്ധിയുടെ വാക്കുകളിൽ തന്നെ ഇത് ഉപസംഹരിക്കാം. ഞാൻ നിർമ്മിതബുദ്ധി ഉത്തമ സേവകനോ അപകടകാരിയായ യജമാനനോ എന്ന് അതിനോട് തന്നെ ചോദിച്ചപ്പോൾ എനിക്ക് ചാറ്റ്ജിടിപി നൽകിയ ഉത്തരം 'അന്തിമമായി നിർമ്മിതബുദ്ധി മാനവരാശിക്ക് നല്ലതോ ചീത്തയോ എന്ന് തീരുമാനിക്കപ്പെടണമെങ്കിൽ അത് എങ്ങനെയണ് വികസിപ്പിച്ചിരിക്കുന്നതെന്നും വിന്യസിച്ചിരിക്കുന്നതെന്നും ഉപയോഗിക്കുന്നതെന്നും അറിയണം. ഉത്തരവാദിത്തവും ധാർമികതയും ഉറപ്പുവരുത്തേണ്ടത് മനുഷ്യന്റെ ജോലിയാണ്. അതാണ് നിർമ്മിതബുദ്ധിയുടെ അപകടം പരമാവധി കുറക്കുകയും അതിലെ ഗുണം പരമാവധി അധികരിപ്പിക്കുകയും ചെയ്യാനുള്ള മാർഗ്ഗം.

**പേജ് 9 ൽ നിന്ന് തുടർച്ച**

ണ്ട് നാം ബൈഅത്തിനോടുള്ള കടമ നിറവേറ്റുന്നവരായിത്തീരട്ടെ. എല്ലാ ജുമുഅകളിലും ഇക്കാര്യങ്ങൾ ശ്രവിച്ചുകൊണ്ട് അവ പ്രാവർത്തികമാക്കുന്നവരായി നാം മാറണം. അതല്ലായെങ്കിൽ നമ്മളും മറ്റുള്ളവരും തമ്മിൽ ഒരു വ്യത്യാസവും ഉണ്ടായിരിക്കില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) വേദന പ്രകടിപ്പിച്ചതുപോലെ, അല്ലാഹു നമ്മളും മറ്റുള്ളവരും തമ്മിൽ സ്പഷ്ടമായ വ്യതിരിക്തത കാണിച്ചു തരുമാറാകട്ടെ.

ഖുത്ബയുടെ അവസാനം ഹുസൂർ തിരുമനസ്സ് പറഞ്ഞു: പാക്കിസ്താനിലെ ഇപ്പോഴത്തെ സാഹചര്യമനുസരിച്ച് നാം ദുആ ചെയ്തുകൊണ്ടിരിക്കുക. നന്മകൾ പ്രചരിപ്പിക്കുന്നതിനായുള്ള ഉദ്യമങ്ങൾ ചെയ്തുകൊണ്ടേ പോവുക. പൈശാചികപ്രകൃതമുള്ളവർ ദ്രോഹപ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കും. പൈശാചികപ്രവൃത്തികളിൽ നമുക്ക് ഒരു മത്സരവുമില്ല. ദൈവികകല്പനകൾ അനുസരിച്ച് പ്രവർത്തിക്കുന്നവരാകണമെന്നേ ഞങ്ങൾക്കുള്ളു. അല്ലാഹു നമ്മുടെ ഈമാൻ സംരക്ഷിച്ചു നിർത്തുന്നതിനും അതിൽ ഒരിക്കലും ചാഞ്ചല്യം ഉണ്ടാകാതിരിക്കുന്നതിനും വേണ്ടി നാം എപ്പോഴും ദുആ ചെയ്യുക.

ഈത്തായിദൽ ഖുർബാ അഥവാ അടുത്ത ബന്ധുക്കളോടെന്ന പോലെ സഹായം ചെയ്യുന്ന തരത്തിലുള്ള ബന്ധം നമുക്ക് അല്ലാഹുവുമായി ഉണ്ടാവുകയാണെങ്കിൽ ദൈവികാനുഗ്രഹങ്ങളുടെ ദൃശ്യങ്ങൾ നാം മുൻപത്തേക്കാളുപരി കാണുന്നതായിരിക്കും. ഇൻശാഅല്ലാഹ്. ദൈവദൃഷ്ടിയിൽ ശത്രുക്കളും പരിഷ്ക്കരണത്തിന് യോഗ്യരുമല്ലാത്തവരെ ദൈവംതന്നെ നശിപ്പിക്കുമാറാകട്ടെ. നാം അല്ലാഹുവിനോട് അടുത്ത ബന്ധം പുലർത്തുമ്പോൾ ശത്രുക്കൾ നശിക്കുന്നതിന്റെ ദൃശ്യങ്ങളും നാം ദർശിക്കുന്നതായിരിക്കും. ഇൻശാ അല്ലാഹ്.

# ഹദ്റത്ത് ഇമാം ഹുസൈൻ(റ): ശഹാദത്തും ചരിത്ര പശ്ചാത്തലവും

റസൂൽ തിരുമേനി(സ) യുടെ പേരമകൻ ഇമാം ഹുസൈന്റെ ശഹാദത്തിന്റെ ദുഖസ്മൃതികൾ മുസ്‌ലിം ലോകത്തെ കണ്ണീരണിയിക്കുന്ന മഹാദുരന്തമാണ്. റസൂൽ തിരുമേനി(സ)യുടെ ജനിതക പാരമ്പര്യത്തിൽ പിറന്ന ആ പുണ്യാത്മാവിന്റെ പരിശുദ്ധ ജീവിതത്തെ കുറിച്ച് വിവരിക്കുന്നു.

റഫീക്ക് അഹ്മദ് മാത്തോട്ടം

അന്ന് ഹിജ്റ വർഷത്തിലെ ഒന്നാമത്തെ മാസമായ മുഹർറം പത്താം തിയ്യതിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ തോട്ടത്തിൽ ഒരു മരച്ചുവട്ടിൽ കട്ടിലിൽ വിശ്രമിക്കുകയാണ്. ചെറിയ കുട്ടികളായ ഹദ്റത്ത് സയ്യിദ മുബാറക്കാ ബേഗം സാഹിബയും ഹദ്റത്ത് മുബാറക്ക് അഹ്മദ് സാഹിബും അവിടെ കളിച്ചു കൊണ്ടിരിക്കുകയായിരുന്നു. അവരോടു പറഞ്ഞു വരൂ മക്കളേ, ഞാനിന്നു നിങ്ങൾക്കു മുഹർറമുൽ ഹറാമിന്റെ (പരിശുദ്ധ മുഹർറം മാസത്തിന്റെ) ഒരു യഥാർഥ കഥ പറഞ്ഞു തരാം. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) മക്കളെ രണ്ടു പേരേയും തന്റെ അടുക്കൽ ഇരുത്തി അവർക്കൊരു കഥ പറഞ്ഞു കൊടുത്തു. ഹിജ്റ വർഷം അറുപത്തി ഒന്ന് മുഹർറം പത്താം തിയ്യതി യസീദിന്റെ ഭരണ കാലത്തു ഇറാഖിലെ കർബലയിൽ വച്ചു അതിദാരുണമായി ശഹീദാക്കപ്പെട്ട ഹദ്റത്ത് അലി ബിൻ അബീത്വാലിബിന്റേയും ഹദ്റത്ത് ഫാത്തിമ ബിൻത് റസൂലിന്റേയും പൊന്നോമന മകനും തിരുമേനിയുടെ പേരകുട്ടിയും സയ്യിദുശുഹദായുമായ ഹദ്റത്ത് ഹുസൈൻ (റ) ന്റെ ശഹാദത്ത് സംഭവമായിരുന്നു അത്. ഹുസൂർ അങ്ങേയറ്റം വേദനയോടെ ഹൃദയസ്പൃക്കായ രീതിയിൽ ആ കഥ മക്കളെ കേൾപിച്ചു കൊണ്ടിരുന്നു. വിവരണത്തിന്നിടയിൽ ധാരധാരയായി ഒഴുകിക്കൊണ്ടിരുന്ന കണ്ണുനീർ ഇടയ്ക്കിടെ തന്റെ വിരലറ്റം കൊണ്ട് തുടയ്ക്കുന്നുമുണ്ടായിരുന്നു.

കഥയുടെ അവസാനം ഹുസൂർ ഇങ്ങനെ പറഞ്ഞു. വഷളനും വൃത്തികെട്ടവനുമായ യസീദാണ് കണ്ണിൽ ചോരയില്ലാത്ത ഈ കൃത്യം നമ്മുടെ നബി നായകരുടെ പേരകുട്ടിയോടു കാണിച്ചത്. എന്നാൽ അൽപം പോലും വൈകിയില്ല അല്ലാഹു അവരെ എല്ലാവരേയും പിടികൂടുകയും കനത്ത ശിക്ഷ നൽകി നശിപ്പിക്കുകയും ചെയ്തു. തന്റെ ചെറിയ മക്കൾക്കു കഥ പറഞ്ഞു കൊടുത്തു കൊണ്ടിരുന്ന ആ അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ യജമാനനും പ്രേമഭാജനവുമായ തിരുനബിയുടെ മകളുടെ മകനോടു കാണിച്ച ആ ക്രൂരതയുടെ സ്മരണകളുയർത്തിയ ഹൃദയവേദന കാരണത്താൽ വല്ലാതെ അസ്വസ്ഥനാവുകയും തന്നെ നിയന്ത്രിക്കാൻ ബുദ്ധിമുട്ടുകയും ചെയ്യുന്നുണ്ടായിരുന്നു. ആ സംഭവത്തിന്റെ ഓർമ ആ പുണ്യാത്മാവിന്റെ ശരീരത്തിന്റേയും മനസ്സിന്റേയും ഓരോ അണുവിലും പ്രകടമായിരുന്നു. സംഭവം നടന്നു ആയിരത്തി നാനൂറ് വർഷം കഴിഞ്ഞെങ്കിലും ഓരോ യഥാർഥ അഹ്മദിയുടേയും ഹൃദയവികാരം ഇതു തന്നെയായിരിക്കാം. കാരണം അഹ്മദിയ്യാ ജമാഅത്തും അതിന്റെ വന്ദ്യസ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി മസീഹ് മൗഊദ് വ മഹ്ദീ മൗഊദ് അലൈസ്സലാത്തു വസ്സലാമും റസൂൽ തിരുമേനിയേയും അഹ്‌ലുൽ ബൈത്തി(കുടുംബത്തേയും)നേയും അത്രമാത്രം ഹൃദയം കൊണ്ട് സ്നേഹിക്കുന്നവരാണ്. ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ രചന ഗദ്യമായാലും പദ്യമായാലും ഭാഷ അറബിയാലും ഫാർസിയാലും ഉറുദുവായാലും എല്ലായിടത്തും അനന്തമായ ഈ സ്നേഹവും പ്രതിപത്തിയും നിറഞ്ഞു തുളുമ്പുന്നതു കാണാം. അത് അനുപമമാണ് അതിനു സമാനമായത് അല്ലെങ്കിൽ അൽപമെങ്കിലും അനുരൂപമായത് മറ്റെവിടേയും കാണാനാവുകയുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഒരു ഫാർസി കവിതയിൽ പറയുകയാണ്

*ജാനോ ദിലം ഫിദായേ ജമാലെ*
*മുഹമ്മദസ്ത് ഖാക്കം നിസാറെ*

*കുച്ചയേ ആലെ മുഹമ്മദസ്ത്*

എന്റെ ഹൃദയവും എന്റെ ജീവനും മുഹമ്മദിന്റെ(സ) സൗന്ദര്യത്തിന്നും തേജസ്സിന്നും മുന്നിൽ ഞാനിതാ അർപ്പണം ചെയ്യുന്നു. ഞാൻ മരിച്ചു മണ്ണായശേഷം എന്റെ ആ മണ്ണും ആദരപൂർവ്വം ആ പുണ്യപൂമാനും പരിശുദ്ധ കുടുംബവും വസിക്കുന്ന തെരുവിൽ ഞാൻ സമർപ്പണം ചെയ്യുന്നു.

മറ്റൊരിടത്തു തന്റെ ആയിനയെ കമാലാത്തെ ഇസ്‌ലാം എന്ന ഗ്രന്ഥത്തിൽ അറബിയിൽ എഴുതുകയാണ് *യാ ഇബാദല്ലാഹ്, വ ഇന്നീ അഹിന്നു ഇലാ ഇയാനി ബിലാദികും വ ബറകാതി സവാദിക്കും ലിഅസൂറ മൗതിഅ അഖ്ദാമി ഖൈറിൽ വറാ. വ അജ്അല കുഹ്‌ല ഐനി തിൽക സറാ.*

ദീർഘമായ വിവരണത്തിൽ നിന്നുള്ള ഒരു വരിമാത്രമാണിത്. അതിൽ തന്റെ ഹൃദയാഭിലാഷം പ്രകടിപ്പിച്ചു കൊണ്ട് ആ പുണ്യാത്മാവ് എഴുതുകയാണ്. അല്ലയോ അല്ലാഹുവിന്റെ ദാസരെ, സൃഷ്ടികളിൽ ഏറ്റവും ഉന്നതനായ (ഖൈറുൽവറാ) റസൂലുല്ലാഹ് (സ) യുടെ ആ നാട് കാണുവാനും അവിടത്തെ അനുഗ്രഹീതരും സത്യാത്മാക്കളുമായവരെ സന്ദർശിക്കുവാനും അത്യധികമായ വാഞ്ചയാൽ എന്റെ ഹൃദയം പിടയ്ക്കുകയാണ്. അതോടൊപ്പം റസൂൽ കരീമി (സ)ന്റെ പാദസ്പർശമേറ്റു പുളകമണിഞ്ഞ ആ അനുഗ്രഹീത മണ്ണെടുത്തു സുർമയാക്കി ഞാനെന്റെ കണ്ണിലെഴുതാനും വെമ്പൽ കൊള്ളുകയാണ്.

ഈ വികാരത്തെ എന്താണു വിളിക്കേണ്ടത്. സ്നേഹമെന്നോ, മോഹമെന്നോ, പ്രേമമെന്നോ പ്രീതിയെന്നോ വാഞ്ചയെന്നോ. അനുരാഗമെന്നോ? ഇതിനു നിർവചനമില്ല. ഇത് വാക്കുകൾക്കതീതമാണ്. ഉദാത്തമായ, പരിപാവനമായ സ്നേഹവും ഭയഭക്തി ബഹുമാനവും അർപ്പണവും ഇതാണ്. ആയിരത്തി അഞ്ഞൂറ് വർഷങ്ങൾക്കിപ്പുറം ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി മസീഹ് മൗഊദ് (അ) ഈ നബി പുംഗവനോടും അവിടത്തെ കുടുംബത്തോടും ആ നാടിനോടും ആ ഭൂമിയോടും അവിടത്തെ മണ്ണിനോടും ആരും തന്നെ കാണിച്ചിട്ടില്ലാത്ത സ്നേഹവും അർപ്പണവും എത്രമാത്രമായിരുന്നുവെന്നു കാണിക്കാൻ സാന്ദർഭികമായി ഒരു ഉദാഹരണമെന്ന നിലക്കാണ് ഇത്രയും എഴുതിയത്.

ഇന്നു ഹിജ്റ വർഷം 1442 മുഹർറം ഒന്നാം തിയ്യതി (2020 ആഗസ്റ്റ് 20 വ്യാഴാഴ്ച) ഇസ്‌ലാമിക കലണ്ടറിലെ ഒന്നാമത്തെ മാസമാണു മുഹർറം. ശ്രേഷ്ഠത മാഹാത്മ്യം എന്നോക്കെയാണ് മുഹർറമിന്റെ അർഥം. ചരിത്രപരമായി നോക്കുമ്പോൾ മനസ്സിനു ഏറ്റവും വേദന നൽകുന്ന രണ്ടു സംഭവങ്ങൾക്കാണ് ഈ മാസം സാക്ഷിയാകേണ്ടി വന്നത്. മുഹർറം ഒന്നാം തിയ്യതി രണ്ടാം ഖലീഫത്തുർ റസൂൽ ഉമർ ഖത്വാബ് (റ) ശഹീദാക്കപ്പെട്ടു. വർഷങ്ങൾക്കു ശേഷം അതേ മാസം പത്താം തിയ്യതി ഹദ്റത്ത് റസൂൽ കരീ (സ) മിന്റെ വാത്സല്യനിധിയായ കൊച്ചു മകൻ ഹദ്റത്ത് ഹുസൈനും (റ) രക്തസാക്ഷിയായി. ഇസ്‌ലാമിക ചരിത്രത്തിലെ പ്രിയങ്കരനും മഹാനും സാത്വികനും ദൈവഭക്തനുമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഇമാം ഹുസൈൻ. നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും അദ്ദേഹത്തിന്റെ ശഹാദത്തുണർത്തുന്ന വേദനയും നൊമ്പരവും ജനഹൃദയങ്ങളിൽ ഇന്നും പച്ച പിടിച്ചു കിടക്കുകയാണ്. കേൾക്കാൻ പോലും മനസ്സനുവദിക്കാത്തത്ര ക്രൂരവും മനുഷ്യത്തരഹിതവുമായിരുന്നു ആ കാട്ടാളന്മാർ അദ്ദേഹത്തോടു കാണിച്ചത്. ഖുലഫാഉർ റാശിദീങ്ങളുടെ കാലശേഷം ഇസ്‌ലാമിന്റെ മതപരവും രാഷ്ട്രീയപരവും സാമൂഹികവുമായ ചരിത്രത്തിൽ മനുഷ്യമനസ്സിനെ ഇത്രയധികം ആഴത്തിൽ മുറിവേൽപിച്ച മറ്റൊരു സംഭവം കണ്ടെത്താൻ പ്രയാസമാണ്. ലോകത്തു നടന്ന ഒരു ദാരുണ സംഭവത്തിന്റെ പേരിലും മനുഷ്യവംശം ഇത്രയധികം കണ്ണുനീർ വാർത്തിട്ടുണ്ടാവില്ല. കഴിഞ്ഞ ആയിരത്തി നാനൂറ് വർഷത്തിൽ ആയിരത്തി നാനൂറ് മുഹർറം കടന്നു പോയിരിക്കുന്നു. ഓരോ മുഹർറമും ആ ഓർമയാണു പുതുക്കുന്നത്.

## ഹദ്റത്ത് ഹുസൈന്റെ ജനനവും തിരുമേനിയുടെ വാത്സല്യവും

നാം ആയിരത്തി നാനൂറ് വർഷം പിറകോട്ട് പോവുകയാണ്. ആ ചരിത്രത്താളുകളിലൂടെ നമുക്ക് പലതും കാണുവാനും വായിക്കുവാനും ശ്രമിക്കാം. ഹദ്റത്ത് റസൂൽ തിരുമേനിയുടെ പിതൃവ്യൻ ഹദ്റത്ത് അബ്ബാസ് ബിൽ അബ്ദിൽ മുത്തലിബിന്റെ ഭാര്യ ഉമ്മുൽ ഫസ്ൽ ബിൻത് ഹാരിസ് രാത്രി ഒരു സ്വപ്നം കണ്ടു. അതു കണ്ട് അവർ വല്ലാതെ പേടിച്ചു. അവസാനം മടിച്ചു മടിച്ചാണെങ്കിലും റസൂൽ (സ) തിരുമേനിയോടു അവർ കാര്യം പറഞ്ഞു. ഒരു മലക്ക് വന്നു അങ്ങയുടെ തിരുശരീരത്തിൽ നിന്നും മാംസം മുറിച്ചെടുത്ത് എന്റെ മടിയിൽ ഇട്ടതായി ഞാൻ സ്വപ്നം കണ്ടിരിക്കുന്നു. ഇതു കേട്ടപ്പോൾ തിരുമേനി പറഞ്ഞു. ഇത് വളരെ സന്തോഷകരവും അനുഗ്രഹീതവുമായ സ്വപ്നമാണ്. ഇതിന്റെ അർഥം എന്റെ മകൾ ഫാത്തിമ ഒരാൺ കുഞ്ഞിനു ജന്മം നൽകും ആ കുഞ്ഞ് നിന്റേയും വളർത്തു പുത്രനായിരിക്കും എന്നാണ്.

തിരുമേനി പറഞ്ഞ സ്വപ്ന വ്യാഖ്യാനം പോലെ തന്നെ ഹിജ്റ വർഷം നാല് ശഅബാൻ മൂന്നാം തിയ്യതി (ക്രൈസ്താബ്ദം 626 ജനുവരി 8-ാം തിയ്യതി തിങ്കളാഴ്ച) ഹദ്റത്ത് അലിയുടെ വീട്ടിൽ ഫാത്തിമ ഒരു പൊന്നോമനയ്ക്കു ജന്മം നൽകി. പറയപ്പെട്ടതു പോലെ വളർത്തമ്മയായി ഉമ്മുൽ ഫസലിനെ തന്നെ നിശ്ചയിച്ചു. ഈ സന്തോഷ

വാർത്ത അറിഞ്ഞ ഉടനെ തന്നെ തിരുമേനി ഫാത്തിമയുടെ വീട്ടിൽ ധൃതിയിൽ വന്നു. കുഞ്ഞിനെ കൈയിലെടുത്തു. അൽപനേരം താലോലിച്ചു. പിന്നീട് ഈത്തപ്പഴത്തിന്റെ ചെറിയ ഭാഗം തന്റെ പല്ലുകൊണ്ട് കടിച്ചരച്ചു മൃദുവാക്കിയ ശേഷം നവജാത ശിശുവിന്റെ വായിൽ വച്ചു കൊടുത്തു. പിന്നീട് കുഞ്ഞിന്റെ ഇരു ചെവിയിലും ബാങ്കും ഇഖാമത്തും നൽകി. മകൾ ഫാത്തിമയോടു കുഞ്ഞിനു പേരിട്ടിട്ടുണ്ടോ എന്നാരാഞ്ഞു. ഹദ്റത്ത് ഫാത്തിമ പറഞ്ഞു ഹറബ് എന്നാലോചിച്ചിട്ടുണ്ട്. തിരുമേനി പറഞ്ഞു ആ പേരു വേണ്ട. പേര് ഹുസൈൻ എന്നു മതി. അതിനു ശേഷം അഖീഖ നടത്തുവാനും മുടി വടിച്ചശേഷം അതിനു തുല്യമായ വെള്ളി സദഖയായി നൽകുവാനും തിരുമേനി നിർദേശിച്ചു. പിൽക്കാലത്തു ഈ മകൻ ത്വയ്യിബ്, സക്കി, ശഹീദ്, റശീദ്, ശബ്ബീർ എന്നീ പേരുകളിലും വിളിക്കപ്പെട്ടിരുന്നു. ഏഴാം ദിവസം അഖീഖ നടത്തി. തലമുടി വടിച്ചു അതിനു തുല്യമായ വെള്ളി സദഖ നൽകുകയും ചെയ്തു.

ഹദ്റത്ത് ഇമാം ഹുസൈൻ അതീവ സുമുഖനും തന്റെ മാതാമഹനായ അല്ലാഹുവിന്റെ റസൂലിന്റെ രൂപവും ആകാരവും കൂടുതലായി തന്നിൽ പ്രതിഫലിപ്പിക്കുകയും ചെയ്തിരുന്നു. തിരുമേനിയുടെ ആൺ സന്താനങ്ങൾ ആരും തന്നെ വലിയ പ്രായം വരെ ജീവിച്ചിരുന്നിട്ടുണ്ടായിരുന്നില്ല. എല്ലാവരും ചെറിയ പ്രായത്തിൽ തിരുമേനിയുടെ വഫാത്തിനു മുമ്പ് തന്നെ മരണമടഞ്ഞിരുന്നു. അതു കാരണം തന്റെ പേരക്കിടങ്ങളായ ഹസ്സനോടും ഹുസൈനോടും (റളിയല്ലാഹു അൻഹുമാ) തിരുമേനിക്കു അതിരറ്റ സ്നേഹവും വാത്സല്യവുമായിരുന്നു. ഈ കുഞ്ഞുങ്ങളെ കാണുവാനും താലോലിക്കുവാനും ഓമനിക്കുവാനും വേണ്ടി തിരുമേനി ഹദ്റത്ത് ഫാത്തിമയുടെ വീട്ടിൽ ഇടയ്ക്കിടെ പോകുമായിരുന്നു. കുട്ടിക്കാലത്തെ അവരുടെ കളികളും വികൃതികളും തിരുമേനിയെ ഏറെ സന്തോഷിപ്പിച്ചിരുന്നു. അവരെ വാരിപ്പുണർന്നു തന്റെ നെഞ്ചോടു ചേർത്തു ചുംബിക്കുമായിരുന്നു. തിരുമേനി അവരോടൊപ്പം കളിക്കുകയും അവർക്കു വേണ്ടി സവാരിക്കുതിരയായി അവരെ പുറത്തു കയറ്റി നാലുകാലിൽ നടക്കുമായിരുന്നു. ഒരിക്കൽ അതു കണ്ട ഒരു സഹാബി പറഞ്ഞു ഹോ എന്തൊരു അനുഗ്രഹീത സവാരിക്കുതിര. അപ്പോൾ തിരുമേനി പറഞ്ഞു **നിഅ്മഹുവ റാക്കിബു** അതിൽ സവാരി ചെയ്യുന്നവരും എത്രമാത്രം ഓമനകളും അനുഗ്രഹീതരുമാണ്. തിരുമേനി ചിലപ്പോൾ കുട്ടികളേയും കൂട്ടി മസ്ജിദ് നബ്വിയിലും പോകാറുണ്ടായിരുന്നു.

തിരുമേനി പലപ്പോഴും നമസ്ക്കാരത്തിൽ സുജൂദിലായിരിക്കുമ്പോൾ ഹദ്റത്ത് ഹുസൈൻ തിരുമേനിയുടെ പുറത്തു കയറും. ചിലപ്പോൾ നമസ്ക്കാരത്തിൽ തിരുമേനിയുടെ കാലുകൾക്കിടയിലൂടെ കടന്നു പോകാൻ ശ്രമിക്കും. അപ്പോൾ തിരുമേനി തന്റെ കാലുകൾ വിശാലമാക്കി കുഞ്ഞിനു കടന്നു പോകാൻ സൗകര്യം ചെയ്തു കൊടുക്കും. ഒരു സ്വഹാബി പറയുകയാണ്. ഒരിക്കൽ ഞാൻ തിരുമേനിയോടൊപ്പം നമസ്ക്കരിക്കുകയായിരുന്നു. ഒരു സുജൂദ് അനിതര സാധാരണമായി നീണ്ടു പോയപ്പോൾ ഞാൻ മെല്ലെ സുജൂദിൽ നിന്നും തല ഉയർത്തി നോക്കി. അപ്പോൾ ഹദ്റത്ത് ഹുസൈൻ തിരുമേനിയുടെ മുതുകിൽ കയറി ഇരിക്കുന്നതാണു കണ്ടത്. ഞാൻ വീണ്ടും സുജൂദിലേക്കു മടങ്ങി. അൽപം കഴിഞ്ഞപ്പോൾ തിരുമേനി സുജൂദിൽ നിന്നും ഉയർന്നു. നമസ്ക്കാര ശേഷം തിരുറസൂൽ പറഞ്ഞു ഞാൻ സുജൂദിലായിരുന്നപ്പോൾ ഹുസൈൻ എന്റെ പുറത്തു കയറി. അവൻ ഇറങ്ങുന്നതും കാത്തിരുന്നതു കൊണ്ടാണു സുജൂദ് നീണ്ടു പോയത്. ഒരിക്കൽ വെള്ളിയാഴ്ച റസൂൽ തിരുമേനി(സ) മസ്ജിദ് നബ്വിയിൽ ഖുതുബ നിർവഹിക്കുന്ന അവസരത്തിൽ രണ്ടോ രണ്ടരയോ വയസ്സു പ്രായമുള്ള ഹദ്റത്ത് ഹുസൈൻ പള്ളിയിലേക്കു കടന്നുവന്നു. കുഞ്ഞ് എന്തോ തട്ടി വീഴാൻ തുടങ്ങിയപ്പോൾ തിരുമേനി ഖുതുബ നിർത്തി മിമ്പറിൽ നിന്നും താഴെ ഇറങ്ങി മകനെ വാരിയെടുത്തു. കെട്ടിപ്പിടിച്ചു ചുംബിച്ചു. എന്നിട്ട് തന്റെ ഒരു ഭാഗത്തു ഇരുത്തിയ ശേഷം ഖുതുബ തുടർന്നു.

ഹദ്റത്ത് റസൂൽ കരീം (സ) തന്റെ ഈ രണ്ടു ദൗഹിത്രരെ കുറിച്ചു ഇവർ എനിക്കു ഈ ലോകത്തു ലഭിച്ച പരിമളം വിതറുന്ന രണ്ടു പുഷ്പങ്ങളാണെന്നും ഇവർ സ്വർഗത്തിൽ വസിക്കുന്ന യുവാക്കളു ടെ നേതാക്കളായിരിക്കുമെന്നും പറയാറുണ്ടായിരുന്നു. ഹദ്റത്ത് റസൂൽ കരീം(സ) അഹ്ലുൽ ബൈത്തിൽ ഏറ്റവും കൂടുതൽ സ്നേഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്തതു ഹസ്സനേയും ഹുസൈനേയുമായിരുന്നുവെന്നു തിരുമേനിയുടെ എക്കാലത്തേയും സേവകനായ ഹദ്റത്ത് അനസ് (റ) നിവേദനം ചെയ്തിട്ടുണ്ട്. ഈ കുഞ്ഞുങ്ങൾക്കുണ്ടാകുന്ന ചെറിയ വിഷമം പോലും തിരുനബിയെ മാനസികമായി വല്ലാതെ വിഷമിപ്പിച്ചിരുന്നു. തിരുമേനി ഇങ്ങനേയും അരുൾ ചെയ്തിരുന്നു ഏതൊരാൾ ഹസ്സനേയും ഹുസൈനേയും സ്നേഹിച്ചുവോ അവർ എന്നെ സ്നേഹിച്ചു, ഏതൊരാൾ അവരോട് ശത്രുത കാണിച്ചുവോ അവർ എന്നോടും ശത്രുത കാണിച്ചു.

ഈ പ്രിയപ്പെട്ട മക്കൾക്കു തിരുമേനിയോടൊത്ത് ദീർഘകാലം ജീവിക്കാൻ ഭാഗ്യമുണ്ടായില്ല. അവർക്കു ഏകദേശം ഏഴെട്ടു വയസ്സു പ്രായമായപ്പോഴേക്കും തിരുമേനി ഇഹലോക വാസം വെടിഞ്ഞു. എങ്കിലും ആ ചെറിയ കാലയളവിൽ തങ്ങളുടെ മാതാമഹനിൽ നിന്നും ഉന്നതമായ തഅ്ലീം

വും അനുഗ്രഹാശിസ്സുകളും ലഭിച്ചിരുന്നു. ആ രണ്ടു മഹാത്മാക്കളുടെ ഖിലാഫത്തു കാലത്തു ഇവർ രണ്ടു പേരും ചെറിയ കുട്ടികളായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) ഹസ്സനേയും ഹുസൈനേയും കണ്ടാൽ അവരെ സ്നേഹത്തോടെ തോളിലേറ്റുമായിരുന്നു. എന്നിട്ടു പറയും ഇവർ തിരുമേനിയുടേ പ്രിയപ്പെട്ട മക്കളാണ്.

ഹദ്റത്ത് ഉമർ ഖത്വാബും (റ) അവരോട് വളരെധികം സ്നേഹവും വാത്സല്യവും പ്രകടിപ്പിച്ചിരുന്നു. ഇസ്ലാം സാമ്പത്തികമായി കൂടുതൽ പുരോഗതി പ്രാപിച്ചപ്പോൾ ബദരി സഹാബാക്കൾക്കു രണ്ടായിരം ദിർഹം വീതം സഹായ ധനം (stipend) നിശ്ചയിച്ച അവസരത്തിൽ ഇവർ രണ്ടു പേർക്കും അയ്യായിരം ദിർഹം വീതമായിരുന്നു സ്റ്റൈപെന്റ് നൽകിയിരുന്നത്. അതു മൂന്നാം ഖലീഫ ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാന്റെ കാലത്തും തുടർന്നിരുന്നു. സ്വഹാബാക്കളും ഹദ്റത്ത് ഹസ്സനോടും ഹദ്റത്ത് ഹുസൈനോടും വളരെയധികം സ്നേഹവും വാത്സല്യവും കാണിച്ചിരുന്നു. ഹജ്ജിന്റെ അവസരത്തിൽ അവർ രണ്ടു പേരും ത്വവാഫ് ചെയ്യുന്ന അവസരത്തിൽ സ്വഹാബാക്കൾ അവരെ കാണുന്നതിനും അവരോടു സംസാരിക്കുന്നതിനും അവരുടെ ചുറ്റും കൂടി നിൽക്കുമായിരുന്നു.

ഒരിക്കൽ യമനിൽ നിന്നും വളരെ ഭംഗിയുള്ള അറബ് രീതിയിലുള്ള ധാരാളം വസ്ത്രങ്ങൾ വന്നപ്പോൾ അമീറുൽ മുഅ്മിനീന്റെ കൽപന പ്രകാരം പെട്ടെന്നുതന്നെ സ്വഹാബാക്കൾക്കും അവരുടെ മക്കൾക്കുമായി അതു വിതരണം ചെയ്തു. പിന്നീടാണു അതിൽ നിന്നും ഹസ്സന്നും ഹുസൈന്നും ഒന്നും കിട്ടിയില്ലെന്നു മനസ്സിലായത്. അതു ഹദ്റത്ത് ഉമർ ഖത്വാബി(റ)ന്റെ മനസ്സിനു വലിയ വിഷമമുണ്ടാക്കി. അദ്ദേഹം ഉടൻ തന്നെ യമൻ ഗവർണർക്കു കത്തയച്ചു കൊണ്ട് കഴിയുന്നത്ര വേഗം അത്തരത്തി

ഒരിക്കൽ മസ്ജിദ് നബ്വിയിൽ വച്ചു ഒരാൾ ഹദ്റത്ത് അലി(റ) യോടു ആരാണ് ബുദ്ധിമാൻ എന്നു ചോദിച്ചു. അതായത് ബുദ്ധിമാൻ ഏതു തരത്തിലുള്ള ആളായിരിക്കും. അയാളുടെ ലക്ഷണങ്ങൾ എന്തൊക്കെയാണ്. ഇതു കേട്ടപ്പോൾ പിതാവിനോടൊപ്പമുണ്ടായിരുന്ന കുട്ടിയായിരുന്ന ഹുസൈൻ (റ) ഇതിനു ഞാൻ ഉത്തരം പറയട്ടെ എന്നു ചോദിച്ചു. പിതാവിന്റെ അനുവാദം ലഭിച്ചപ്പോൾ *അൽ ആഖിലു മൻ അഖല ലിസാനഹു ഇല്ലാ അൻ സികിറില്ലാഹ്* ദൈവ സ്മരണ മാത്രം ചെയ്യുന്നവനാരോ അവനാണ് ബുദ്ധിമാൻ എന്നു പറയുകയുണ്ടായി. മറ്റൊരിക്കൽ പള്ളിയിൽ വച്ചു ഗ്രാമീണനായ ഒരു ബദു (കാട്ടറബി) തെറ്റായ രീതിയിൽ വുസു എടുക്കുന്നതു ഹദ്റത്ത് ഹുസൈൻ കാണാനിടയായി. അയാളെ തിരുത്തുന്നതു അയാൾക്കു അഭിമാനക്ഷതമുണ്ടാക്കുമോ എന്ന ഭയത്താൽ അയാളെ തിരുത്തുന്നതിനു പകരം അടുത്തു തന്നെ ഉണ്ടായിരുന്ന തന്റെ ജ്യേഷ്ഠൻ ഹദ്റത്ത് ഹസ്സനോടു പറഞ്ഞു, ഹസ്സൻ ഞാൻ വുസു എടുക്കുകയാണ് ഇതിൽ വല്ല തെറ്റും ഉണ്ടെങ്കിൽ അപ്പോൾ തന്നെ എനിക്കു പറഞ്ഞു തരണം. അങ്ങനെ ആ ഗ്രാമീണന്റെ മുന്നിൽ വുസു എടുത്തു കൊണ്ട് ശരിയായ രീതിയിൽ എങ്ങിനെയാണ് വുസു എടുക്കേണ്ടതെന്നു അയാൾക്കു കാണിച്ചു കൊടുത്തു.

## ഖലീഫമാരുടെ സ്നേഹവും വാത്സല്യവും

കാലം മുന്നോട്ട് പോയിക്കൊണ്ടിരുന്നു. റസൂൽ കരീം(സ)മിന്റെ വഫാത്തിനു ശേഷം ഖുലഫാ ഉർറാശിദീങ്ങളുടെ കാലം വന്നു, ഹദ്റത്ത് അബൂബക്കർ സിദ്ധീഖിന്റേയും ഉമർ ഖത്വാബിന്റേയും (റളിയല്ലാഹു അൻഹുമാ) കാലത്തു തിരുമേനിയുമായുള്ള രക്തബന്ധം കാരണം ഹദ്റത്ത് ഹസ്സന്നും(റ) ഹുസൈന്നും(റ) എല്ലായിപ്പോഴും ആദരണീയ സ്ഥാനവും പരിലാളന

തർബിയത്തും ആത്മീയ ഔന്നത്യങ്ങൾക്കുള്ള ദുആകളും അവർ കരസ്ഥമാക്കിക്കഴിഞ്ഞിരുന്നു. *അല്ലാഹുമ്മ ഇന്നീ ഉഹിബ്ബു ഹുമാ ഫ അഹിബ്ബ ഹുമാ* അല്ലാഹുവേ ഞാൻ ഇവർ രണ്ടു പേരേയും സ്നേഹിക്കുന്നു. നീയും ഇവരെ സ്നേഹിക്കേണമേ. എന്നു തിരുമേനി അവർ രണ്ടുപേർക്കുമായി എപ്പോഴും ദുആ ചെയ്യാറുണ്ടായിരുന്നു. ഇങ്ങനേയും ദുആ ചെയ്തിരുന്നു. അല്ലാഹുവേ അവർ രണ്ടുപേരോടും സ്നേഹം കാണിക്കുന്നവരോടു നീയും സ്നേഹം കാണിക്കേണമേ. അവർ രണ്ടുപേരും തിരുമേനിയെ കണ്ടത് തങ്ങളുടെ ഇളം പ്രായത്തിലാണെങ്കിലും ആ പ്രായത്തിൽ തിരുമേനിയിൽ നിന്നും കണ്ടതും കേട്ടതുമായ ചില കാര്യങ്ങൾ ഇമാം ഹുസൈൻ നിവേദനം ചെയ്തിട്ടുണ്ട്. അത്തരത്തിലുള്ള എട്ടു ഹദീസുകൾ നമുക്കു ഹദീസു ഗ്രന്ഥങ്ങളിൽ കാണുവാൻ സാധിക്കുന്നതാണ്.

തിരുമേനി ഈ മക്കളെ അകമഴിഞ്ഞു സ്നേഹിക്കുകയും ലാളിക്കുകയും ചെയ്തതു പോലെ അവരുടെ ശിക്ഷണ കാര്യങ്ങളും വളരെയധികം ശ്രദ്ധിച്ചിരുന്നു. അതിന്നായി അവരുടെ മാതാപിതാക്കളായ ഹദ്റത്ത് അലിയും ഹദ്റത്ത് ഫാത്തിമത്തുസ്സുഹറായും ഉണ്ടായിരുന്നുവല്ലോ. ഒരിക്കൽ മസ്ജിദ് നബ്വിയിൽ സാധുക്കളിൽ വിതരണം ചെയ്യുവാനായി സദഖയായി ലഭിച്ചിരുന്ന കാരക്ക കൂമ്പാരത്തിൽ നിന്നും കുട്ടിയായ ഹദ്റത്ത് ഹുസൈൻ ഒന്നെടുത്ത് വായിലിട്ടു. ദൂരെ നിന്നും ഇതു കണ്ട തിരുനബി (സ) ഓടി വന്നു കുട്ടിയുടെ വായിൽ വിരലിട്ട് അതു തോണ്ടിയെടുത്തിട്ടു പറഞ്ഞു മോനെ അതു നമുക്ക് ഹലാൽ (അനുവദനീയ) അല്ല. ഇത്തരത്തിൽ ഉന്നതമായ ശ്രദ്ധയും ശിക്ഷണവും ലഭിച്ചതിനാൽ ഈ മക്കൾ എല്ലായിപ്പോഴും പ്രായത്തേക്കാൾ മികച്ച ബുദ്ധി വൈഭവവും സ്വഭാവവൈശിഷ്യവും പ്രകടിപ്പിച്ചിരുന്നു.

ശരീരം ഇല്ലാതാക്കുക എന്നത് അവനെ സംബന്ധിച്ചിടത്തോളം വളരെ അഭികാമ്യമാണ്. ഈ ലോകത്തു മനുഷ്യൻ സമ്പാദിക്കുന്ന സ്വത്തും പണവും എല്ലാം തന്നെ ഒരു നാൾ ഉപേക്ഷിക്കേണ്ടിവരും. അങ്ങനെ ഉപേക്ഷിച്ചു പോകേണ്ടി വരുന്ന ധനം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്ന കാര്യത്തിൽ എന്തിനാണ് പിശുക്കു കാണിക്കുന്നത്? ഈ കവിതയിലൂടെ അല്ലാഹുവിലുള്ള അദ്ദേഹത്തിന്റെ വിശ്വാസവും ഉന്നതമായ ആത്മീയ നിലയും വളരെ പ്രകടമാണ്.

അദ്ദേഹം എപ്പോഴും വിനയ സ്വഭാവം കൈകൊണ്ടിരുന്നു. ഒരിക്കൽ അദ്ദേഹം എവിടെയൊ പോവുകയായിരുന്നു. അപ്പോൾ വഴിയിൽ പാവപ്പെട്ടവരായ ഏതാനും പേർ ഇരുന്നു ഭക്ഷണം കഴിക്കുന്നുണ്ടായിരുന്നു. അവർ ഇമാം ഹുസൈനെ കണ്ടപ്പോൾ അവരോടൊപ്പം ഭക്ഷണം കഴിക്കാൻ ക്ഷണിച്ചു. ഒട്ടും മടി കൂടാതെ അദ്ദേഹം ഒട്ടകപ്പുറത്തുനിന്നും ഇറങ്ങി അവരോടൊപ്പം ഭക്ഷണം കഴിക്കാൻ ഇരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ, നിങ്ങളോടൊപ്പം ഇരുന്നത് ഞാൻ വലിയ പൊങ്ങച്ചക്കാരനും അഹംങ്കാരിയുമാണെന്നു നിങ്ങൾ തെറ്റിദ്ധരിക്കാതിരിക്കാനാണെന്നു പറഞ്ഞു കൊണ്ട് അവരെ എല്ലാവരേയും തന്റെ വീട്ടിൽ കൊണ്ടു പോയി ഭക്ഷണം നൽകുകയുണ്ടായി.

## വിവാഹവും സന്താനങ്ങളും

ഹദ്റത്ത് ഇമാം ഹുസൈൻ പല സമയങ്ങളിലായി അഞ്ചു വിവാഹങ്ങൾ കഴിച്ചിട്ടുണ്ടായിരുന്നു. ഹദ്റത്ത് ഉമർ ഖത്വാബി(റ)ന്റെ ഖിലാഫത്തു കാലത്ത് ഇറാൻ കീഴടക്കപ്പെട്ടപ്പോൾ ഇറാൻ രാജാവിന്റെ മകൾ ശഹർ ബാനു രാജകുമാരിയും തടവിലാക്കപ്പെട്ടു. ഇത് രാജകുമാരിയാണെന്നു മനസ്സിലായപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു ഈ രാജകുമാരി നമ്മുടെ രാജകുമാരനു നന്നായി ചേരും. അങ്ങനെ

ആവശ്യങ്ങൾ അന്വേഷിച്ചു അവർക്കു വേണ്ട സഹായം എത്തിച്ചിരുന്നു.

അദ്ദേഹം ചില അവസരങ്ങളിൽ രാത്രി മുഴുവൻ സമയവും നിന്നു കൊണ്ട് നമസ്ക്കാരത്തിൽ കഴിച്ചു കൂട്ടാറുണ്ടായിരുന്നു. നമസ്ക്കരിക്കുന്ന അവസരത്തിൽ ചിലപ്പോൾ അല്ലാഹുവിനോടുള്ള ഭയഭക്തി കാരണം അദ്ദേഹത്തിന്റെ മുഖം വിവർണമാവുകയും ശരീരം വിറക്കാൻ തുടങ്ങുകയും ചെയ്തിരുന്നു. മനുഷ്യ ജീവിത ലക്ഷ്യം അല്ലാഹുവിനെ പ്രാപിക്കലും അവന്റെ തൃപ്തി കരസ്തമാക്കലുമാണെന്നും അതിന്നായി തന്റെ ജീവൻ ബലി കഴിക്കേണ്ടി വന്നാൽ മടിക്കരുതെന്നുമുള്ള അതിമഹത്തായ പാഠമാണ് തന്റെ ജീവിതം കൊണ്ട് അദ്ദേഹം നൽകിയത്. ഒരു സ്വഹാബിയായ ഹദ്റത്ത് അബൂറൂഹുൽ അൻസ്വാരി(റ) നിവേദനം ചെയ്യുന്നു ഹദ്റത്ത് ഹുസൈൻ ബിൻ അലി(റ) എപ്പോഴും ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു അല്ലാഹുവേ എന്റെ മനസ്സിൽ പരലോക (ആഖിറത്ത്) ജീവിതത്തോടു അത്യുത്കടമായ ആസക്തിയും ഭൗതികതയോടു വെറുപ്പും അനിഷ്ടവും ജനിപ്പിച്ചു കൊണ്ട് അതിന്റെ സത്യവും യാഥാർഥ്യവും എന്റെ മനസ്സിൽ നീ രൂഢമൂലമാക്കേണമേ. അല്ലാഹുവേ ആഖിറത്തിനെ കുറിച്ചുള്ള ഉൾകാഴ്ച നൽകി കൊണ്ട് നന്മയിൽ മുന്നേറാനും തിന്മയിൽ നിന്നു ഓടി അകലാനും നീ എനിക്കു ശക്തി നൽകേണമേ.

ഹദ്റത്ത് ഇമാം ഹുസൈൻ തന്റെ ഒരു അറബി ഖസീദയിൽ പറയുകയാണ് ഭൗതികാനുഗ്രഹങ്ങൾ മനുഷ്യനു ആവശ്യമാണെങ്കിലും ആഖിറത്തിൽ ലഭിക്കുന്ന നിഅ്മത്തുകൾ അതിലും എത്രയോ ഉയർന്നതാണ്. മനുഷ്യ ശരീരം അല്ലാഹു നശ്വരമാക്കിയാണു സൃഷ്ടിച്ചിരിക്കുന്നത്. അതിനാൽ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്തു കൊണ്ട് ആ

ലുള്ള മുന്തിയ ഇനം രണ്ടു വസ്ത്രങ്ങൾ കൂടി അയക്കാൻ ആവശ്യപ്പെടുകയും അതു കിട്ടിയപ്പോൾ അവർ രണ്ടു പേരേയും വിളിച്ചു അവർക്കു നൽകുകയുമുണ്ടായി. ഹദ്റത്ത് ഉമർ ഖത്വാബിന്റെ ഭരണത്തിന്റെ അവസാന കാലം എത്തിയപ്പോഴേക്കും ഹസ്സനും ഹുസൈനും ഏറെക്കുറെ പക്വത കൈവരിച്ചിരുന്നു.

## അല്ലാഹുവിനോടുള്ള ഭയഭക്തിയും അഗതികളോടുള്ള സഹതാപവും

തന്റെ മാതാപിതാക്കളിൽ നിന്നും തിരുമേനിയിൽ നിന്നും ചെറിയ പ്രായത്തിൽ ലഭിച്ച തർബിയത്തു കാരണം ഹദ്റത്ത് ഇമാം ഹുസൈൻ ആരാധനാ കാര്യങ്ങളിൽ അതീവ ശ്രദ്ധാലുവായിരുന്നു. ചരിത്രകാരന്മാർ ഹദ്റത്ത് ഹുസൈൻ (റ) ധാരാളമായി ഇബാദത്ത് ചെയ്തിരുന്നതായും റമസാൻ മാസത്തിനു പുറമെ കൂടുതലായി നോമ്പനുഷ്ടിച്ചിരുന്നതായും തഹജ്ജുദും നഫൽ നമസ്ക്കാരങ്ങളും ധാരാളമായി അനുഷ്ടിക്കാറുണ്ടെന്നും അതുപോലെ സദഖയും ദാന ധർമങ്ങളും കൂടുതലായി നൽകിയിരുന്നതായും ഹജ്ജിന്റെ അവസരത്തിൽ എപ്പോഴും ഹജ്ജ് അനുഷ്ടിച്ചിരുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. അതു തികച്ചും യാഥാർഥ്യവുമായിരുന്നു. ഹദ്റത്ത് ഇമാം ഹുസൈന്നു ബൈത്തുൽ മാലിൽ നിന്നും പല വകയിലായി ധാരാളം പണം ലഭിച്ചിരുന്നുവെങ്കിലും അദ്ദേഹം പലപ്പോഴും വീട്ടാവശ്യങ്ങൾക്കു ബുദ്ധിമുട്ടിയിരുന്നു. അത്രമാത്രം ശക്തമായിരുന്നു അദ്ദേഹത്തിന്റെ ദാനധർമങ്ങൾ എന്നാണിതു സൂചിപ്പിക്കുന്നത്. ചിലപ്പോൾ അദ്ദേഹം വീട്ടുകാരുടെ ആവശ്യങ്ങൾ മാറ്റിവെച്ചു കൊണ്ട് നിർധനരേയും പീഢിതരേയും സഹായിച്ചിരുന്നു. രാത്രി സമയങ്ങളിൽ പുറത്തിറങ്ങി പാവങ്ങളുടേയും അനാഥരുടേയും

ഇമാം ഹുസൈന്റെ ആദ്യവിവാഹം ശഹർ ബാനുവുമായി നടന്നു. ഈ ഭാര്യയിലാണു സൈനുൽ ആബിദീൻ എന്ന പേരിൽ പ്രശസ്തനായ ഹദ്റത്ത് അലി ബിൻ ഹുസൈൻ ജനിക്കുന്നത്. മറ്റു ഭാര്യമാർ ലൈല, ഗസാല റുബാബ് ബിൻത് ഇംറഉൽ ഖൈസ്, ഉമ്മു ജഅ്ഫർ എന്നിവരായിരുന്നു. ഈ എല്ലാ ഭാര്യമാരിലായി അലി അക്ബർ, അബ്ദുല്ലാഹ്, സക്കീന, ഫാത്തിമ, ജഅ്ഫർ, സൈനബ് എന്നീ മക്കൾ ജനിക്കുകയുണ്ടായി.

ഹദ്റത്ത് ഇമാം ഹുസൈൻ വളരെ ധീരനും സാഹസികനും ധൈര്യശാലിയായിരുന്നു. ഒരിക്കൽ ഹദ്റത്ത് ഫത്തിമത്തുസ്സുഹറാ ഹസ്സനേയും ഹുസൈനേയും വിളിച്ചു തിരുമേനിയുടെ അടുക്കൽ ചെന്നിട്ടു പറഞ്ഞു യാ റസൂലാല്ലാഹ് ഇതു അങ്ങയുടെ മക്കളാണ്. അങ്ങ് ഇവർ രണ്ടുപേരേയും അങ്ങേയ്ക്കു അല്ലാഹുവിൽ നിന്നും ലഭിച്ച ഉന്നത ധാർമിക ഗുണങ്ങളുടെ അവകാശികളാക്കിയാലും. അപ്പോൾ തിരുമേനി പറഞ്ഞു ഹസ്സനു ഞാൻ എന്റെ അറിവു നൽകിയിട്ടുണ്ട്. ഹുസൈന്നു ധീരതയും കൂടെ ദാന ശീലവും ഉദാരതയുമാണ് നൽകിയിരിക്കുന്നത്. ഒരുപക്ഷേ, അവരുടെ സ്വഭാവം മനസ്സിലാക്കി അവർക്കു വേണ്ടി അല്ലാഹുവിനോട് ആ രീതിയിൽ ദുആ ചെയ്യാറുണ്ട് എന്നാകാം അതിന്റെ വിവക്ഷ. എന്നാൽ അവർ രണ്ടുപേരുടേയും പിന്നീടുള്ള ജീവിതം തിരുമേനിയുടെ വാക്കുകളെ തികച്ചും അന്വർഥമാക്കുന്നവയും സാക്ഷ്യപ്പെടുത്തുന്നവയും ആയിരുന്നുവെന്നു എല്ലാവരും സമ്മതിച്ച കാര്യമായിരുന്നു. ഇമാം ഹസ്സൻ വലിയ പണ്ഡിതനും ഹദ്റത്ത് ഇമാം ഹുസൈൻ ദാനശീലനും ധീരനുമായിരുന്നു.

### ധീരനായ ഹദ്റത്ത് ഇമാം ഹുസൈൻ

ഹദ്റത്ത് ഉമർ ഖത്വാബിന്റെ നിര്യാണ ശേഷം ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ) ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു. അപ്പോഴേക്കും ഹദ്റത്ത് ഹുസൈൻ പ്രായം കൊണ്ട് പക്വമതിയും മാനസികമായി ധീരവീര ശൂരനുമായ ഒരു യുവാവായി മാറിക്കഴിഞ്ഞിരുന്നു. അതിനു ശേഷം തന്റെ അവസാന ശ്വാസം വരെ അദ്ദേഹം ഇസ്‌ലാമിനു വേണ്ടി പല പല യുദ്ധങ്ങളിൽ പങ്കെടുത്ത് തന്റെ ധീരതയുടേയും യുദ്ധ നൈപുണ്യത്തിന്റെയും പ്രകടനം കാഴ്ച വച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം തന്റെ പിതാവ് ഹദ്റത്ത് അലി ബിൻ അബീത്വാലിബിനോടൊപ്പവും അല്ലാതേയും യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ടായിരുന്നു. ഹിജ്റാ വർഷം നാൽപത്തി ഒമ്പതിൽ ഖുസ്തുൻതുനിയ (Constantinople)യിലേയ്ക്കു മുസ്‌ലിം സൈന്യം നടത്തിയ പടയോട്ടത്തിലും ഹദ്റത്ത് ഇമാം ഹുസൈൻ പങ്കെടുത്തിട്ടുണ്ടായിരുന്നു. അതുപോലെ പിന്നീടു വന്ന ഹദ്റത്ത് അമീർ മുആവിയയുടെ ഭരണകാലത്തും അദ്ദേഹത്തിന്റെ നിർദേശ പ്രകാരം ഹദ്റത്ത് ഇമാം ഹുസൈൻ ചില യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ടായിരുന്നു.

ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ) ഖലീഫത്തുർ റസൂലായി സ്ഥാനമേറ്റ് ആറു വർഷങ്ങൾ കഴിഞ്ഞപ്പോഴേക്കും അദ്ദേഹത്തിന്നെതിരിൽ ശക്തമായ ഗൂഢാലോചനകളും കുഴപ്പങ്ങളും പൊട്ടിപ്പുറപ്പെട്ടു. അതിനു പിന്നിൽ മുസ്‌ലിം വേഷധാരികളായ കപടവിശ്വാസികളും ദുർവൃത്തരും രാജ്യദ്രോഹികളുമായ ഒരുപറ്റം സ്വാർഥമോഹികളായിരുന്നു ഉണ്ടായിരുന്നത്. വീണ്ടും ഒരു ആറുവർഷംകൂടി കഴിയുമ്പോഴേക്കും ഈ കാലാപം അതിന്റെ പാരമ്യത്തിലെത്തി. അവർ ആ മഹാത്മാവിനെ വധിക്കാനായി ഖിലാഫത്ത് മന്ദിരം വളഞ്ഞപ്പോൾ അതിന്റെ പ്രധാന കവാടത്തിൽ മറ്റു യുവാക്കളോടൊപ്പം ഊരിയ വാളുമായി കാവൽ നിന്നതു ഹസ്സനും ഹുസൈനുമായിരുന്നു. ഈ യുവാക്കളുടെ ശക്തമായ തിരിച്ചടി നിമിത്തം ആ അക്രമികൾക്കു അമീറുൽ മുഅ്മിനീന്റെ വസതിയിൽ പെട്ടെന്നു പ്രവേശിക്കാനായില്ല. പിന്നീടവർ വീടിന്റെ പിൻഭാഗത്തു കൂടി എങ്ങനെയൊ അകത്തു പ്രവേശിക്കുകയും ഖലീഫത്തുർ റസൂലിനെ അതിദാരുണമായി ശഹീദാക്കുകയും ചെയ്തതു. തുടർന്നു ശത്രുക്കളുടെ ശക്തമായ ഉപരോധവും കലാപവും നിമിത്തം ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ഖബറടക്കവും പുതിയ ഖലീഫയുടെ തെരഞ്ഞെടുപ്പും ദിവസങ്ങൾ വൈകി. ഖബറടക്കം ജന്നത്തുൽ ബഖീഅ്യിൽ ഉദ്ദേശിച്ചുവെങ്കിലും ശത്രുക്കൾ സമ്മതിച്ചില്ല. അവസാനം ജന്നത്തുൽ ബഖീഅ്നു അധികം അകലെയല്ലാത്ത ഒരു യഹൂദ ഖബറിസ്ഥാന്റെ ഒരു ഭാഗത്തു ഖബറടക്കം ചെയ്തു. കുറച്ചു കാലങ്ങൾക്കു ശേഷം രണ്ടു ഖബറിസ്ഥാന്റെയും ഇടയിലുള്ള ഒഴിഞ്ഞ സ്ഥലം ജന്നത്തുൽ ബഖീഅ്യിൽ ചേർത്തു കൊണ്ട് ഹദ്റത്ത് ഉസ്മാന്റെ(റ) ഖബർ ജന്നത്തുൽബഖീഅ്യിൽ ഉൾപ്പെടുത്തുകയാണു ചെയ്തതു. ആ സംഭവങ്ങളുടെ കൂടുതൽ വിശദീകരണം ഈ ലേഖനത്തിന്റെ ഉദ്ദേശ്യമല്ലാത്തതു കൊണ്ട് അതൊഴിവാക്കുന്നു.

ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാന്റെ(റ) ശഹാദത്തിനു ശേഷം ദിവസങ്ങളുടെ ചർച്ചയ്ക്കും ഒത്തു തീർപ്പിന്നും ശേഷം ഹദ്റത്ത് അലി ബിൻ അബീത്വാലിബ് ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം ഇറാഖിന്റെ പട്ടണമായ കൂഫയിലേയ്ക്കു പോയപ്പോൾ തന്റെ പിതാവിന്റെ സഹായിയായി ഹദ്റത്ത് ഹുസൈനും കൂഫയിലേക്കു താമസം മാറ്റിയിരുന്നു. നിർഭാഗ്യമെന്നു പറയട്ടെ ഖിലാഫത്തിന്റെ അഞ്ചാമത്തെ കൊല്ലം നാലാമത്തെ ഖലീഫയേയും കൂഫയിലെ വലിയ പള്ളിയിൽ അദ്ദേഹം ഫജ്ർ നമസ്ക്കരിച്ചു കൊണ്ടിരുന്ന അവസരത്തിൽ അബ്ദുർ റഹ്മാൻ ബിൻ മൽജം എന്നു പേരുള്ള ഒരു ദുർഭഗൻ വിഷം പുരട്ടിയ വാളു

കൊണ്ട് വെട്ടി ഗുരുതരമായി പരിക്കേൽപിച്ചു. അതേതുടർന്നു രണ്ടാം ദിവസം ആ പുണ്യാത്മാവും ഇഹലോക വാസം വെടിഞ്ഞു. ഈ സംഭവങ്ങളെല്ലം തന്നെ ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും കറുത്ത അധ്യായങ്ങളായിരുന്നു. ഹദ്റത്ത് അലി(റ)യുടെ ശഹാദത്തിനു ശേഷം ഹദ്റത്ത് ഇമാം ഹുസൈൻ കൂഫയിൽ നിന്നും മദീനയിലേയ്ക്കു തിരിച്ചു വന്നു. പിന്നീട് ഹദ്റത്ത് അലി(റ)യുടെ മകൻ ഹസ്സൻ ബിൻ അലി(റ) ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു. മുൻ കഴിഞ്ഞ നാലു ഖലീഫമാരായ അബൂബക്കർ, ഉമർ, ഉസ്മാൻ, അലി (റസിയല്ലാഹു അൻഹും) എന്നിവർക്കു ബൈഅത്തു ചെയ്തതു പോലെ ഹദ്റത്ത് ഹുസൈൻ(റ) തന്റെ സഹോദരനെ ഖലീഫയായി അംഗീകരിച്ചു കൊണ്ട് ഒട്ടും വൈകാതെ അദ്ദേഹത്തിന്റെ കൈയിൽ ബൈഅത്തു ചെയ്തു.

എന്നാൽ ഏകദേശം ഒരു ആറു മാസം കഴിഞ്ഞപ്പോൾ ഹദ്റത്ത് ഇമാം ഹസ്സൻ (റ) താൻ തന്റെ ഈ ഖിലാഫത്തു സ്ഥാനം ഹദ്റത്ത് അമീർ മുആവിയയ്ക്കായി ഉപേക്ഷിക്കുന്നു എന്നു വിളംബരം ചെയ്യുകയും അദ്ദേഹത്തോടു ആ സ്ഥാനം ഏറ്റെടുക്കാൻ പറയുകയും ചെയ്തു. ഇത്തരത്തിൽ വിളംബരം ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്താണെന്നു ചരിത്രരേഖകളിൽ നിന്നു വ്യക്തമല്ല. എന്തോ ചില കുഴപ്പങ്ങൾ കണ്ടതു കൊണ്ട് വല്ല അനുരഞ്ജനത്തിന്റേയും നീക്കുപോക്കിന്റേയും ഭാഗമായിരിക്കാം അങ്ങനെ ചെയ്തതെന്നു അനുമാനിക്കപ്പെടുന്നുണ്ട്. അതിനു ശേഷം അദ്ദേഹത്തെ വിഷം നൽകി ശഹീദാക്കി എന്നാണു പറയപ്പെടുന്നത്. അതിനു ഭാര്യയുടെ സഹായവും ഉണ്ടായിരുന്നു എന്നും പറയപ്പെടുന്നു. ഇതിനൊന്നും വിശ്വാസ യോഗ്യമായ തെളിവുകൾ ഇല്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.

നാം അവർ രണ്ടു പേരുടേയും (ഹസ്സൻ, ഹുസൈൻ) പ്രശംസകരാണ്. അവർ രണ്ടു പേരും ശ്ലാഘനീയരാണ്. യഥാർഥത്തിൽ എല്ലാ ഓരോരുത്തരുടെയും പ്രവർത്തന രീതി വ്യത്യസ്തമായിരിക്കും. ഹദ്റത്ത് ഇമാം ഹസൻ മുസ്‌ലിംകളിൽ ആഭ്യന്തര കലാപമുണ്ടാകുന്നതും രക്തച്ചൊരിച്ചിലും ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. അദ്ദേഹം എപ്പോഴും ശാന്തിയും സമാധാനവുമാണു ആഗ്രഹിച്ചത്. അതുപോലെ തന്നെ ഇമാം ഹുസൈൻ ഒരിക്കലും തന്നെ അസാന്മാർഗിയും ദുഷ്കർമിയുമായ ഒരാളുടെ കൈയിൽ ബൈഅത്തു ചെയ്യുന്നതു ഇഷ്ടപ്പെട്ടില്ല. കാരണം അതിലൂടെ അയാളുടെ ദീൻ ദുഷിച്ചു പോകും. ഇതിൽനിന്നെല്ലാം മനസ്സിലാകുന്നത് അവർ രണ്ടു പേരുടെയും ഉദ്ദേശ്യം (നിയ്യത്) നന്മ നിറഞ്ഞതായിരുന്നുവെന്നാണ്. (മൽഫൂസാത്ത് വാള്യം 4 പേജ് 579/80)

## അബുസുഫ്‌യാന്റെ മക്കളായ മുആവിയയും സിയാദും

പിന്നീട് ഹദ്റത്ത് അമീർ മുആവിയ(റ)യുടെ ഭരണകാലമായിരുന്നു നിലവിൽ വന്നത്. അബുസുഫ്‌യാന്റെ രണ്ടുമക്കളിൽ ഒരാളാണു അമീർ മുആവിയ. മറ്റൊരാൾ സിയാദ് ബിൻ അബൂസുഫ്‌യാൻ (Ziad bin Abu Sufyaan). മുആവിയയുടെ മകനാണ് യസീദ് ബിൻ മുആവിയ (Yazeed bin Mu'avia) സിയാദിന്റെ മകൻ ഉബൈദുല്ലാഹ് ബിൻ സിയാദ്. (Ubaidullah bin ziad). ഇദ്ദേഹം ഇസ്‌ലാമിക ചരിത്രത്തിൽ 'ബിൻ സിയാദ്' (Bin Ziad) എന്ന പേരിലാണ് കൂടുതൽ അറിയപ്പെടുന്നത്. ഉബൈദുല്ലാഹ് എന്ന അയാളുടെ യഥാർഥ നാമം വളരെ അപൂർവമായേ ഉപയോഗിക്കാറുള്ളു. യസീദും സിയാദും. രണ്ടു പേരിന്റെയും അർഥം ഏറെക്കുറെ ഒന്നു തന്നെ. അധികരിപ്പിക്കുക, വർദ്ധിപ്പിക്കുക, അധികരിപ്പിക്കുന്നവൻ എന്നൊക്കെയാണു അർഥം. ദൈവിക സഹായവും അനുഗ്രഹവും വർദ്ധിപ്പിക്കുന്നവൻ എന്നതാണ് ഈ നാമത്തിന്റെ ഉദ്ദേശ്യാർഥം. എന്നാൽ മുസ്‌ലിം സമുദായത്തിൽ ഇവർ രണ്ടു പേരും അധികരിപ്പിച്ചതും വാരിക്കൂട്ടിയതും ശാപ (ലഅനത്ത്) മായിരുന്നു. ഇവർ ശാപം വാരിക്കൂട്ടിയതു പോലെ മറ്റാരെങ്കിലും വാരിക്കുട്ടിയിട്ടുണ്ടോ എന്നത് സംശയമാണ്.

ഹിജ്റ വർഷം അൻപത്തിയാറിൽഅമീർ മുആവിയ പ്രായാധിക്യത്താൽ ക്ഷീണിതനും രോഗഗ്രസ്തനുമായപ്പോൾ കൂഫയുടെ ഭരണാധികാരിയായിരുന്ന മുഗീറ ബിൻ ശഅ്ബ അദ്ദേഹത്തോടു പറഞ്ഞു താങ്കൾക്കു ശേഷം ഭരണം നല്ല രീതിയിൽ മുന്നോട്ടു പോകണമെന്നു താങ്കൾ ആഗ്രഹിക്കുന്നുവെങ്കിൽ രാജാക്കന്മാർ ചെയ്യാറുള്ളതു പോലെ തന്റെ മകൻ യസീദിനെ താങ്കളുടെ പിൻഗാമിയായി (വലിയുൽ അഹദ്/കിരീടാവകാശി) പ്രഖ്യാപിക്കണം. ഇന്നല്ലെങ്കിൽ നാളെ എല്ലാവരും മരണത്തിനു കീഴടങ്ങും. ഞങ്ങളും മരിക്കും താങ്കളും മരിക്കും. അതുകൊണ്ട് താങ്കളുടെ മരണശേഷം കുഴപ്പങ്ങൾ ഇല്ലാതിരിക്കാൻ ജീവിതകാലത്തു തന്നെ സ്വന്തം പിൻഗാമിയെ നിശ്ചയിക്കുന്നതു നന്നായിരിക്കും. ഈ പറഞ്ഞതു അമീർ മുആവിയയ്ക്കു നന്നേ ബോധിച്ചു. (തുടരും).

alislam.org
Humanity First
humanityfirst.org

# യേശു ചരിത്രപുരുഷനോ?

സ്ഥാപിത മതങ്ങൾ ബിംബവത്ക്കരിച്ച മതപുരുഷനാണ് യേശു. വിശുദ്ധ ഖുർആനിലും വിശുദ്ധ ബൈബിളിലും പ്രതിപാതിക്കപ്പെട്ട യേശുവിനെ ചരിത്രയുക്തിയുടെ സങ്കേതങ്ങളുപയോഗിച്ച് കണ്ടെത്തി അദ്ദേഹത്തിന്റെ ജീവിതവും സന്ദേശവും തിരിച്ചറിയുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്.

എ. എം. മുഹമ്മദ് സലീം

മനുഷ്യൻ കിടിലം കൊണ്ടുപോകുന്ന മഹാ പീഢനങ്ങൾ ദൈവത്തിന്ന് വേണ്ടി ഏറ്റുവാങ്ങിയ മതപുരുഷനായി യേശു മതഗ്രന്ഥങ്ങളിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു. മനുഷ്യ ചരിത്രവും സംസ്ക്കാരങ്ങളും യേശുവാൽ ഗണ്യമായി സ്വാധീനിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ അക്കാദമികമായി പ്രകാശിതമല്ലാത്തതും; മതഗ്രന്ഥങ്ങളെയും വിശ്വാസങ്ങളെയും മാത്രം ഉപജീവിച്ചുകൊണ്ടുള്ളതുമായ യേശുവിന്റെ ജീവിത കഥ സന്നിഗ്ദതകളും അവ്യക്തകളും നിറഞ്ഞതാണ്. അങ്ങനെ യേശു ചരിത്രത്തിന്ന് അപ്രാപ്യമായ ഒരു ബിംബമായി മാറിയിരിക്കുന്നു. ചരിത്രത്തിന്റെ ചിത്രപടത്തിൽ മിഴിവും തെളിവുമില്ലാതെ അസ്ഫുടമായി നിൽക്കുന്ന യേശുവിന്റെ ചരിത്രപരത അയുക്തിക കഥകളുടെയും അന്ധവിശ്വാസങ്ങളുടെയും ആയിരം തിരസ്ക്കരണികൾ കൊണ്ട് ആഛാദനം ചെയ്യപ്പെട്ടിരിക്കുകയാണ്. ക്രിസ്ത്യൻ, ഇസ്ലാം, യഹൂദ മതങ്ങൾ പരസ്പര വിരുദ്ധങ്ങളായ വീക്ഷണ കോണുകളിലൂടെയാണ് യേശുവിന്റെ ജീവിതവും ജീവിത സന്ദേശവും നോക്കിക്കാണുന്നത്. ബൈബിൾ വർണ്ണനകളാൽ ഇതിഹാസവത്ക്കരിക്കപ്പെട്ട ദൈവപുത്രനായ യേശുവിന്റെ അത്ഭുതങ്ങളും അതിശയങ്ങളുമല്ല, മനുഷ്യനായ യേശു വരിച്ച മഹാത്യാഗങ്ങളും വേദനകളും ആത്മീയ സാന്ദ്രമായ മാതൃകകളും സ്നേഹോപദേശങ്ങളുമാണ് അദ്ദേഹത്തെ ഹൃദയഹാരിയായ മതപുരുഷനാക്കി മാറ്റുന്നത്. മിക്ക മതപുരുഷന്മാരും ഇതിഹാസവത്ക്കരിക്കപ്പെടുകയും അവരുടെ ജീവിതകഥയുടെ സത്യസന്ധമായ ചരിത്രാംശം നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. എങ്കിലും അക്കാദമീയമായ പരികൽപ്പനകളെ അതിവർത്തിച്ച് കാലത്തെ അതിജീവിക്കുന്ന അവരുടെ ജീവിതകഥ വിശ്വാസികൾക്ക് സന്മാർഗ്ഗ ദീപങ്ങളായി വർത്തിക്കുന്നു. തീർച്ചയായും അത് അവരിലെ സത്യത്തിന്റെ ബലം കൊണ്ടും ദൈവികമായ വിശുദ്ധി കൊണ്ടുമാണ്. ബിംബവത്ക്കരിക്കപ്പെടുന്ന ഇത്തരം മതപുരുഷന്മാരെ പൂജിക്കുന്നതിന്ന് പകരം യുക്തിയുടെയും സത്യത്തിന്റേയും ശസ്തങ്ങൾ കൊണ്ട് നാം ഈ വ്യാജ സങ്കൽപ്പങ്ങളെ കീറിമുറിച്ച് പരിശോധിക്കുകയാണ് ചെയ്യേണ്ടത്. മനുഷ്യരായ ജനകോടികൾക്ക് മാർഗ്ഗദർശനം നൽകാൻ മനുഷ്യന്റെ പരിമിതികളും കഴിവുകളുമുള്ള മനുഷ്യന്റെ ജൈവ വർഗ്ഗത്തിൽപ്പെട്ട ഒരു മാതൃകാപുരുഷൻ തന്നെ വേണം എന്ന സാമാന്യ യുക്തിയിലേക്ക് വിശ്വാസികൾ വരേണ്ടതുണ്ട്.

ലോകജനതയിൽ ക്രിസ്ത്യൻ-ഇസ്ലാം മത വിശ്വാസികളായ ജനകോടികളുടെ വമ്പിച്ച ആദരവും സ്നേഹവും പിടിച്ചു പറ്റിയ ഒരു വ്യക്തിയായിരുന്നിട്ടും യേശുവിനെ സംബന്ധിച്ച് വ്യക്തതയാർന്ന ഒരു ചരിത്ര വിവരണം ലഭ്യമല്ലാത്തത് എന്തുകൊണ്ടാണ്? അദ്ദേഹത്തെ പറ്റി കോടിക്കണക്കിന്ന് മതസാഹിത്യങ്ങൾ ഇതിനകം എഴുതപ്പെട്ടിട്ടുണ്ട്. അവയെല്ലാം യേശു പ്രവർത്തിച്ച അതിശയങ്ങളും രോഗശാന്തി ശുശ്രൂഷകളും ദിവ്യാത്ഭുതങ്ങളും നിറഞ്ഞതാണ്. മനുഷ്യനിലെ ചരിത്രകൗതുകത്തെ ശമിപ്പിക്കുന്നവിധം ഒരു വിവരണം യേശുവിനെ സംബന്ധിച്ച പ്രഥമ സ്ത്രോതസ്സുകളായ സുവിശേഷങ്ങളിൽ നിന്നും ലഭ്യമല്ല. യേശുവിനെ അയുക്തികമായ അന്ധവിശ്വാസങ്ങളുടെ തടവറയിൽ നിലനിർത്താനാണ് അദ്ദേഹത്തിന്റെ അനുയായികളായ സ്ഥാപനവത്ക്കരിക്കപ്പെട്ട മതസംഘടനകൾ ശ്രമിച്ചിട്ടുള്ളത്. അക്കാദമികമായ ചരിത്രനിർമ്മാണത്തിന്റെ രീതിശാസ്ത്രമുപയോഗിച്ച് അദ്ദേഹത്തിന്റെ ജീവചരിത്രം രചിക്കാനോ അദ്ദേഹത്തിന്റെ പേരിലുള്ള കഥകളുടെ നിജസ്ഥിതി പരിശോധിക്കാനോ ക്രിസ്തുസഭ ഒരിക്കലും തയ്യാറായിട്ടില്ല. ശാസ്ത്രീയവും യുക്തിസഹവുമായ വിശകലനങ്ങൾ യേശുവിൽ അടിച്ചേൽപ്പിക്കപ്പെട്ട ദൈവിക പരിവേഷം അഴിഞ്ഞു വീഴുമെന്ന് വ്യവസ്ഥാപിത മത സ്ഥാപനങ്ങൾക്ക് നന്നായറിയാം.

അതിന് ശ്രമിക്കുന്നവരെ പാപികളും അനഭിമതരും വേദവിപരീതികളും വിശ്വാസ വിധ്വംസകരായും ചിത്രീകരിക്കപ്പെടുന്നു. അവർ വിലക്കപ്പെടുകയും ഇക്കാലത്തും പീഢിപ്പിക്കപ്പെടുകയും ചെയ്യുന്നു!.

യേശുവിനെ സംബന്ധിച്ച ഈ ചരിത്ര ശൂന്യതയാണ് യേശു മിഥ്യാവാദം (Jesus Myth Theory) എന്ന സങ്കൽപ്പം ഉടലെടുക്കാൻ കാരണം. റോമാ ഗ്രീക്ക് സങ്കൽപ്പങ്ങളെ അടിസ്ഥാനപ്പെടുത്തി ആദിമ ക്രിസ്ത്യാനികൾ രൂപപ്പെടുത്തിയ ആരാധനാ മൂർത്തിയാണ് ക്രിസ്തു എന്നാണ് ഈ വാദത്തിന്റെ കാതൽ. കന്യകയിലുണ്ടായ യേശുവിന്റെ ജനനം, ദിവ്യാത്ഭുതങ്ങൾ, മരണാനന്തരമുള്ള ഉയിർത്തെഴുന്നേൽപ്പ്, ആകാശാരോഹണം ഇവയെല്ലാം അസംഭവ്യങ്ങളും പ്രകൃതി നിയമങ്ങൾക്ക് നിരക്കാത്ത കേവലം അന്ധവിശ്വാസങ്ങളും മാത്രമാണെന്നാണ് മിഥ്യാവാദക്കാരുടെ ന്യായങ്ങൾ. യേശു വെറുമൊരു ഇതിഹാസ സങ്കൽപ്പമാണെന്നും പുതിയ നിയമം വരച്ചു കാട്ടുന്ന കൃസ്തു, വിശ്വാസികളുടെ ഒരു ഭാവനാസൃഷ്ടി മാത്രമാണെന്നുമാണ് വാദം.

ഏതൊരു മതവിശ്വാസവും കെട്ടിപടുക്കാനും നിലനിർത്താനും ചരിത്രത്തിന്റെയും വാസ്തവികതയുടെയും അംശം വേണമെന്ന നിർബന്ധമില്ല. അവ്യാഖ്യേയങ്ങളായ മിഥ്യാ സങ്കൽപ്പങ്ങളിലും കെട്ടുകഥകളിലും അന്ധവിശ്വാസത്തിലും മതവിശ്വാസം കെട്ടിപടുക്കാം. കല്ലും എലിയും മുതൽ സിനിമാ താരങ്ങളും ചരിത്ര പുരുഷന്മാരും രാഷ്ട്രീയനേതാക്കന്മാരും ആൾദൈവങ്ങളും വരെ വിശ്വാസികളുടെ ആരാധനാ മൂർത്തികളാവാം. ഇന്ന് നിലനിൽക്കുന്ന മിക്കമതങ്ങളിലും അത്തരം ഘടകങ്ങളുടെ ആധിക്യം സ്പഷ്ടമാണ്. എങ്കിലും സത്യത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും അംശങ്ങൾ ഏതൊരു വിശ്വാസത്തിലും ഉണ്ടാവാം. വൈക്കോൽ കൂനയിൽ സൂചി പരതുന്നത് പോലെ ശ്രമകരമാണ് ആ ദൗത്യം. അശിക്ഷിതരായ ജനസമൂഹങ്ങളുടെ വാമൊഴിപാരമ്പര്യത്തിൽ തലമുറ കൈമാറിവന്ന മതഗ്രന്ഥങ്ങളും മിത്തുകളും ഇതിഹാസങ്ങളുമെല്ലാം തന്നെ ചരിത്ര നിർമ്മാണത്തിന്റെ സ്റോതസ്സുകളും സാമഗ്രികളുമായിട്ടാണ് ആധുനിക ചരിത്രവിജ്ഞാനീയം കാണുന്നത്. കേവല നിഷേധത്തിന്റെ ശുഷ്ക്കയുക്തിയുടെ സമീപനം സത്യസന്ധമായ അക്കാദമീയ സമീപനമല്ല. അങ്ങനെയാണെങ്കിൽ തന്നെ ജനകോടികളെ സ്വാധീനിച്ച ഈ വിശ്വാസ സങ്കൽപങ്ങൾ ഉത്ഭവിച്ചതിന്റെ കാരണവും സാഹചര്യവും വസ്തുനിഷ്ഠമായും യുക്തി സഹമായും വിശദീകരിക്കാനും ചരിത്രകാരന്ന് ബാദ്ധ്യതയുണ്ട്.

## യേശുവിനെ ബൈബിളിൽ തിരയുമ്പോൾ

യേശു എന്ന ചരിത്ര പുരുഷനെ ബൈബിളിൽ നിന്നും കണ്ടെത്തുക അത്യന്തം ശ്രമകരമാണ്. ബൈബിളിന്റെ ആധികാരികതയെ കുറിച്ച് തന്നെ നമുക്ക് ചിന്തിക്കാം. പുതിയ നിയമത്തെയും പഴയനിയമത്തെയും രണ്ടു വിധമായാണ് തരം തിരിച്ചിരിക്കുന്നത്. ഒന്ന് കാനോനികം (Canonical) മറ്റൊന്ന് അപ്പോക്രിഫാ (Apocryphal) എന്നിങ്ങനെ. ബൈബിൾ പുതിയ നിയമത്തിന്റെ ആദ്യഭാഗമായി സഭ അംഗീകരിച്ച നാല് സുവിശേഷങ്ങളുൾപ്പെടെ 27 പുസ്തകങ്ങളാണ് കാനോനിക പുതിയ നിയമം എന്ന് പറയുന്നത്. കാനോനികം എന്ന പദത്തിന് നിയമാനുസാരം അല്ലെങ്കിൽ ആധികാരികമായി അംഗീകരിക്കപ്പെട്ടത് എന്നേ അർത്ഥമുള്ളൂ. മത്തായി, മാർക്കോസ്, ലൂക്കോസ് യോഹന്നാൻ എന്നിവർ രചിച്ചുവെന്ന് പറയപ്പെടുന്ന സുവിശേഷ ഗ്രന്ഥങ്ങളാണ് കാനോനിക സുവിശേഷങ്ങൾ. സഭക്ക് അനുകൂലവും ഉചിതമെന്നും തോന്നുന്ന ബൈബിൾ പുസ്തകങ്ങൾ സുദീർഘമായ സഭാകൗൺസിലുകൾ വിളിച്ച് ചേർത്ത് അവസാനം ക്രി. വ 393 ൽ സെയിന്റ് അഗസ്റ്റിന്റെ ആഭിമുഖ്യത്തിൽ വടക്കൻ ആഫ്രിക്കയിലെ ഹിപ്പോയിൽ നടന്ന ഹിപ്പോ സൂനഹദോസ് അംഗീകാരമാണ് കാനോനിക ഗ്രന്ഥങ്ങളുടെ അടിസ്ഥാനം.

അപോക്രിഫാ എന്നാൽ സഭ ഔദ്യോഗികമായി അംഗീകരിക്കാത്തത് എന്നേ അർത്ഥമുള്ളൂ. അതായത് വ്യത്യസ്തങ്ങളായ നിരവധി സുവിശേഷങ്ങളിൽ നിന്ന് തങ്ങളുടെ വിശ്വാസങ്ങൾക്ക് അനുയോജ്യമായ നാലെണ്ണം സഭ

യേശു എന്ന ചരിത്ര പുരുഷനെ ബൈബിളിൽ നിന്നും കണ്ടെത്തുക അത്യന്തം ശ്രമകരമാണ്. ബൈബിളിന്റെ ആധികാരികതയെ കുറിച്ച് തന്നെ നമുക്ക് ചിന്തിക്കാം. പുതിയ നിയമത്തെയും പഴയനിയമ ത്തെയും രണ്ടു വിധമായാണ് തരം തിരിച്ചിരിക്കുന്നത്. ഒന്ന് കാനോനികം (Canonical) മറ്റൊന്ന് അപ്പോ ക്രിഫാ (Apocryphal) എന്നിങ്ങനെ. ബൈബിൾ പുതിയ നിയമത്തിന്റെ ആദ്യഭാഗമായി സഭ അംഗീകരിച്ച നാല് സുവിശേഷങ്ങളുൾപ്പെടെ 27 പുസ്തകങ്ങളാണ് കാനോനിക പുതിയ നിയമം എന്ന് പറയുന്നത്. കാനോനികം എന്ന പദത്തിന് നിയമാനുസാരം അല്ലെങ്കിൽ ആധികാരികമായി അംഗീകരിക്കപ്പെട്ടത് എന്നേ അർത്ഥമുള്ളൂ. മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവർ രചിച്ചുവെന്ന് പറയപ്പെടുന്ന സുവിശേഷ ഗ്രന്ഥങ്ങളാണ് കാനോനിക സുവിശേഷങ്ങൾ. സഭക്ക് അനുകൂലവും ഉചിതമെന്നും തോന്നുന്ന ബൈബിൾ പുസ്തകങ്ങൾ സുദീർഘമായ സഭാകൗൺസിലുകൾ വിളിച്ച് ചേർത്ത് അവസാനം ക്രി. വ 393 ൽ സെയിന്റ് അഗസ്റ്റിന്റെ ആഭിമു ഖ്യത്തിൽ വടക്കൻ ആഫ്രിക്കയിലെ ഹിപ്പോയിൽ നടന്ന ഹിപ്പോ സൂനഹദോസ് അംഗീകാരമാണ് കാനോനിക ഗ്രന്ഥങ്ങളുടെ അടിസ്ഥാനം.

നിരവധി ചർച്ചകളും വാദപ്രതിവാദങ്ങളും രൂക്ഷമായ ഖണ്ഡനമണ്ഡനങ്ങൾക്കും ശേഷം തിരഞ്ഞെടുത്ത് കാനോനികമാക്കുകയും മറ്റെല്ലാം തിരസ്കൃതമാണെന്ന് പ്രഖ്യാപനം നടത്തുകയുമാണുണ്ടായത്. അല്ലാതെ യേശുവിന്റെ പ്രത്യേക അംഗീകാരമൊന്നും കാനോനിക സുവിശേഷങ്ങൾക്കില്ല. ചരിത്രത്തിന്റെ ആധികാരികതയുമായും അതിന് യാതൊരു ബന്ധവുമില്ല. അപോക്രിഫ (Apocrypha) എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം തിരസ്കൃതമായത്, ദൂരപ്പെട്ടത് എന്നെല്ലാമാണ്. ദൂരപ്പെട്ടത് (Apo = away) രഹസ്യമാക്കപ്പെട്ടത്, മറച്ചുവെക്കപ്പെട്ടത് (Cryphus = hided) എന്ന രണ്ട് ധാതു പദങ്ങൾ സമാസിച്ചാണ് ഈ ഗ്രീക്ക് വാക്കുണ്ടായിരിക്കുന്നത്. ചരിത്രപരമായി കാനോനിക ഗ്രന്ഥങ്ങൾക്കും അപോക്രിഫക്കും ഒരേ മൂല്യമാണുള്ളത്. യേശുവിന്റെ ജീവിതം, ദൈവ സങ്കൽപ്പം പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ആദിമ ക്രിസ്ത്യാനികളെഴുതിയ വിവരണങ്ങളാണ് അപോക്രിഫാ ലിഖിതങ്ങളുടെ വിഷയം. നാലു സുവിശേഷങ്ങളുടെ കാനോനീകരണത്തിന്ന് ശേഷം ക്രമേണയാണ് മറ്റു സുവിശേഷങ്ങൾ തിരസ്കൃതമായത്. ബൈബിൾ പഴയ നിയമത്തിൽ കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും കാനോനിക പുസ്തകങ്ങൾ കണക്കാക്കുന്നതിൽ ചില വ്യത്യാസങ്ങളുണ്ടെങ്കിലും പുതിയ നിയമത്തിൽ ഏറെകുറെ കാനോനീകരണം ഐക്യത്തോടെയാണ്. റോമൻ സഭയുടെ പിതാവ് പത്രോസ് അപ്പോസ്തലനാണെങ്കിലും പത്രോസിന്റെ പേരിലുള്ള സുവിശേഷം തിരസ്കൃത സുവിശേഷമാണ്. തോമസിന്റെ സുവിശേഷം, ഫിലിപ്പിന്റെ സുവിശേഷം, ജൂദാസിന്റെ സുവിശേഷം, മഗ്ദലന മറിയയുടെ സുവിശേഷം, മാർസിയോൺ സുവിശേഷം, മുതലായ സുവിശേഷങ്ങളും തിരസ്കൃത സുവിശേഷങ്ങളാണ്.

പല തിരസ്കൃത സുവിശേഷങ്ങളും ഗ്നോസ്റ്റിക് സുവിശേഷങ്ങൾ അഥവാ ജ്ഞാനവാദികളുടെ സുവിശേഷങ്ങൾ എന്നും അറിയപ്പെടുന്നു. ആത്മീയമൂല്യങ്ങളും നിഗൂഢാത്മക വചനങ്ങളും ഉൾക്കൊള്ളുന്നതാണ് ജ്ഞാനവാദികളുടെ തിരസ്കൃത സുവിശേഷങ്ങൾ. യേശുവിന്റെ വ്യക്തിത്വം, ദൈവസങ്കൽപ്പം, ആരാധന, അദ്ധ്യാപനങ്ങൾ, മോക്ഷം, ധാർമികത മുതലായ മിക്ക വിഷയങ്ങളിലും ജ്ഞാനവാദികളും യാഥാസ്തിതിക ക്രിസ്ത്യാനികളുടെ സഭാ വീക്ഷണവുമായി വളരെ വലിയ വ്യത്യാസങ്ങളുണ്ട്.

യേശുവിനെയും അദ്ദേഹത്തിന്റെ പേരിലുള്ള മതപ്രസ്ഥാനത്തെയും സംബന്ധിച്ച പ്രാഥമിക വിവരങ്ങളടങ്ങിയ സ്റോതസ്സ് എന്ന നിലക്കാണ് കാനോനികമായ ബൈബിൾ പുതിയ നിയമം കണക്കാക്കപ്പെടുന്നത്. ക്രി.വ 50നും 120 ഇടയിലാണ് ഈ മതഗ്രന്ഥം എഴുതപ്പെട്ടതെന്ന് കണക്കാക്കപ്പെടുന്നു. യേശുവിന്റെ സംസാര ഭാഷയായ അരാമിക്കിലല്ല ബൈബിൾ പുതിയ നിയമം ഒന്നാം പതിപ്പ് കണ്ടെത്തിയത്, ഗ്രീക്ക് ഭാഷയിലാണ്. അരാമിക്കിൽ നിന്നുമുള്ള വാമൊഴി നിവേദനങ്ങൾ ഗ്രീക്കിലേക്ക് നേരിട്ട് വിവർത്തനം ചെയ്യുകയാണുണ്ടായത് എന്ന് അനുമാനിക്കണം. അതിൽ നിന്നാണ് പിന്നീട് പരിഭാഷകൾ ഉണ്ടായത്. യേശുവിന്റെ സ്വന്തം വചനങ്ങൾ വളരെ കുറച്ച് മാത്രമേ ബൈബിളിൽ ഉള്ളൂ. ഉദാഹരണത്തിന്ന് ബൈബിൾ ഇംഗ്ലീഷ് കിംങ്ങ്സ് ജെയിംസ് പതിപ്പിൽ മൊത്തം 78,313 വാക്കുകളുണ്ട്. അതിൽ നാലു സുവിശേഷങ്ങളിലും കൂടി 31,325 വാക്കുകളാണ് യേശുവിന്റേതായുള്ളത്. അതായത് 4.0% മാത്രം 8 ഗ്രന്ഥകർത്താക്കൾ എഴുതിയ പുതിയ നിയമത്തിന്റെ ക്രോഡീകരണവും വിവാദാത്മകമാണ്. അത് സംബന്ധിച്ച് ആദ്യകാലങ്ങളിൽ ഏകാഭിപ്രായമുണ്ടായിരുന്നില്ല.

കാനോനീകരിക്കപ്പെട്ട ബൈബിൾ പുതിയ നിയമത്തിൽ 27 പുസ്തകങ്ങളാണുള്ളത്. അവ നാല് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്നു. **സുവിശേഷങ്ങൾ** (Gospels - 4), **അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങൾ** (Acts of Apostels -1), **അപ്പോസ്തലന്മാരുടെ ലേഖനങ്ങൾ** (Epistles-21), **വെളിപാട് പുസ്തകം** (Revelation-1) എന്നിവയാണവ. ബൈബിൾ പുതിയ നിയമത്തിന്റെ ആദ്യഭാഗത്തെയാണ് സുവിശേഷങ്ങൾ (Gospels) എന്ന് പറയുന്നത്. ക്രൈസ്തവ സഭകൾ അംഗീകരിച്ച സുവിശേഷങ്ങൾ നാലെണ്ണമാണ്. മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ. ഈ നാലു കാനോനിക സുവിശേഷങ്ങളിൽ ആദ്യം പറഞ്ഞ മൂന്ന് സുവിശേഷങ്ങൾ ഘടനയിലും ഉള്ളടക്കത്തിലും ശൈലിയിലും പൊതുവേ സമാന വീക്ഷണം പുലർത്തുന്നവയാണ് അത്കൊണ്ട് ഇവയെ സമവീക്ഷണ സുവിശേഷങ്ങൾ (Synoptic Gospels) എന്നാണ് പറയുന്നത്. യോഹന്നാൻ സുവിശേഷം സമവീക്ഷണ സുവിശേഷങ്ങളിൽ നിന്നും വ്യത്യസ്തമായാണ് കാര്യങ്ങൾ വിവരിക്കുന്നത്.

## യേശു: ബൈബിളിലെ വ്യക്തിപരമായ വിവരണങ്ങൾ

യേശുവിന്റെ വ്യക്തിഗത വിവരങ്ങളെ കുറിച്ചും ശൈശവത്തെ പറ്റിയും കുറഞ്ഞ പരാമർശമേ സുവിശേഷങ്ങൾ നൽകുന്നുള്ളൂ. അവതന്നെ അവ്യക്തങ്ങളും പരസ്പര വിരുദ്ധങ്ങളുമായി കാണപ്പെടുന്നു. യേശുവിന്റെ വംശാവലിയെ സംബന്ധിച്ച് മത്തായിയും ലൂക്കോസും മാത്രമേ വിവരിക്കുന്നുള്ളൂ. മത്തായിയുടെ സുവിശേഷത്തിൽ വംശാവലി വിവരണം അബ്രഹാമിൽ നിന്നും തുടങ്ങി അവരോഹണ ക്രമത്തിൽ കീഴ്പ്പോട്ട് മറിയമിന്റെ ഭർത്താവായ യോസേഫിൽ വന്നു നിൽക്കുന്ന രീതിയിലാണ് വിവരിച്ചിട്ടുള്ളത്. വാസ്തവ

ത്തിൽ ജോസഫ് യേശുവിന്റെ യഥാർത്ഥ ജനിതക പിതാവല്ല. യോസേഫിന്റെ ഭാര്യ എന്ന നിലക്ക് മറിയമിന്റെ മകനായ യേശുവുമായി ജോസഫിന്റെ വംശാവലിയെ ബന്ധിപ്പിക്കുകയാണ് ചെയ്യുന്നത്. (മത്തായി 1: 1–17). ലൂക്കോസിലാകട്ടെ യേശുവിൽ നിന്നുള്ള മേലോട്ടുള്ള അവരോഹണ ക്രമത്തിലാണ് വംശാവലിപ്പട്ടിക പുരോഗമിക്കുന്നത്. **യേശു യോസേഫിന്റെ മകൻ എന്ന് ജനം വിചാരിക്കുന്നു** (ലൂക്കോ: 3:23) എന്ന് പ്രതിപാദിച്ചുകൊണ്ടാണ് പിതൃപരമ്പര ആരംഭിക്കുന്നത്. ഈ പിതൃപരമ്പരപ്പട്ടിക രക്തബന്ധത്തിന്റെയോ ജനിതക ബന്ധത്തിലോ കണ്ണിചേർക്കപ്പെടുന്നില്ല എന്ന് വ്യക്തമാണ്. അത് അവസാനം ആദമിലും, ആദമിന്റെ പിതാവ് എന്ന നിലക്ക് ദൈവത്തിലും എത്തിച്ചേരുന്നു. ആദം ദൈവത്തിന്റെ പുത്രൻ എന്നാണ് ഇവിടെ വിവരിച്ചിരിക്കുന്നത് (ലൂക്കോ 3:23–38)

ഈ രണ്ട് വംശാവലിപ്പട്ടികയിലെ പിതൃപരമ്പര വിവരിക്കുന്നതിൽ ഗുരുതരമായ വൈരുദ്ധ്യങ്ങളുണ്ട്. യേശുവിന്റെ മാതാവിന്റെ ഭർത്താവായ ജോസഫിന്റെ പിതാവിന്റെ പേര് രണ്ട് പട്ടികയിലും രണ്ട് വിധമാണ് ബൈബിളിൽ ചേർത്തിട്ടുള്ളത്. മത്തായി വിവരിക്കുന്ന പട്ടികയിൽ യോസേഫിന്റെ പിതാവിനെ **യാക്കോബ്** എന്നാണ് വിവരിക്കുന്നത്. **'യാക്കോബ് മറിയമിന്റെ ഭർത്താവായ യോസേഫിന്റെ പിതാവ്' (മത്തായി 1:16)** എന്ന്. എന്നാൽ ലൂക്കോസിന്റെ സുവിശേഷത്തിൽ യോസേഫിന്റെ പിതാവിനെ വിവരിക്കുന്നത് **ഹേലി** എന്നാണ് **'യോസേഫ് ഹേലിയുടെ പുത്രൻ'(ലൂക്കോ: 3:23)**. മത്തായിയുടെ സുവിശേഷത്തിൽ അബ്രഹാം വരെ മാത്രമേ വംശാവലി പട്ടിക നീട്ടുന്നുള്ളൂ. എന്നാൽ മാർക്കോസ് ആദം വരെയും ആദമിൽ നിന്ന് പിതാവായ ദൈവത്തിലേക്കും വംശാവലി പട്ടിക നീട്ടുന്നുണ്ട്. (മാർക്കോ 3:38)

ഇസ്രയേലിന്റെ ഏറ്റവും പ്രഗത്ഭ രാജാവായ ദാവീദിനെ കണ്ണിചേർത്താണ് യേശുവിന്റെ വംശാവലി മത്തായിയും ലൂക്കോസും വിവരിക്കുന്നത്. ദാവീദിന്റെ വംശാവലിയിൽ നിന്നായിരിക്കും മിശിഹാ അവതരിക്കുക എന്ന യിരെമ്യാ പ്രവാചകന്റെ പ്രവചനം **(യിരെമ്യാ 23: 5–6)** പുലർന്നതായി കാണിക്കാൻ വേണ്ടിയാണ് സുവിശേഷകന്മാർ ഈ വംശാവലിപ്പട്ടിക തയ്യാറാക്കിയത് എന്ന് വ്യക്തം. പക്ഷേ അതിൽ വലിയ അബദ്ധങ്ങൾ പിണഞ്ഞിട്ടുണ്ടെന്ന് കരുതേണ്ടിയിരിക്കുന്നു. ദാവീദിന്ന് ഊറിയാ എന്ന ഭാര്യയിൽ പിറന്ന പുത്രൻ **സോളമൻ** രാജാവിലൂടെയാണ് യേശുവിന്റെ പിതൃ പരമ്പര മത്തായി വിവരിക്കുന്നത്. എന്നാൽ ലൂക്കോസ് ദാവീദിൽ എത്തിച്ചേരുന്നത് ദാവീദിന്റെ പുത്രൻ **നതാനി** ലൂടെയാണ് **(ലൂക്കോ3:31)**.

## യേശുവിന്റെ നാമം

**യേശു, എമ്മാനുവേൽ** എന്നീ രണ്ടു നാമങ്ങളാണ് അദ്ദേഹത്തിന്നുണ്ടായിരുന്നത് എന്നാണ് ബൈബിൾ പുതിയ നിയമത്തിൽ കാണുന്നത്. എമ്മാനുവേൽ (മത്താ: 1:23) യേശു എന്ന നാമം മറിയമിന്ന് മാലാഖ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് നൽകിയ പേരാണ് മത്താ (1:21). യേശ്വാ എന്ന ഹിബ്രു മൂലത്തിൽ നിന്നാണ് യേശു എന്ന പേര് നിഷ്പന്നമായത്. രക്ഷകൻ, രക്ഷിക്കാനുള്ള വിളി, സഹായത്തിന്നുള്ള നിലവിളി എന്നൊക്കെയാണ് യേശ്വാ പദത്തിന്നർത്ഥം. ഈ നാമം പല രൂപത്തിൽ പല ആളുകൾക്കുമായി ബൈബിൾ പഴയ നിയമത്തിൽ കാണാം. അതിന്റെ ഗ്രീക്ക് ഉച്ചാരണമാണ് **ജീസസ്**. പഴയ നിയമത്തിൽ ഉപയോഗിച്ച പല പ്രവചനാത്മകമായ പേരുകളും യേശുവിൽ ആരോപിക്കപ്പെട്ടതായി ബൈബിൾ പുതിയ നിയമത്തിൽ പ്രതിപാദനമുണ്ട്. അതിൽപെട്ട ഒരു നാമമാണ് എമ്മാനുവേൽ (മത്തായി 1:23). **'ദൈവം നമ്മോട് കൂടെ'** എന്ന് അർത്ഥമുള്ള പഴയ നിയമത്തിലെ **യെശയ്യാ** (7:14) യിൽ നിന്നെടുത്ത പ്രവചനാത്മകമായ ഈ നാമം മത്തായിയുടെ സുവിശേഷത്തിൽ മാത്രമാണുള്ളത്. യോസേഫാണ് **'എമ്മാനുവേൽ'** നാമമടങ്ങിയ സ്വപ്നം കാണുന്നത്. ബാല്യകാലത്ത് യേശുവിന്റെ അയൽവാസികളുടെ ഇടയിൽ അദ്ദേഹം അറിയപ്പെട്ടത് മരപ്പണിക്കാരൻ, മറിയമിന്റെ മകൻ, യാക്കോബ്, യോസെ, യൂദാ, ശിമയോൺ എന്നിവരുടെ സഹോദരൻ എന്നിങ്ങനെയാണ്. ജോസഫിന്റെ മകൻ യേശു (ലൂക്കോ 4:22, യോഹ:1:45, 6:42) നസ്രേത്തുകാരനായ യേശു (അപ്പോ: 10:38) നസ്രായനായ യേശു (മാർക്കോസ് 1:24 ലൂക്കോ ,24:19) എന്നീ വിശേഷണ പേരുകളിലും യേശുവിന്നുള്ളതായി പുതിയ നിയമത്തിൽ കാണം.

മറ്റൊന്ന് ക്രൈസ്റ്റ് (Christ) എന്ന അഭിധാനമാണ്. രാജാക്കന്മാരെയോ പുരോഹിതന്മാരെയോ വാഴിക്കുന്ന സന്ദർഭത്തിൽ ചെയ്യുന്ന കർമ്മമാണ് അഭിഷേകം. അഭിഷേകത്തിന്ന് ഹിബ്രുവിൽ Maschach എന്നും അറബിയിൽ 'മസഹ' എന്നും പറയുന്നു. അഭിഷിക്തൻ എന്ന അർത്ഥം വരുന്ന മിശിഹാ (Messiah) എന്ന ഹിബ്രു പദത്തിന്റെ ഗ്രീക്ക് വിവർത്തനമാണ് **ക്രിസ്തു**. അതായത് ഒരു പ്രത്യേക ദൈവിക ദൗത്യത്തിന്ന് പ്രേഷിതനാക്കപ്പെട്ട ആൾ എന്നർത്ഥം. യേശു ക്രിസ്തു എന്നാൽ 'അഭിഷിക്തനായ രക്ഷകൻ' എന്നർത്ഥം. ഇതൊരു യഹൂദ സങ്കൽപ്പമാണ്. യേശു ജനിക്കുന്ന കാലത്ത്, മസീഹ് അവതരിക്കുന്ന പ്രവചന പൂർത്തിയുടെ സമയം ആഗതമായി എന്ന സങ്കൽപ്പം യഹൂദരിൽ വ്യാപകവും പ്രബലവുമായിരുന്നു. പുതിയ നിയമത്തിൽ മത്തായി 16:16 യിലും മാർക്കോസിൽ പ്രഥമ വചനത്തിലും 1:1 ആ ക്രിസ്തുവാണ് യേശു എന്ന് പ്രതിപാദനം കാണാം.

## തൽമൂദിലെ പരാമർശങ്ങൾ

ക്രിസ്തുമതത്തിലെ കാനോനികമായ ബൈബിളിനും അപോ

ക്രിഫാ ഇനത്തിൽ പെട്ട സുവിശേഷങ്ങൾക്കും പുറമെ യേശുവിനെക്കുറിച്ചുള്ള മറ്റൊരു രേഖ യഹൂദരുടെ തൽമൂദിലുള്ള പരാമർശമാണ്. ബൈബിൾ പഴയ നിയമം കഴിഞ്ഞാൽ യഹൂദർക്ക് തൽമൂദ് ഏറ്റവും ആധികാരികമായുള്ള ഗ്രന്ഥമാണ്. തൽമൂദ് യേശുവിന്റെ സമകാലിക നൂറ്റാണ്ടുമുതൽ സമാഹരിക്കപ്പെട്ട ഗ്രന്ഥമാണ്. തൽമൂദിന്റെ ഒരു പ്രശ്നം യഹൂദന്മാരുടെ ഈ കൃതി യേശുവിനെ പറ്റിയും അദ്ദേഹത്തിന്റെ വന്ദ്യ മാതാവ് മറിയമിനെ പറ്റിയും വ്യങ്ങ്യരൂപത്തിൽ അങ്ങേയറ്റം നികൃഷ്ടമായ വിമർശനവും നിന്ദയുമുള്ള പരാമർശങ്ങളാണ് നടത്തിയിട്ടുള്ളത് എന്നതാണ്. കനോനികമല്ലാത്ത യഹൂദർക്കിടയിൽ ആദ്യനൂറ്റാണ്ടുകളിൽ പ്രചരിച്ച അനേകം കൃതികളിൽ യേശുവിനെ കുറിച്ച് വളരെ മോശമായ പരാമർശങ്ങളും ചിത്രീകരണങ്ങളുമുണ്ട്.

തൽമൂദ് എന്ന ഹിബ്രു പദത്തിനർത്ഥം അധ്യാപനങ്ങൾ പഠിപ്പിക്കൽ പ്രബോധനം എന്നൊക്കെയാണ്. ജൂതമതാധ്യാപനങ്ങൾ, ആചാരങ്ങൾ, തോറയുടെ പുരോഹിത വ്യാഖ്യാനങ്ങൾ, തോറയിൽ നിന്നും അവർ മനസ്സിലാക്കിയ കാര്യങ്ങൾ. തുടങ്ങി വാമൊഴിയായി ഉദ്ദരിക്കപ്പെട്ട പുരോഹിത വചനങ്ങളാണ് തൽമൂദ്. തൽമൂദിന് രണ്ട് ഭാഗങ്ങളുണ്ട് മിശ്ന, ഖമേര എന്നിവയാണവ. തൽമൂദിന്റെ ആദ്യഭാഗമായ മിശ്നയാണ് തൽമൂദിന്റെ മൂലഗ്രന്ഥം. മിശ്നയിൽ യേശുവിനെ പറ്റി പരാമർശമില്ല. മിശ്നയുടെ വ്യാഖ്യാനമായ ഗമേരയിലാണ് യേശുവിന്റെ നാമം അൽപ്പം രൂപമാറ്റം വരുത്തി ജോഷ്വാ (Joshua) എന്ന പേരിലെ പരാമർശം. മിക്ക പണ്ഡിതന്മാരും ഇത് യേശുവിനെ പറ്റിയുള്ളതാണെന്ന് അസന്നിഗ്ദമായി തിരിച്ചറിഞ്ഞിട്ടുണ്ട്.

യേശുവിനെ സംബന്ധിച്ചും മാതാവ് മറിയയെ സംബന്ധിച്ചും വളരെ നിന്ദ്യമായ പരാമർശങ്ങളുള്ളതിനാൽ മദ്ധ്യകാലഘട്ടത്തിൽ പലയിടങ്ങളിലും വിവാദാത്മകമായ ഈ പരാമർശങ്ങൾ യഹൂദ-ക്രിസ്ത്യൻ പണ്ഡിതന്മാർ ചർച്ച ചെയ്തിട്ടുണ്ട്. പ്യാരീസ് തർക്കങ്ങൾ (Disputation of Paris) ബാർസിലോണിയൻ തർക്കങ്ങൾ (Disputation of Barcelona) റ്റോർടോസാ തർക്കങ്ങൾ (Disputation of Tortosa) എന്നിങ്ങനെ വിവാദാദ്മകമായ സംവാദങ്ങളായിട്ടാണ് അത് അറിയപ്പെടുന്നത്. തുടർന്ന് തൽമൂദ് നിരോധിക്കുകയും ആന്റി സെമിറ്റിസം എന്ന പേരിൽ നിരവധി യഹൂദ വേട്ടകളും വിചാരണകളും കൂട്ടക്കുരുതിയും അരങ്ങേറിയിട്ടുണ്ട്. യഹൂദരുടെ അതിനിശിതമായ യേശു നിന്ദ പരോക്ഷമായി തൽമൂദിൽ ഉണ്ട് എന്നത് കൊണ്ടുകൂടിയാണ് മദ്ധ്യനൂറ്റാണ്ടുകളിൽ ക്രിസ്തീയ ലോകത്തുണ്ടായ യഹൂദ പീഢനങ്ങൾ. ആ പരാമർശങ്ങളെ, അതൊന്നും യേശുവിനെ പറ്റിയായിരുന്നില്ല എന്ന് പറഞ്ഞു യഹൂദ റബ്ബിമാർ അത് നിഷേധിക്കുകയാണ് പതിവ്. ഇവിടെ നാം ഈ നിന്ദ്യമായ പരാമർശം ഉദ്ദരിക്കുന്നത് ഒരു ചരിത്രരേഖ എന്ന നിലക്കാണ്. ജൂതായിസത്തെ പറ്റി ആധികാരികമായി പഠിച്ച പീറ്റർ ഷഫർ എന്ന പ്രഗത്ഭനായ ജർമ്മൻ പണ്ഡിതൻ തൽമൂദിലെ ജോഷ്വായെ (യേശു) പറ്റിയുള്ള പരാമർശങ്ങൾ ബൈബിൾ പുതിയ നിയമത്തിൽ യേശുവിനെ സംബന്ധിച്ച വിവരണങ്ങളുടെ നിന്ദാത്മകമായ ഹാസ്യാനുകരണം (Parodies) ആണെന്നാണ് പറഞ്ഞത്. യേശുവിനെ വ്യംഗ്യമായി 'ബെൻ സ്റ്റാഡാ' എന്നാണ് തൽമൂദ് വിശേഷിപ്പിക്കുന്നത് അതിനർത്ഥം 'വ്യഭിചാര പുത്രൻ' എന്നാണ്. പീറ്റർ ഷഫർ അതിനെ കുറിച്ച് എഴുതുന്നു.

അദ്ദേഹത്തിന്റെ(യേശു) മാതാവിന്റെ യഥാർത്ഥ നാമം മിറിയം (Miriam) എന്നായിരുന്നു. സ്റ്റാഡ (Stada) എന്നത് ഹിബ്രു അറാമിക് മൂലമായ സത് അഷ്/ സെതെ (യഥാർത്ഥ മാർഗ്ഗത്തിൽ നിന്നും വ്യതിചലിച്ച് പോയവൾ, മാർഗ്ഗ ഭ്രംശി, അവിശ്വാസി) എന്ന ധാതുവിൽ നിന്നും നിഷ്പന്നമായതാണ്. മറ്റൊരർത്ഥത്തിൽ അയാളുടെ മാതാവ് മിറിയം സ്റ്റാഡ് എന്നു വിളിക്കപ്പെട്ടിരുന്നു. കാരണം അവൾ ഒരു 'സോറ്റ്' ആയിരുന്നു. അതായത് വ്യഭിചാരിയെന്ന് അവളെ സംശയിക്കുന്നതിനേക്കാൾ അക്കാര്യം ബോധ്യപ്പെടുന്ന ഒരു സ്ത്രീയായിരുന്നു. (Jesus in the Talmud by Peter Schäfer - Page 141)

നാം ഇവിടെ തൽമൂദ് ചർച്ച ചെയ്യുന്നത് യേശുവിനെ സംബന്ധിച്ച് ജോഷ്വാ എന്ന പേരിലുള്ള ഒരു ചരിത്ര പരാമർശം എന്ന നിലക്ക് മാത്രമാണ്. മറിയ ഒരു റോമൻ പടയാളിയുടെ കാമുകിയായിരുന്നു എന്നും അവർ ജാരവൃത്തി നടത്തിയവളായിരുന്നു എന്നും വരെയുള്ള വളരെ നിന്ദ്യമായ പരാമർശങ്ങളാണ് വ്യംഗ്യമായി യഹൂദരുടെ തൽമൂദിലുള്ളത്.

യേശുവിനെ പറ്റിയുള്ള മറ്റൊരു പുരാതനവും നിന്ദ്യവുമായ പരാമർശത്തിന് മറ്റൊരു ഉദാഹരണം ഒന്നാം നൂറ്റാണ്ടിൽ (മിക്കവാറും എ.ഡി 135 ൽ) രചിക്കപ്പെട്ട് *Dialogue with Trypho, The Jew* എന്ന പുസ്തകത്തിലുള്ളതാണ്. 'ഗലീലിയിൽ നിന്നുള്ള യേശു എന്ന വ്യാജവാദി ക്രൂശിക്കപ്പെടുകയും ക്രൂശിതനായതിന് ശേഷം രാത്രിയിൽ അവൻ കിടന്ന കല്ലറയിൽ നിന്നും അനുയായികൾ അവനെ കട്ടുകൊണ്ടു പോകുകയും അങ്ങനെ ഇപ്പോൾ വ്യാജനായ അയാൾ മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേറ്റ് ആകാശത്തേക്ക് ആരോഹിതനായി എന്ന് അവകാശപ്പെടുകയും ചെയ്യുന്നു' *(Dialogue with Trypho, The Jew*, Chapter 108 - Praten, 1867: 235).

യേശുവിന്റെ കാലത്തും തുടർന്നും യേശുവിനെ അവിശ്വസിക്കുകയും അദ്ദേഹത്തെ ക്രൂശിക്കാൻ ശ്രമിക്കുകയും ചെയ്ത യഹൂദരും അവരുടെ പിന്മുറക്കാരും തൽമൂദിലും മറ്റു കൃതികളിലും പ്രത്യക്ഷമായും

പ്രച്ഛന്നമായും എഴുതി ചേർത്ത ഈ പരാമർശങ്ങൾ യേശു ഒരു ചരിത്ര പുരുഷനാണ് എന്നുള്ളതിന് തെളിവായി വരുന്നു. അതിൽ പലതും ഇവിടെ എഴുതാൻ കൊള്ളാത്തയത്ര അതിരൂക്ഷമായ യേശുനിന്ദയാണ്.

### യേശു: അക്രൈസ്തവ ചരിത്ര സാക്ഷ്യങ്ങളുടെ അഭാവം

യേശുവിനെ സംബന്ധിച്ചുള്ള ജീവിതകാലത്തെയോ സമീപകാലത്തെയോ അക്രൈസ്തവ സാക്ഷ്യങ്ങൾ വളരെ വിരളമാണ്. ബൈബിൾ പരാമർശങ്ങളെ സാക്ഷീകരിക്കുന്ന രണ്ട് അക്രൈസ്തവ സാക്ഷ്യങ്ങൾ യോഹന്നാൻ സ്നാപകൻ യേശുവിനെ ജ്ഞാന സ്നാനം ചെയ്യിച്ച സംഭവവും, യേശുവിനെ ക്രൂശിക്കാൻ റോമൻ അധികാരം കൈയ്യാളിയിരുന്ന പീലാത്തോസിന്റെ ആജ്ഞയുമാണ്. ക്രി. വ 55 നോടടുത്ത് ജനിച്ചതായി കരുതപ്പെടുന്ന പുരാതന റോമൻ ചരിത്രകാരൻ പബ്ലിയസ് കൊർണേലിയസ് ടാസിറ്റസ് (Publius Cornelius Tacitus)ന്റെ വിവരണങ്ങളിലുള്ള യേശുവിനെ സംബന്ധിച്ച പരാമർശങ്ങളാണ് പ്രധാനമായ ഒരു അക്രൈസ്തവ സാക്ഷ്യം. കൊർണേലിയസ് ടാസിറ്റസ് റോമൻ സെനറ്റർ, പ്രവിശ്യാ ഗവർണർ എന്നീ ഭരണപരമായ പല സ്ഥാനങ്ങളും വഹിച്ചിരുന്നു. അദ്ദേഹം പുരാതന റോമിലെ മഹാനായ ചരിത്രകാരനായിട്ടാണ് അറിയപ്പെടുന്നത്. ടാസിറ്റസിന്റെ പ്രശസ്തമായ രണ്ട് ചരിത്ര കൃതികളാണ് ഹിസ്റ്ററോറീസ് (The Histories), അന്നൽസ് (The Annals -വാർഷിക വൃത്താന്തം) എന്നീ ഗ്രന്ഥങ്ങൾ. ക്രി.വ 14 മുതൽ ക്രി.വ 70 ൽ ഉണ്ടായ റോമൻ യഹൂദ യുദ്ധം വരെയുള്ള ചരിത്രമാണ് ആ ഗ്രന്ഥങ്ങളിലെ കണ്ടെടുക്കപ്പെട്ട ഭാഗങ്ങളിൽ വിവരിച്ചിട്ടുള്ളത്. ടൈബരിയാസ്, കലിഗുള, ക്ലാവുഡിയസ് നീറോ എന്നീ റോമാ ചക്രവർത്തിമാരുടെ ചരിത്രമാണ് ഈ ഗ്രന്ഥങ്ങളിലെ പ്രതിപാദ്യം. ടാസിറ്റസ് എഴുതിയ വാർഷിക വൃത്താന്തം (അന്നൽസ്) എന്ന ഗ്രന്ഥത്തിലാണ് ക്രിസ്തുവിനെയും ക്രിസ്ത്യാനികളെ പറ്റിയും ആദ്യത്തെ പുരാതന പരാമർശങ്ങളിലൊന്ന് ഉള്ളത്. ക്രിസ്തുമതത്തിന്റെ വിമർശകനായ ടാറ്റിസസ്സ് ക്രിസ്ത്യാനികളോട് അനുഭാവമുള്ളയാളായിരുന്നില്ല. നീറോ എന്ന റോമാ ചക്രവർത്തിയുടെ കാലത്ത് റോമാ നഗരത്തിൽ വലിയ ഒരു അഗ്നിബാധയുണ്ടായി. നീറോ തന്നെ തീ കൊളുത്തിയതാണെന്ന് ജനങ്ങൾ സംശയിക്കാൻ തുടങ്ങിയപ്പോൾ അയാൾ ആ പാതകം ക്രിസ്ത്യാനികളുടെ തലയിൽ കെട്ടിവെക്കുകയും അവരെ മൃഗീയമായ പീഢനങ്ങൾക്ക് വിധേയമാക്കുകയും ചെയ്തു. എന്നാണ് ടാറ്റിസസ് വിവരിക്കുന്നത്. നീറോയുടെ ഈ ക്രൂരകൃത്യങ്ങളുടെ പശ്ചാത്തലത്തിലാണ് യേശുവിനെ പറ്റിയും ക്രിസ്ത്യാനികളെ പറ്റിയുമുള്ള പരാമർശമുള്ളത്. ടാറ്റിസസ് പറയുന്നു:

**'നീറോ കുറ്റകൃത്യങ്ങളിൽ വ്യാപൃതനായി............ ക്രിസ്ത്യാനികൾ എന്ന് പൊതുവേ അറിയപ്പെടുന്ന ഒരു വിഭാഗത്തെ അദ്ദേഹം കഠിനമായി വെറുത്തു. ക്രിസ്തുവിൽ (Christus) നിന്നാണ് ക്രിസ്ത്യാനികളുടെ ആ പേരിന്റെ ഉത്ഭവം. ക്രിസ്തുവാകട്ടെ ടൈബീരിയസ്സിന്റെ ഭരണ കാലത്ത് പോണ്ടിയസ് പിലാത്തോസ് എന്ന നമ്മുടെ പ്രോക്യുറേറ്ററിൽ നിന്നും ആത്യന്തികമായ ശിക്ഷ (മരണ ശിക്ഷ) ഏറ്റുവാങ്ങി. അതോടെ അവരുടെ അങ്ങേയറ്റത്തെ അന്ധവിശ്വാസം തടയാൻ സാധിച്ചു. വീണ്ടും അവർ ജൂദിയായിൽ മാത്രമല്ല റോമാ നഗരത്തിൽ പോലും തലപൊക്കിയിരിക്കുന്നു.'** (Tacitus, Annals 15.44, cited in Strobel, The Case for Christ, 82)

യേശുവിനെ സംബന്ധിച്ച പൗരാണികമായ രണ്ടാമത്തെ വിവരണം റോമൻ ഭരണ പ്രദേശമായിരുന്ന ജെറുസലേമിൽ കുലീന യഹൂദ പുരോഹിത കുടുംബത്തിൽ ജനിച്ച ജോസിഫസ് ഫ്ളേവിയസ്സ് (ക്രി. വ 37–97) എന്ന യഹൂദ ചരിത്രകാരന്റേതാണ്. അന്ന് ഫലസ്തീൻ റോമൻ ഭരണത്തിന്ന് കീഴിലായിരുന്നല്ലോ. റോമൻ അടിമത്വത്തിൽ നിന്നുള്ള മോചനത്തിന്നായി റോമിനെതിരെ യഹൂദർ നടത്തിയ സമരത്തിൽ പങ്കെടുക്കുകയുണ്ടായെങ്കിലും പിന്നീട് റോമൻ പൗരത്വം സ്വീകരിച്ച് റോമൻ പക്ഷത്ത് ചേരുകയും യഹൂദസമരത്തെ തള്ളിപ്പറയുകയും ചെയ്ത ആളാണ് ജോസിഫസ്. ക്രി. വ 77 ൽ എഴുതിയ യഹൂദന്മാരുടെ പൗരാണികത്വം (Antiquities of the Jews) എന്ന പ്രശസ്തമായ പുസ്തകത്തിലാണ് യേശുവിനെ സംബന്ധിച്ചും ക്രിസ്തുമതത്തിന്റെ ഉത്ഭവത്തെ സംബന്ധിച്ചും പുരാതന അക്രൈസ്തവ പരാമർശങ്ങളുള്ളത്. ഫ്ളേവിയസ്സിന്റെ സാക്ഷ്യം (Testimonium Flavianum-Flavian Testimony) എന്നാണ് ഇത് അറിയപ്പെടുന്നത്. അതിൽ യേശുവിനെ സംബന്ധിച്ച് പരാമർശങ്ങൾ ആധികാരികതയെപറ്റി സംശയമുണ്ട്. 'ആന്റിക്വിറ്റീസ് ഓഫ് ജൂസ്' എന്ന പുസ്തകത്തിൽ ജോസഫസ് എഴുതുന്നു:

**'ഏതാണ്ട് ഈ കാലത്ത് ക്രിസ്തു എന്ന പേരോടു കൂടി ജ്ഞാനിയായ ഒരു മനുഷ്യൻ വെറും മനുഷ്യനെന്ന് ഇദ്ദേഹത്തെ വിളിക്കാമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം പ്രത്യക്ഷപ്പെട്ടു. അനേകം അത്ഭുത സിദ്ധികളുള്ളവനായിരുന്നു അവൻ; സന്തോഷത്തോടെ സത്യം സ്വീകരിക്കുവാൻ സന്നദ്ധത പ്രദർശിപ്പിച്ചവരെ അവൻ ഉപദേശിച്ചു. യഹൂദരും ഗ്രീക്കുകാരും അവന്റെ അനുയായികളായി. ഈ മനുഷ്യനായിരുന്നു ക്രിസ്തു. നമ്മുടെ രാഷ്ട്രത്തിലെ പ്രമുഖ വ്യക്തികൾ അയാളുടെ പേരിൽ കുറ്റാരോപണം നടത്തിയതിനാൽ പീലാത്തോസ് അദ്ദേഹത്തെ കുരിശു മരണത്തിന്നു വിധിച്ചു എങ്കിലും അവനിൽ**

ശേഷം പേജ് 34 ൽ

# കുട്ടികളോടുള്ള പെരുമാറ്റം

കുട്ടികളോടുള്ള പെരുമാറ്റം അതീവ ജാഗ്രതയും ശ്രദ്ധയും അർഹിക്കുന്ന ഒരു വിഷയമാണ്. ഏറ്റവും സുപ്രധാനമായ ഇക്കാര്യം പല മാതാപിതാക്കന്മാരും അദ്ധ്യാപകരും പലപ്പോഴും അവഗണിക്കുകയും നിരുത്തരവാദപരവും വിവേകരഹിതമായും പെരുമാറുകയും ചെയ്യുന്നു. യാതൊരുകാരണവശാലും പിഞ്ചുകുട്ടികളെ അടിക്കാൻ പാടില്ല. അവരെ അടിക്കുന്നത് ഗൗരവമേറിയ ഒരു ക്രിമിനൽ കുറ്റമായാണ് പല രാജ്യങ്ങളിലെ നിയമങ്ങളും വ്യവസ്ഥ ചെയ്തിട്ടുള്ളത്.

**അബൂറിസ് വാൻ**

കുട്ടികളോട് ക്രൂരമായി പെരുമാറുന്നതും ശാരീരികമായി പീഢിപ്പിക്കുന്നതും പല പശ്ചാത്യ രാജ്യങ്ങളിലും ശിക്ഷാർഹമായ കുറ്റമാണ്. മാതാപിതാക്കന്മാരുടെ കൈയിൽ ദൈവത്താൽ ഏൽപ്പിക്കപ്പെട്ട നിസ്സഹായരും നിഷ്ക്കളങ്കരുമായ കുട്ടികളെ വേദനിപ്പിക്കുക എന്നത് അങ്ങേയറ്റം മനുഷ്യത്വ വിരുദ്ധവും ദൈവത്തോട് കണക്ക് പറയേണ്ട കുറ്റകൃത്യവുമാണ്. കുട്ടികളോട് സ്നേഹമില്ലാത്ത മാതാപിതാക്കൾ കാണില്ല. മനുഷ്യ സന്തതികൾ മാത്രമല്ല ജന്തുലോകത്തും സഹജമായ ഈ വികാരം കാണാം. കുട്ടികളെ നല്ലവരാക്കി തീർക്കാൻ ചില മാതാപിതാക്കന്മരും അദ്ധ്യാപകന്മാരും അവലംബിക്കുന്ന ശിക്ഷണ ശൈലിയാണ് എതിർക്കപ്പെടേണ്ടത്. കർക്കശമായ നിയന്ത്രണമേർപ്പെടുത്തിയും ദണ്ഡന മുറകളിലൂടെയും സർക്കസ് കൂടാരത്തിലെ മൃഗശിക്ഷകനായ റിംങ്ങ് മാസ്റ്ററെ പോലെ ഇവർ വകതിരിവില്ലാതെ കുട്ടികളോട് പെരുമാറുന്നു. കുട്ടികളോടുള്ള സ്നേഹമയമായ പെരുമാറ്റത്തിന്റേയും സദുപദേശത്തിന്റേയും സ്വാധീനശക്തി ഇത്തരം ആളുകളുടെ മനോഘടനക്കജ്ഞാതമാണ്. പീഢകരായ മാതാപിതാക്കന്മാരുടെ സന്തതികൾ സമൂഹത്തിന്ന് മുമ്പിൽ ഏറ്റവും പരിഗണനയർഹിക്കുന്ന ഒരു വിഭാഗമാണ്. എത്രതന്നെ നിയമ പരിരക്ഷ ഉണ്ടായാലും തങ്ങളുടെ വേദനകളും കൊച്ചു സങ്കടങ്ങളും സഹിക്കുകയല്ലാതെ അത് ആരോടെങ്കിലും പറയാനോ അതിനെ പ്രതിരോധിക്കാനോ അതിൽ നിന്ന് മോചനത്തിനോ പിഞ്ചുകുട്ടികൾക്കാവില്ല. പാശ്ചാത്യ നാടുകൾ ഇക്കാര്യത്തിൽ വിട്ടുവീഴ്ച്ചയില്ലാത്ത വൻ ജാഗ്രതയാണ് കാണിക്കുന്നത്. മിണ്ടാപ്രാണികളെ പോലെ ഈ ദണ്ഡനപീഢനത്തിന് കീഴിൽ വീർപ്പ് മുട്ടിക്കഴിയുന്ന നിസ്സഹായരായ മനുഷ്യശിശുക്കൾ സമൂഹത്തിന്റെ ഏറ്റവും സഹാതാപമർഹിക്കുന്ന വിഭാഗമാണ്. അത്തരം മാതാപിതാക്കന്മാർക്കെതിരെ ഫലപ്രദമായ നിയമ നിർമ്മാണങ്ങൾ നടത്തേണ്ടതാണ്.

കുട്ടികളുടെ മനശ്ശാസ്ത്രത്തെക്കുറിച്ചുള്ള ആധുനിക പഠനങ്ങൾ നിരവധി വിവരങ്ങൾ നമുക്ക് നൽകുന്നുണ്ട്. മനുഷ്യ ശിശുവിന്റെ വളർച്ച അത്ഭുതങ്ങൾ നിറഞ്ഞതാണ്. ശിശു ജനിക്കുമ്പോൾ ഉള്ളതും ഇല്ലാത്തതുമായ സിദ്ധികൾ ഏതൊക്കെയാണെന്ന് നാം അറിഞ്ഞിരിക്കണം. പുതുതായി ജനിച്ച കുഞ്ഞിന്ന് അനിഛാ പ്രതികരണങ്ങൾ (Reflexes) ഉണ്ട്. അവന്റെ നിയന്ത്രണം കൂടാതെ തന്നെ പ്രവർത്തിക്കുന്ന ജൈവ പ്രക്രിയയാണ് അനിഛാ പ്രതികരണങ്ങൾ. ഉറക്കം അതിലൊന്നാണ്. ദൈവം ശിശുവിന്ന് നൽകിയ രക്ഷോപായമാണിത്. ജനിച്ച ശിശുവിന്ന് ജന്മ വാസനകൾ ഉണ്ടാവാം. പക്ഷേ ശീലങ്ങളൊന്നും ഉണ്ടായിക്കഴിഞ്ഞിട്ടില്ല. ശീലങ്ങൾ പിന്നീട് ആർജ്ജിച്ചെടുക്കുന്നതാണ്. ശിശു മഹാ യാഥാസ്ഥിതികനായിരിക്കും. ഗർഭകാലത്തെ അവസ്ഥ തന്നെ തുടരാനെന്ന ഭാവത്തിൽ സദാ നിദ്രാലുവായിരിക്കും. അപരിചിതമായ ബാഹ്യ ലോകത്തെ ഒഴിവാക്കാനും ദ്രുതഗതിയിലുള്ള വളർച്ചക്കുമാണ് ഈ ഉറക്കം. പിന്നീട് ബാഹ്യലോകവുമായി

ഇടപഴകാൻ അവൻ നിർബന്ധിത നാകുന്നു. അപ്പോഴാണ് അവനിൽ ശീലങ്ങൾ ആവിർഭവിക്കുന്നത്. വളർന്ന് വലുതാവുമ്പോൾ അവനെ തല്ലാൻ കൈയിൽ വടിയുമായി നിൽക്കുന്ന മാതാവിന്ന് ശിശുവിൽ ശീലങ്ങൾ വളർത്തിയെടുക്കുന്ന തിൽ വലിയ പങ്കുണ്ട്. പ്രഹരിച്ചും വേദനിപ്പിച്ചുംകൊണ്ടല്ല ശിശുക്ക ളിൽ ശീലങ്ങൾ വളർത്തേണ്ടത്. ബുദ്ധിപരമായ സമീപനത്തിലൂടെ യായിരിക്കണം ഇത് നിർവ്വഹിക്കേ ണ്ടത്. ഉദാഹരണത്തിന്ന് കുട്ടിക്ക് ഭക്ഷണം നൽകുന്നത് കൃത്യ സമയത്തായിരിക്കണം ദഹനേന്ദ്രിയ ങ്ങളുടെ പ്രവർത്തനവും ദഹനരസ ത്തിന്റെ ഉദ്പാദനവും കൃത്യമായി പ്രവർത്തനക്ഷമമാവണമെങ്കിൽ കൃത്യ സമയത്ത് ശിശുവിന്ന് ആഹാരം നൽകണം. സ്വഭാവത്തേ യും ഇത് വലിയ തോതിൽ സ്വാധീ നിക്കുന്നു. മറിച്ച് കരയുമ്പോഴൊ ക്കെ ആഹാരം കൊടുക്കുന്ന ശീലം അവനു തന്നെ പ്രതികൂലമായി ബാധിക്കും. കരച്ചിൽ കൊണ്ട് കാര്യം സാധിക്കാമെന്ന് അവൻ കരുതും പിന്നെ എന്തിന്നും ഏതി ന്നും കരയുക എന്ന ശീലം അവനിൽ വളർന്നുവരും. താൻ അനാവശ്യമായി എത്ര നേരം കരഞ്ഞാലും ലോകം അത് ശ്രദ്ധി ക്കുന്നില്ല എന്ന ബോധം ശിശുവിൽ ഉണ്ടായി തീരണം. ശ്രദ്ധിക്കേണ്ട പ്രധാനകാര്യം ശിശുവിന്റെ എല്ലാ കരച്ചിലും മാതാക്കൾ അവഗണിക്ക രുത്. കരച്ചിൽ അവന്റെ ഒരേയൊരു ആശയ വിനിമയ മാർഗ്ഗമെന്ന നിലക്ക് ശിശുവിന്റെ കരച്ചിലിനെ സംബന്ധിച്ച് മാതാക്കൾ അതീവ ശ്രദ്ധാലുക്കളായിരിക്കുകയും അത് തിരിച്ചറിയുകയും വേണം. ശിശു വളരാൻ തുടങ്ങുമ്പോൾ തന്നെ ഇത്തരം ശീലങ്ങൾ അവരിൽ വളർത്തിയെടുക്കാൻ മാതാക്കൾ ശ്രദ്ധിക്കണം. മാതാപിതാക്കന്മാരു ടെ നല്ല കർമ്മ മാതൃകളോളം കുട്ടികളെ സ്വാധീനിക്കുന്ന മറ്റൊ ന്നുമില്ല. ഉപദേശമോ ശാസനയോ തല്ലലോ ആശ്രയിക്കാതെ നല്ല മാതൃകകൾക്ക് കുട്ടികളെ സ്വാധീ നിക്കാൻ കഴിയുന്നതാണ്. സ്വഭാവ സംസ്ക്കരണത്തിൽ അഹ്മദിയ്യാ ഖലീഫമാർ നൽകുന്ന ശിക്ഷണ ങ്ങൾ കുട്ടികളെ സന്മാർഗികളാക്കി മാറ്റാൻ ഏറ്റവും ഉതകുന്ന ആത്മീ യൗഷധങ്ങളാണ്. അമിത വാത്സല്യ വും കുട്ടിക്ക് എന്തും സാധിപ്പിച്ചു കൊടുക്കുന്ന പതിവും മാതാപിതാ ക്കൾ ഒഴിവാക്കണം. ഇത്തരം നല്ല ശീലങ്ങൾ വളർത്തിയാൽ കുട്ടിക ളെ തല്ലേണ്ട പ്രശ്നം ഉദിക്കുന്നില്ല. സ്വന്തം കുട്ടികൾ അന്യനെ ഉപദ്രവിക്കമ്പോഴും അന്യന്റെ വീട്ടിലെ സാധനങ്ങൾ തകർത്ത് തരിപ്പണമാക്കുമ്പോഴും കുട്ടിയെ ഗുണ ദോഷിക്കാതെയും അവനെ തടയാതെയും അതെല്ലം നോക്കി ആനന്ദിച്ചിരിക്കുന്ന മാതാപിതാക്കൾ ഒരു പക്ഷേ പരപീഢയിൽ രസം കണ്ടെത്തുന്ന ഒരു കൊച്ചു സാഡി സ്റ്റിനേയോ ഫാസിസ്റ്റിനേയോ ക്രിമിനലനിനെയോ ആണ് വളർ ത്തിവലുതാക്കുന്നത് എന്നോർക്കു ക. അത്തരത്തിൽ അതിരുകടക്കു ന്ന ഹൈപ്പർ ആക്ടീവായിട്ടുള്ള കുട്ടികളെ ലഘുവായി വേദനിപ്പി ക്കുകയോ ശിശുമനശ്ശാസ്ത്രജ്ഞ ന്മാരുടെ കൗൺസലിംങ്ങിന്ന് വിധേ യമാക്കുകയോ വേണം.

ചഞ്ചലതയും കളിഭ്രമവും അവരുടെ ജൈവപ്രകൃതിയിൽ ദൈവം നിക്ഷേപിച്ച പ്രത്യേകതക ളാണ്. അവരുടെ ചലനങ്ങളും ചിന്തയും അതു പോലെ അസ്ഥിര മാണ്. മാത്രമല്ല ചലിക്കുന്നതെല്ലാം അവരുടെ ശ്രദ്ധയെ പിടിച്ചു പറ്റുക യും ചെയ്യും. ജന്തു ലോകത്തെ കുട്ടികളെ നിരീക്ഷിച്ചാൽ ഏളുപ്പതി ൽ ഇത് മനസ്സിലാവും. പൂച്ചകുട്ടി കളും പട്ടികുട്ടികളും ചലിക്കുന്ന എന്തിന്റെയും പിന്നിൽ പായുന്ന സ്വഭാവമുള്ളവരാണ്. കളിയാണ് കുട്ടികളുടെ പ്രായത്തിലെ മുഖ്യ ജീവിത വൃത്തി. അടക്കമില്ലാത്ത ഈ കളിയാണ് വികൃതിയെന്ന് നമ്മിൽ പലരും പറഞ്ഞ് നെറ്റിചുളി ക്കുന്നത്. ഈ ചഞ്ചല പ്രകൃതിയെ ക്ലാസ്റൂമിലെ കൃത്രിമാന്തരീക്ഷ ത്തിൽ അടക്കിയിരുത്തി പഠിപ്പിക്കു മ്പോൾ കുട്ടികളുടെ സ്വാഭാവിക പ്രകൃതിയെ പറ്റിയും അതിസൂക്ഷ്മ വും ശീഘ്രവുമായ അവരുടെ സംവേദന ശേഷിയെപറ്റിയും രക്ഷിതാക്കന്മാർക്കും അദ്ധ്യാപകർ ക്കും ബോധം വേണം. ചില റിംങ്ങ്മാസ്റ്റർമാരായ പിതാക്കന്മാർ ക്ക് അദ്ധ്യാപകർക്കും ഈ വികൃതി കൾ അശേഷം ദഹിക്കില്ല. ഈ പരിതസ്ഥിതിയിൽ തല്ലുകാരായ മാതാപിതാക്കന്മാരുടെ സന്താനമാ യി ജനിക്കുന്ന വികൃതി കുട്ടന്മാരു ടെ സ്ഥിതിയാണ് കഷ്ടം. പ്രഹരി ക്കൽ കുട്ടികളിൽ മാനസികവും ബുദ്ധിപരവുമായി വലിയ ആഘാ തങ്ങളാണുണ്ടാക്കുക. കുട്ടികളെ നന്നാക്കാനാണ് അവർ തല്ലുന്നതെ ന്നാണ് ന്യായം. മിക്കവാറും തങ്ങളുടെ അരിശം തീർക്കാനോ, കോപം ശമിപ്പിക്കാനോ തങ്ങളുടെ നീചഹിതം അവരിൽ അടിച്ചേൽപ്പി ക്കാനോ ആണ് അവർ പിഞ്ചുകുട്ടി കളുടെ പൂമേനിയിൽ വേദനിപ്പിക്കു ന്നത്. നഴ്സറി ക്ലാസുകളിൽ പോലും വിദ്യാഭ്യാസം എന്നത് കഴുത്തറുപ്പൻ മത്സരമാണ്. ഈ മത്സരത്തിൽ മുന്നിലെത്താൻ കുതിമുള്ളടിച്ച് കുതിരയെ പായി ക്കുന്നത് പോലെ കുട്ടികളെ അടിച്ച് പഠിപ്പിക്കുന്ന മാതൃപീഢകയാണ് ആധുനിക ശിശുവിന്റെ ഏറ്റവും വലിയ പ്രതിയോഗികളിലൊരാൾ. ഇത്തരം ബോധന രീതികൾ അശാ സ്ത്രീയവും കുട്ടികളിൽ നേർവിപ രീതഫലവുമാണുണ്ടാക്കുക.

കുട്ടികളുടെ കാര്യത്തിൽ ആധുനിക സമൂഹം അതീവ ശ്രദ്ധാലുവാണ് എന്ന കാര്യത്തിൽ സംശയമില്ല. മിക്ക വീടുകളിലെയും രാജകുമാരന്മാരും രാജകുമാരിമാരു മാണ് അവർ. കുഞ്ഞുങ്ങൾ സ്വയം തന്നെ എല്ലാവരുടേയും സ്നേഹ വാത്സല്യങ്ങൾക്ക് പാത്രമാണ്. ഇക്കാലത്തെ അണുകുടുംബങ്ങ ളിൽ ഒന്നോ രണ്ടോ സന്താനങ്ങൾ മാത്രമേ കാണൂ. അവരാകട്ടെ മറ്റു ബന്ധുജനങ്ങളിൽ നിന്നും പ്രായ മുള്ളവരിൽ നിന്നും വേറിട്ട് കഴിയു കയും ചെയ്യുന്നു. പ്രായമേറിയവർ

എപ്പോഴും പിഞ്ചുകുട്ടികളുടെ കൂട്ടുകാരാണ്. അവരുടെ സാന്നിദ്ധ്യം ഇന്ന് മിക്ക വീടുകളിലുമില്ല. കൂട്ടുകുടുംബമല്ലാത്തതിനാൽ കുട്ടികൾക്ക് മറ്റുകൂട്ടുകാരുമില്ല. ചുരുക്കത്തിൽ മിക്ക കുട്ടികളും വീടുകളിൽ ഏകാന്തരാണ്.

ആധുനിക ശിശുമനശ്ശാസ്ത്രം കുട്ടികളെ അടിക്കുന്നതിന്നെതിരാണ്. ഇന്ത്യയിൽ അഭ്യസ്ഥവിദ്യരടക്കം മതജാതിഭേദമന്യേ പല മാതാപിതാക്കന്മാരും കുട്ടികളെ തല്ലി നന്നാക്കണമെന്ന അഭിപ്രായക്കരാണ്. ഇന്ത്യയിൽ തമിഴ്നാട്ടിലെ വിദ്യഭ്യാസ ചട്ടത്തിലെ 51-ാം വകുപ്പ് വിദ്യാർത്ഥികളുടെ മേൽ ശാരീരിക ദണ്ഡന മേൽപ്പിക്കാൻ അദ്ധ്യാപകന്ന് നിയമപരമായി തന്നെ അനുമതി നൽകുന്നു. ഇതിനെ ചൊല്ലി ഒരുപാട് വിവാദങ്ങൾ നടന്നതാണ്. തമിഴ്നാട് വിദ്യാഭ്യാസ ചട്ടത്തിൽ സദാചാരത്തിന്റെ പേരിൽ അതായത് കരുതികൂട്ടിയുള്ള കളവ്, വാക്കിലോ പ്രവർത്തിയിലോ ഉള്ള അശ്ലീലം, വ്യക്തമായ അനുസരണക്കേട് എന്നീ വിഷയങ്ങളിൽ കുട്ടി കുറ്റക്കാരനാണെന്ന് കണ്ടാൽ പ്രധാനാദ്ധ്യാപകന്റെ മേൽ നോട്ടത്തിൽ കൈയ്യിൽ ആറ് പ്രഹരങ്ങൾ നൽകാമെന്നാണ് തമിഴ്നാട് വിദ്യാഭ്യാസ ചട്ടം പറയുന്നത്.

തമിഴ്നാട്ടിൽ ചട്ട പ്രകാരവും ഇവിടെ ചട്ടമില്ലാതെയും ചൂരൽ എന്ന ചെങ്കോലുമായി ക്ലാസുമുറികളിൽ സേഛ്വാധിപതിയായി വാഴുന്ന അദ്ധ്യാപകൻ പലരുടേയും ഭൂതകാല സ്മൃതിമണ്ഡലത്തിലെ ഒരു പേടിസ്വപനമാണ്. വാസ്തവത്തിൽ മിക്കവാറും കുട്ടികൾ അദ്ധ്യാപകരിൽ നിന്നും അടി കൊള്ളുന്നത് ചട്ടത്തിൽ പറഞ്ഞത് പോലെ സദാചാര ഭംഗത്തിന്റെ പേരിലല്ല. പഠിക്കാത്തതിന്റെ പേരിലാണ്. പഠിത്തത്തിൽ പിന്നോക്കക്കാരനായ കുട്ടിയെ ശാസിച്ചും അടിച്ചും പഠിപ്പിക്കാനൊരുങ്ങുന്ന അദ്ധ്യാപകന്മാരും രക്ഷിതാക്കളും യൂറോപ്പിലാണെങ്കിൽ അഴിയെണ്ണേണ്ടി വരുമായിരുന്നു. പഠിക്കാത്തതിന്റെ പേരിൽ കുട്ടിയെ തല്ലിയാൽ കുട്ടിയുടെ മാനസിക ശേഷിയും ബുദ്ധിനിലവാരവും മുരടിച്ചു പോകുമെന്ന് എത്രയോ മനശാസ്ത്ര പഠനങ്ങൾ വന്നു കഴിഞ്ഞു. പഠനത്തിൽ പിന്നോക്കക്കാരായ വിദ്യാർത്ഥികളെ മുൻനിരയിലെത്തിക്കാൻ ശാസ്ത്രീയമായ ബോധരീതികൾക്കാവും. ഏറ്റവും കുറഞ്ഞ അധ്വാനത്തിലൂടെ സുഗമമായി കുട്ടികളെ പഠിപ്പിക്കാനുള്ള ടെക്നിക്കുകൾ മനശ്ശാസ്ത്രജ്ഞന്മാരും വിദ്യാഭ്യാസ വിചക്ഷണന്മാരും ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിനെ പറ്റിയൊന്നും അറിയാതെ ചൂരലിന്റെയും കാർക്കശ്യത്തിന്റെയും മാഹാത്മ്യം പറഞ്ഞ് കുട്ടികളെ നന്നാക്കാനൊരുങ്ങുന്ന ദുശ്ശാസനന്മാർ കുട്ടികളുടെ ശത്രുക്കളാണ്.

ഇന്ത്യയിൽ National Commission for Protection of Child Rights (NCPCR) പുറത്തിറക്കിയ Guide Line for Limiting Corporal Punishment in Schools എന്ന മാർഗ്ഗ രേഖയിൽ മിനിസ്ട്രി ഓഫ് വുമൺ ആന്റ് ചൈൽഡ് ഡവലപ്പ്മെന്റിന്റെ നേതൃത്വത്തിൽ Child Abuses In India-2007 നടത്തിയ ഒരു പഠനത്തിലെ സ്ഥിതിവിവരക്കണക്കുകൾ ഉദ്ദരിച്ചിട്ടുണ്ട്. അത് പ്രകാരം ഇന്ത്യയിൽ 69% കുട്ടികളും ശാരീരികമായി അടിച്ചു വേദനയേൽക്കുന്നവരാണെന്ന ഞെട്ടിപ്പിക്കുന്ന വിവരമാണ് ലഭിച്ചത്. അതിൽ 54% വും ആൺ കുട്ടികളാണ്. വീടുകളിൽ 52.91 % ആൺകുട്ടികളും 47.09% പെൺകുട്ടികളും പീഢിപ്പിക്കപ്പെടുന്നു. കുട്ടികളുടെ പീഢകരിൽ 88.6% അവരുടെ രക്ഷിതാക്കളാണ്! രക്ഷിതാക്കൾ കുട്ടികളെ അടിച്ചു നന്നാക്കാനാണ് ശ്രമിക്കുന്നതെങ്കിൽ ഈ രീതി അവരിൽ തെറ്റായ സന്ദേശമാണ് നൽകുക. സ്നേഹത്തിലും ഉപദേശത്തിന്റേയും പ്രവർത്തന ശേഷി കുട്ടികൾ സ്വന്തം അനുഭവത്തിൽ അറിയാതെ പോവുകയും ലോകം നന്നാക്കാൻ ദണഡന മുറയും സംഹാര ക്രിയകളുമാണ് വേണ്ടതെന്ന വിചാരം അവരിൽ അങ്കുരിക്കുകയും ചെയ്യും. വീടുകളിലും പൊതു സ്ഥാപനങ്ങളിലും ഇത്തരം ഏകാധിപത്യ ശൈലി സ്വീകരിച്ച കാർക്കശ്യത്തിന്റെയും അമിത നിയന്ത്രണത്തിന്റെയും ദുർവ്വാസാവുമാരെ കാണാം.

മാനവ വിശ്വവിദ്യാലയത്തിലെ മഹാഗുരുവായ മുഹമ്മദ് നബി (സ)യുടെ അദ്ധ്യാപന രീതിയും മാതൃകയും അത്യുദാരവും നിസ്സീമവുമായ ആർദ്രതയുടേതുമായിരുന്നു. കാർക്കശ്യവും ശിക്ഷാനടപടികളും അധികാര പ്രയോഗവുമായിരുന്നില്ല അവിടുത്തെ രീതി. ആധുനിക ലോകം ഈ രീതി തിരിച്ചറിയുന്നതിന്ന് മുമ്പേ സ്നേഹം കൊണ്ട് മനുഷ്യ ഹൃദയങ്ങളെ ജയിച്ചടക്കിയ ലോക ഗുരുവാണ് റസൂൽ തിരുമേനി(സ). അതാണ് ഖുർആൻ പറഞ്ഞത്. **'നീ മഹത്തായ ധാർമിക ഗുണങ്ങളുടയവൻ തന്നെയാണ്.'**(68:3)**'അല്ലാഹുവിന്റെ മഹത്തായ കാരുണ്യം തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീപരുഷ സ്വഭാവിയും കഠിന ഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റുനിന്നും ചിതറിപ്പിരിഞ്ഞു പോകുമായിരുന്നു.'**(3:160) കുട്ടികളെ അഗാതമായി സ്നേഹിച്ച മുഹമ്മദ് നബി (സ) യെ മാതൃകയാക്കുന്നവർക്ക് കുട്ടികളെ പ്രഹരിക്കുന്നതിനെയും അവരോടുള്ള പീഢനങ്ങളെയും അംഗീകരിക്കാനാവില്ല. എത്ര വലിയ ദൗത്യയാത്ര നടത്തുന്ന വേളകളിലായിരുന്നാൽ പോലും തിരുനബി (സ) കുട്ടികളെ വാരിയെടുത്തു ഉമ്മവെക്കുമായിരുന്നു. അവരോടൊപ്പം വിനോദങ്ങളിലും കളികളിലും ഏർപ്പെടുകയും ചെയ്തിരുന്നു. തിരുനബി(സ) അവരെ ദൈവത്തിന്റെ പൂന്തോപ്പിലെ പ്രിയപ്പെട്ട മലരുകളായിട്ടാണ് വിശേഷിപ്പിച്ചത്. മക്കയിലേക്ക് വിജശ്രീലാളിതനായി കടന്ന് വന്ന നബി തിരുനബി (സ) തന്റെ ഒട്ടകത്തിന്റെ പുറത്ത് രണ്ട്

പിഞ്ചു പൈതങ്ങളേയും ഇരുത്തിയാണ് ആഗതനായത്. ഒരിക്കൽ ഒരു കാട്ടറബി നിങ്ങൾ കുഞ്ഞുങ്ങളെ ചുബിക്കുന്നല്ലോ പക്ഷേ ഞങ്ങൾ അപ്രകാരം ചുബിക്കാറില്ല എന്ന് പറഞ്ഞു. ഇത് കേട്ട തിരുമേനി ഇപ്രകാരം പ്രതിവചിച്ചു. ദൈവം നിങ്ങളുടെ മനസ്സിൽ നിന്നും സ്നേഹം എടുത്തു കളഞ്ഞെങ്കിൽ അതിന് ഞാനെന്തു ചെയ്യണം?

തിരു നബി (സ) ശിഷ്യനായ വാഗ്ദത്ത മസീഹ് കുട്ടികളെ പ്രഹരിക്കുന്നതിനോട് കഠിനമായ വെറുപ്പ് പ്രകടിപ്പിച്ചിരുന്നു. അങ്ങിനെ ആരെങ്കിലും ചെയ്തതായി അറിഞ്ഞാൽ ആ മഹാത്മാവിന്റെ മുഖത്ത് കോപം അങ്കുരിക്കുമായിരുന്നു. കുട്ടികളെ മർദ്ദിക്കുന്നത് ഒരു തരം ശിർക്ക് (ദൈവത്തിൽ പങ്ക് ചേർക്കൽ) ആണെന്നാണ് അവിടുന്ന് അഭിപ്രായപ്പെട്ടത്. കുട്ടികളിൽ സ്വഭാവദൂഷ്യങ്ങളുണ്ടെങ്കിൽ അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയാണ് വേണ്ടതെന്നും. ദൈവം നിരുപാധികം സ്വീകരിക്കുന്ന പ്രാർത്ഥനകളിലൊന്ന് മക്കൾക്ക് വേണ്ടി ചെയ്യുന്ന പ്രാർത്ഥനയാണെന്നുമുള്ള റസൂൽ തിരുമേനി(സ)യുടെ വചനം ഓർമ്മിപ്പിച്ച് വാഗ്ദത്ത മസീഹ് ദൈവം പ്രതിഫലം നിരുപാധികം വാഗ്ദാനം ചെയ്ത ഈ പ്രാർത്ഥനയിൽ നിന്നും ഫലമെടുക്കുകയാണ് വേണ്ടതെന്നും ഉദ്ബോധിപ്പിക്കുകകയുണ്ടായി. വളരെയേറേ തിരക്കുകൾക്കിടയിലും കുട്ടികളുമായി സംവദിക്കാനും അവരോടൊപ്പം സമയം ചിലവഴിക്കാനും അഹ്മദിയ്യാ ഖലീഫമാർ കാട്ടുന്ന ശ്രദ്ധ പ്രസ്ത്യാവ്യമാണ്. മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ പ്രാധാന്യത്തോടെ സംപ്രേക്ഷണം ചെയ്യുന്ന പരിപാടിയിൽ ഒന്നാണത്.

കുട്ടികൾ യാതൊരു അവകാശങ്ങളുമില്ലാത്ത മുതിർന്നവരുടെ കയ്യിലെ കളിപ്പാട്ടങ്ങളല്ല. അവർക്കും അവകാശങ്ങളുണ്ട്. രാഷ്ട്രവും മതവുമെല്ലാം അത് സമ്മതിക്കുന്നു. പക്ഷേ കുട്ടികൾ മാത്രം അത് അറിയുന്നില്ല. ഈ ചർച്ചകളുടെയെല്ലാം സാരാംശം കുട്ടികളോടുള്ള പെരുമാറ്റം നിയമം മുഖേന നടപ്പാക്കേണ്ട ഒന്നല്ല. നിയമങ്ങൾ ഇക്കാര്യത്തിൽ മനുഷ്യരെ ബോധവൽക്കരിക്കുകയും മാർഗ്ഗദർശനം ചെയ്യുകയും ചെയ്യുന്നു എന്ന് മാത്രം.

---

പേജ് 30 ൽ നിന്ന് തുടർച്ച

**ആദ്യം സ്നേഹം അർപ്പിച്ചവർ അത് അവസാനിപ്പിച്ചില്ല. ദിവ്യ പ്രവാചകന്മാർ പ്രവചിച്ചിരുന്നത് പോലെ മൂന്നാം ദിവസം അവൻ ഉത്ഥാനം ചെയ്ത് അവർക്ക് പ്രത്യക്ഷനായി. ക്രിസ്ത്യനികൾ എന്നറിയപ്പെടുന്ന ഇക്കൂട്ടരെ ഇന്നും കാണാം.'** (Flavius Josephus: Antiquities of the Jews, Book 18, Chapter 3, 3)

ജോസിഫസ് ഫ്ളേവിയസ്സിന്റെ സാക്ഷ്യങ്ങൾ (Testimonium Flavianum) എന്ന പേരിലറിയപ്പെടുന്ന യേശുവിനെ സംബന്ധിച്ച 'ആന്റിക്വിറ്റീസ് ഓഫ് ജൂസ്' എന്ന ഗ്രന്ഥത്തിലെ 18,20 അധ്യായങ്ങളിലെ യേശുവിനെയും സ്നാപക യോഹന്നാനെ പറ്റിയുള്ള പരാമർശങ്ങളും പിൽക്കാലത്ത് ക്രിസ്ത്യാനികൾ എഴുതി ചേർത്തതാണെന്നാണ് ബഹുഭൂരിപക്ഷം ചരിത്ര പണ്ഡിതന്മാരുടെയും അഭിപ്രായം. കടുത്ത യഹൂദാഭിമാനം വെച്ച് പുലർത്തുന്ന ജോസിഫസ് ഒരിക്കലും യേശുവിനെ ഇത്തരത്തിൽ പുകഴ്ത്തി പറയില്ല എന്ന് വ്യക്തമാണ്.

## യേശു: വിശുദ്ധ ഖുർആനിൽ

വിശുദ്ധ ഖുർആനിൽ ബൈബിളിനെപ്പോലെ തന്നെ അദ്ദേഹത്തെ പറ്റി പരാമർശമുള്ള ആധികാരിക മതഗ്രന്ഥമാണ്. യേശുവിന് ശേഷം 600 വർഷം കഴിഞ്ഞ് അവതരിച്ച വിശുദ്ധ ഖുർആന് തീർച്ചയായും അതിന്റേതായ ചരിത്ര മൂല്യമുണ്ട്. സെമിറ്റിക് മതങ്ങളിൽ പെട്ട ക്രിസ്തുമതത്തിന്റെ സഹോദര മതമായ ഇസ്‌ലാം യേശുവിനെ കുറിച്ച് വളരെ ആദരപൂർവ്വമാണ് പ്രതിപാദിക്കുന്നത്. അപ്രകാരം സാധാരണ മുസ്‌ലിം ബഹുജനങ്ങൾ യേശുവിനെ അസാധാരണമായ അത്ഭുതങ്ങൾ പ്രവർത്തിച്ച് ഒരു പ്രവാചകനായിട്ടാണ് വിശ്വസിച്ചു പോരുന്നത്. വിശുദ്ധ ഖുർആൻ മിക്കയിടങ്ങളിലും മർയമിന്റെ പുത്രൻ എന്ന അർത്ഥത്തിൽ 'ഈസബ്നു മർയം' എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. 23 തവണ ഖുർആനിൽ ഈ നാമം ആവർത്തിക്കുന്നുണ്ട്. 99 വചനങ്ങൾ യേശുവിനായി വിശുദ്ധ ഖുർആൻ നീക്കി വെച്ചിട്ടുണ്ട്. മസീഹ്, ദാസൻ (അബ്ദ്), നബി (പ്രവാചകൻ), ദൂതൻ (റസൂൽ), വചനം (കലിമ), ചൈതന്യം (റൂഹ്), ദൃഷ്ടാന്തം (ആയത്ത്), സാദൃശ്യം (മസൽ), സാക്ഷി (ശാഹിദ്), കാരുണ്യം (റഹ്മത്ത്) എന്നീ അഭിധാനങ്ങളിലെല്ലാം യേശുവിനെ വിശുദ്ധ ഖുർആൻ വിശേഷിപ്പിക്കുന്നു.

ദൈവത്തിന് വേണ്ടി വൻ ത്യാഗങ്ങൾ സഹിച്ച യേശു **'ആദരണീയനും ദൈവ സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനുമാണെന്നും' (അദ്ധ്യയം3 ആലുമീമാൻ 46)** ഖുർആൻ വിശേഷിപ്പിക്കുന്നു. ക്രിസ്ത്യാനികളുടെ സദ്ഗുണങ്ങളേയും ഖുർആൻ വാഴ്ത്തുന്നത് കാണുക: **'സത്യവിശ്വാസികളോട് ഏറ്റവും അടുത്ത സ്നേഹമുള്ളവരായി ഞങ്ങൾ ക്രിസ്ത്യാനികളാണ് എന്ന് പറഞ്ഞവരെയും നീ കണ്ടെത്തുന്നതാണ്. അതിന്ന് കാരണം അവരിൽ പൺഡിതന്മാരും പുരോഹിതന്മാരും ഉണ്ട് എന്നുള്ളതും അവർ അഹംങ്കരിക്കുന്നില്ല എന്നുള്ളതുമാണ്. ഈ ദൂതന്ന് അവതീർണമായത് (ഖുർആൻ) അവർ കേൾക്കുന്നതായാൽ അവർ സത്യം ഗ്രഹിച്ച കാരണത്താൽ അവരുടെ നയനങ്ങൾ കണ്ണുനീർ പൊഴിക്കുന്നതയി നിനക്ക് കാണാം' (അദ്ധ്യായം 5: അൽമായിദ വചനം 83,84)** മറ്റൊരിടത്ത് ഖുർആൻ പറയുന്നു: **'വിശ്വസിച്ചവരും യഹൂദരും സാബിഉകളും ക്രിസ്ത്യാനികളും ആർ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും'**

# മതാധിഷ്ഠിത രാഷ്ട്രീയം ഏറ്റവും വലിയ ഭീഷണി: ഫാറൂഖ് മൗദൂദി

ജമാഅത്തെ ഇസ്‌ലാമി സ്ഥാപകൻ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ മകൻ സയ്യിദ് ഫാറൂഖ് മൗദൂദിയുമായി ബംഗ്ലാദേശിൽ നിന്നും പുറപ്പെടുന്ന 'ഡാക്കാ ട്രിബ്യൂൺ' (Dhaka Tribune. sunday 6 oct 2013) ലേഖകൻ ഷഹരിയാർ ആസിഫ് ചോദ്യോത്തര രൂപത്തിൽ നടത്തിയ അഭിമുഖം. ജമാഅത്തെ ഇസ്‌ലാമിയേയും അവരുടെ മതരാഷ്ട്ര വാദത്തെയും രൂക്ഷമായി അഭിമുഖത്തിൽ അദ്ദേഹം വിമർശിക്കുന്നു. (*വിവ: മർഹൂം. അധ്യ: നിസാർ അഹ്മദ്, കണ്ണൂർ*)

**ഒരു രാഷ്ട്രം ഏതെങ്കിലും മതത്തെ സ്വയം വരിക്കുന്ന പക്ഷം ജനാധിപത്യമല്ലാത്ത മറ്റെന്തോ ആണ് അവിടെ പ്രാവർത്തികമാവുന്നത്.**

*ജമാഅത്തെ ഇസ്‌ലാമി സ്ഥാപകൻ അബുൽ അഅ്‌ലാ മൗദൂദിയുടെ മകൻ സയ്യിദ് ഹൈദർ ഫാറൂഖ് മൗദൂദി പാകിസ്ഥാനിലെ ലാഹോറിൽ ഒരു കോളമിസ്റ്റാണ്. 69 കാരനായ ഈ മുൻ പൈലറ്റ് ഇംഗ്ലീഷ് മീഡിയം സ്കൂളിലാണ് പഠിച്ചിരുന്നതെങ്കിലും ഇംഗ്ലീഷിൽ സംസാരിക്കാൻ തയ്യാറായില്ല. ഉപഭൂഖണ്ഡത്തിലെ ജമാഅത്തിന്റെ രാഷ്ട്രീയം, രാഷ്ട്രീയ ഇസ്‌ലാം, ഭീകരവാദം, രാഷ്ട്ര മതം, ബംഗ്ലാദേശിലെ യുദ്ധ കുറ്റവിചാരണ ട്രിബ്യൂണൽ എന്നീ കാര്യങ്ങളിലുള്ള തന്റെ നിരീക്ഷണങ്ങൾ അദ്ദേഹം ഡാക്ക ട്രിബ്യൂണലുമായി കൈമാറി പങ്കുവെച്ചു.*

*? താങ്കളുടെ പിതാവ് അബുൽ അഅ്‌ലാ മൗദൂദിയായിരുന്നു ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകൻ ആ നിലയിൽ താങ്കളോ മറ്റു സഹോദരന്മാരോ എന്നെങ്കിലും പ്രസ്തുത കക്ഷിയുമായി ഇടപഴകിയിട്ടുണ്ടോ?*

= ഇല്ല. ജമാഅത്തിന്റെയോ മറ്റേതെങ്കിലും കക്ഷിയുടെയോ യാതൊരുവിധ രാഷ്ട്രീയത്തിലും ഞങ്ങൾ ഒരിക്കലും ഇടപെട്ടിട്ടില്ല. യാതൊരുവിധ രാഷ്ട്രീയത്തിലും ഭാഗഭാക്കാകാൻ അദ്ദേഹം (പിതാവ്) ഞങ്ങളെ ഒരിക്കലും അനുവദിച്ചിട്ടില്ല എന്നതാണ് വസ്തുത. അദ്ദേഹത്തിന്റെ മനസ്സിൽ എന്തായിരുന്നുവെന്ന് അദ്ദേഹത്തിന്ന് മാത്രമേ അറിയൂ. എന്റെ പിതാവ് മാത്രമല്ല മറ്റേതെങ്കിലും ജമാഅത്തിന്റെ നേതാവിനെ നിങ്ങൾ പരിഗണിച്ചാലും അവരാരും തന്നെ തങ്ങളുടെ മക്കൾ ജമാഅത്ത് കാര്യങ്ങളിൽ ഇടപെടുന്നതിൽ താൽപര്യമുള്ളവരായിരുന്നില്ല എന്ന് നിങ്ങൾക്ക് ബോധ്യമാവും

നേതാക്കളുടെ മക്കൾക്ക് ജമാഅത്ത് കാര്യങ്ങളൊഴിച്ചുള്ള ഏത്തരം പ്രവർത്തികളിലും ഏർപ്പെടുന്നുണ്ട്. അതിന്ന് പിന്നിൽ നിരവധി കാരണങ്ങളുണ്ട്, ഒന്നാമതായി നിങ്ങൾ മതാധിഷ്ഠിത രാഷ്ട്രീയം കൈകാര്യം ചെയ്യുമ്പോൾ നിങ്ങളുടെ ലക്ഷ്യങ്ങളിൽ ചിലത് നേടിയെടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞേക്കാമെങ്കിലും ആത്യന്തികമായി മറ്റ് മേഖലകളിൽ നിങ്ങൾ അനവധി ശത്രുക്കളെ സൃഷ്ടിക്കുകയാണ്. പ്രത്യേകിച്ച് മതാധിഷ്ഠിത രാഷ്ട്രീയത്തിലുൾപ്പെട്ട ഒരു രാഷ്ട്രീയക്കാരൻ മരിക്കുമ്പോൾ അയാൾ തന്റെ മക്കൾക്കായി ശത്രുക്കളെ സമ്പാദിച്ചാണ് കടന്ന് പോകുന്നത്.

*? ബംഗ്ലാദേശിലെ ജമാഅത്തിനെക്കുറിച്ചുള്ള താങ്കളുടെ വിലയിരുത്തലുകളെങ്ങിനെയാണ്?*

= ബംഗ്ലാദേശിലെ രാഷ്ട്രീയത്തിലിടപെടാൻ ജമാഅത്തിന്ന് യാതൊരവകാശവുമില്ല. പ്രത്യേകിച്ച് ജമാഅത്ത് ബംഗ്ലാദേശിന്റെ ജനനത്തെ തന്നെ എതിർത്ത സാഹചര്യത്തിൽ. ഇവിടെ (ബംഗ്ലാദേശ്) രാഷ്ട്രീയം നടത്താൻ അവർക്ക് അവകാശമില്ലാത്തതും അതിന്ന് അവരെ അനുവദിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ തീർത്തും വ്യത്യസ്തമായ ചിത്രമാണ് നിലവിലുള്ളത്. ഇക്കാര്യത്തിൽ നിങ്ങളുടെ (ബംഗാളികളുടെ) നേതാക്കളുടെ ഭാഗത്താണ് തെറ്റ് എന്നാണ് ഞാൻ കരുതുന്നത്. സ്വാതന്ത്ര്യത്തിന്ന് ശേഷം നിങ്ങളുടെ നേതാക്കൾ ഈ രാജ്യത്ത് രാഷ്ട്രീയം നടത്താൻ അവരെ അനുവദിച്ചു. അവരുടെ രാഷ്ട്രീയം തുടരാൻ അനുവദിച്ച സ്ഥിതിക്ക് അവരുടെ രാഷ്ട്രീയം

മതാധിഷ്ഠിതമാണെന്ന വസ്തുതയും നിങ്ങൾക്ക് അംഗീകരിക്കേണ്ടി വരും. ബംഗ്ലാദേശിലെ ഈ സവിശേഷ സാഹചര്യത്തിന്ന് പിന്നിൽ ആരാണെന്നതാണ് ചോദ്യം?. ഓർക്കുക ഷേക്ക് സാഹിബ് (ഷേക്ക മുജീബുർറഹ്മാൻ) വിട്ടേച്ചു പോയ ഭരണഘടന ഈ രാജ്യത്ത് ഇപ്പോൾ നിലവിലില്ല. അതെങ്ങിനെ സംഭവിച്ചു. ആരാണ് അത് മാറ്റിമറിച്ചത്? ഈ കാര്യങ്ങളും പരിശോധിക്കേണ്ടതുണ്ട്. ജനങ്ങൾ അത്തരം ആളുകൾക്ക് (ജമാഅത്തെ ഇസ്‌ലാമി) വോട്ട് ചെയ്യാറില്ല. അവർക്ക് അന്നും (1970) ഇപ്പോഴും പൊതുജന പിന്തുണയില്ല. മിക്കവാറും അവരുടെ എല്ലാ സ്ഥാനാർത്ഥികളും ഭീകരമായ പരാജയമാണ് ഏറ്റുവാങ്ങിയത്. മാത്രമല്ല ജാമ്യ സംഖ്യപോലും നഷ്ടപെട്ട നിലയിൽ വളരെ തുഛമായ വോട്ടുകളാണ് അവർക്ക് ലഭിച്ചത്.

ഷേക്ക് സാഹിബ് ജമാഅത്തിനെ നിരോധിച്ചു. ശരിയല്ലേ? നിങ്ങൾ ഇവിടെ തന്നെ ഉണ്ടായിരുന്നവർ അത് പരിശോധിക്കണം ജമാഅത്തിനെ പിന്തുണക്കുന്ന അധികാര കേന്ദ്രം ഏതെന്ന് നിങ്ങൾ കണ്ടെത്തുന്നത് വരെ പ്രശ്നത്തിന്റെ താഴ്‌വേരിൽ നിങ്ങൾക്ക് എത്തിച്ചേരാൻ കഴിയില്ല.

മറ്റൊരു കാര്യമുള്ളത് യുദ്ധകുറ്റവാളികളുടെ വിചാരണ അവരെ (ജമാഅത്തിനെ) ദുർബലമാക്കുന്നുവെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ നിങ്ങൾക്ക് തെറ്റുപറ്റി. അത് അവർക്ക് ഒരു അനുഗ്രഹമാണ്. ഇപ്പോൾ അവർക്ക് ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവകാശപ്പെടാം, ഞങ്ങൾ ഇസ്‌ലാമിന്ന് വേണ്ടി നില കൊള്ളുന്നത് കൊണ്ടാണ് ഞങ്ങളെ വിചാരണ ചെയ്യുന്നതെന്ന്. അവർ മുമ്പ് ചെയ്തത്പോലെ ഇനിയും ഇസ്‌ലാമിനെയും യുദ്ധ കുറ്റവിചാരണയെയും ഉപയോഗിച് മത വിശ്വാസികളായ ജനങ്ങളെ ചൂഷണം ചെയ്യും.

? രാഷ്ട്രീയത്തിൽ ഇസ്‌ലാം പ്രത്യേകിച്ച് ഈ ഉപഭൂഖണ്ഡത്തിൽ എന്ന കാര്യത്തെക്കുറിച്ച് താങ്കൾ എങ്ങിനെ ചിന്തിക്കുന്നു.?

എപ്പോഴൊക്കെ മതത്തെ രാഷ്ട്രീയമായ നിലയിൽ വ്യാഖ്യാനിച്ചിട്ടുണ്ടോ, അന്നൊക്കെ അത് മനുഷ്യനെ കൊല്ലുകയും മനുഷ്യത്വത്തെ നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മതം മനുഷ്യനെ കൂടുതൽ നല്ലവനാക്കി തീർക്കുവാൻ സഹായിക്കുകയാണ്. ബുദ്ധമതം, ഹിന്ദു മതം, സിഖ്മതം, ഇസ്‌ലാം മതം തുടങ്ങി ഓരോ മതവും വ്യക്തികളെ കൂടുതൽ നല്ലവരാക്കി തീർക്കാനാണ് പഠിപ്പിച്ചിട്ടുള്ളത്. നമ്മുടെയെല്ലാം പൂർവ്വ പിതാവ് ഒരാളായിരുന്നുവെന്നും നാം പരസ്പരം വെറുക്കരുതെന്നുമാണ് മതം നമ്മെ പഠിപ്പിച്ചത്. വിശുദ്ധ ഖുർആൻ രാഷ്ട്രീയത്തെക്കുറിച്ചല്ല മറിച്ച് മനുഷ്യനെക്കുറിച്ച് മനുഷ്യൻ കൂടുതൽ നല്ലവനാകുന്നതിനായിട്ടുള്ള കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. മതത്തിന്റെ രാഷ്ട്രീയ വ്യാഖ്യാനം എപ്പോഴും സമൂഹത്തിൽ തകർച്ച മാത്രമേ കൊണ്ടുവന്നിട്ടുള്ളൂ. മറ്റുള്ളവരെ ഭരിക്കുന്നതിനെക്കുറിച്ച് വിശുദ്ധ ഖുർആനിൽ എവിടെയും പറഞ്ഞിട്ടില്ല. വിശുദ്ധ ഖുർആൻ വ്യക്തികളെക്കുറിച്ചാണ് പരാമർശിക്കുന്നത്. അത് വ്യക്തിയെക്കുറിച്ചാണ്. ഭരണസംവിധാനത്തെയോ ഒരു വ്യവസ്ഥിതിയെയോ സംബന്ധിച്ചല്ല. അങ്ങനെ മറ്റുള്ളവരെ നിയന്ത്രിക്കുന്നത് സംബന്ധിച്ചാണ് ആ വചനങ്ങളെങ്കിൽ ഖലീഫയെ എങ്ങിനെ നിയമിക്കണം, എങ്ങിനെ ഖലീഫയെ അധികാരത്തിൽ നിന്നും പുറംന്തള്ളും, എന്ത് അധികാരങ്ങളാണ് അവർ കൈയ്യാളുക, അധികാര സമിതി (ശൂറാ) എങ്ങനെ രൂപവത്ക്കരിക്കും, അതെങ്ങനെ പിരിച്ചുവിടും, ഏത് തരത്തിലുള്ള അധികാരമായിരിക്കും സമിതിക്കുണ്ടാകുക? സമിതിയും ഖലീഫയും തമ്മിലുള്ള ബന്ധം എന്ത് തരത്തിലുള്ളതായിരിക്കണം, ഖലീഫയും സമിതിയും എപ്പോഴായിരിക്കും അധികാരം പ്രഖ്യാപിക്കുക, തർക്കങ്ങളുണ്ടാകുമ്പോൾ ആര് ആരുടെ മേൽ മേൽകൈനേടും എന്നിങ്ങനെ ഒമ്പത് കാര്യങ്ങൾ സംബന്ധിച്ച് അതിൽ പരാമർശമുണ്ടാവുമായിരുന്നു എന്നാൽ ഈ കാര്യങ്ങളെക്കുറിച്ച് ഖുർആൻ സംവദിക്കുന്നുണ്ടോ? ഇല്ല. സർവ്വ ശക്തനായ അല്ലാഹുവിന്ന് ഖുർആൻ സംരക്ഷിക്കാൻ കഴിയുമെങ്കിൽ ഖിലാഫത്തിനെയും (രാഷ്ട്രീയമായ പിന്തുടർച്ചക്കാർ) നോക്കി നടത്താൻ അവന്ന് കഴിയുമായിരുന്നു. മതം തെറ്റായ രീതിയിലാണ് വ്യാഖ്യാനിക്കപ്പെടുന്നത് മതത്തിന്റെ ലക്ഷ്യം ഒരു രാഷ്ട്രം ഭരിക്കുക എന്നതല്ല. മതത്തെ ഇവിടെ രാഷ്ട്രീയത്തിൽ ഉപയോഗിക്കപ്പെടുന്നത് കാരണം മത വൈകാരികതയുടെ ആനുകൂല്യങ്ങളെ അനുഭവിക്കാൻ രാഷ്ട്രീയക്കാർക്ക് സാധിക്കുന്നു. ആ വികാരത്തിന്റെ പുറത്ത് ജനങ്ങൾ വോട്ട് ചെയ്യണമെന്ന് അവർ നിഷ്‌ക്കർശിക്കുന്നു. ജനങ്ങളുടെ വികാരാവേശത്തെ ചൂഷണം ചെയ്യുക എന്നത് മാത്രമാണ് മതത്തെ രാഷ്ട്രീയമായി ഉപയോഗിക്കുന്നതിലുള്ള ഏകകാരണം. മതബോധമുള്ളവരുടെ സഹതാപം അവർക്ക് ലഭിക്കുന്നു.

ജിന്നാസാഹിബ് (പാക്കിസ്ഥാൻ സ്ഥാപകനായിരുന്ന മുഹമ്മദലി ജിന്ന) വിഭജനത്തിന്ന് മുമ്പ് കോൺഗ്രസ് അംഗമായിരുന്നു. 1931 ൽ ഖിലാഫത്ത് പ്രസ്ഥാന കാലത്ത് ഗാന്ധി (മഹാത്മാ ഗാന്ധി) മൗലാനാ അബുൽ കലാം ആസാദിന്റെ പ്രസ്ഥാനത്തെ സഹായിച്ചു. എന്നാൽ ജിന്ന കോൺഗ്രസിൽ നിന്ന് രാജിവെക്കുകയാണ് ചെയ്തത്. ആ സമയത്ത് ജിന്നാ സാഹിബ് ഗാന്ധിജിക്ക് ഒരു കത്തെഴുതി അദ്ദേഹം എഴുതി: 'താങ്കൾ മതത്തെ രാഷ്ട്രീയത്തിൽ ഉപയോഗിക്കുകയാണ്. അത് രക്തചൊരിച്ചിൽ മാത്രമേ സൃഷ്ടിക്കുകയുള്ളൂ. അദ്ദേഹം ഇത്രയും കൂടി എഴുതി ആ ഉപയോഗം ഹിന്ദുസ്ഥാനെ വിഭജിക്കും'(പാകിസ്ഥാനും ഇന്ത്യയുമായുള്ള വിഭജനത്തിന്ന് മുമ്പ്).

എന്നാൽ ദുഃഖകരമെന്ന് പറയട്ടെ ജിന്ന എന്തിനെയാണോ എതിർത്ത ത് ഒരു ഘട്ടം വന്നപ്പോൾ അദ്ദേഹം അത് പ്രാവർത്തികമാക്കി. അദ്ദേഹം മുസ്‌ലിം ലീഗ് രൂപികരിച്ചു എന്തായി രുന്നു ഫലം? ഇന്ത്യയും പാക്കി സ്ഥാനുമായി വിഭജിക്കപ്പെട്ടു. രണ്ട് മതങ്ങളുടെ മാത്രം അടിസ്ഥാന ത്തിൽ ഈ രാജ്യങ്ങൾ സ്ഥാപിതമാ യി. ശരിയായിരുന്നോ അത്? ഹിന്ദുസ്ഥാനിൽ ചുരുങ്ങിയത് 17 മതങ്ങൾ ഉണ്ടായിരുന്നു. ആ നിലയിൽ പതിനേഴ് ഭാഗങ്ങളായാണ് രാജ്യം വിഭജിക്കേണ്ടിയിരുന്നത് അല്ലേ? ഭയാനകമായ നടപടിയായി രുന്നില്ലേ അത്? അതെ, ആരാണ് മുസ്‌ലിം എന്നും ആരാണ് മുസ്‌ലിം അല്ലാത്തത് എന്നുമുള്ള അടിസ്ഥാ നത്തിലായിരുന്നു ആ വിഭജനം. ഹിന്ദു ബൗദ്ധർ, സിക്കുകാർ, പാർസികൾ അവരെല്ലാം ഹിന്ദുക്ക ളായിരുന്നുവോ? മതത്തെ ഉപയോ ഗിച്ച് തരം താഴ്ന്ന ഊഹത്തെ അടിസ്ഥാനമാക്കിയാണ് അത്തരം വിഭജനം ഉണ്ടായത്. നിശ്ചയമായും വളരെ വളരെ അപകടമാണത്. യഥാർത്ഥത്തിൽ ഇസ്‌ലാമിന്റെ ആ വിഭജനം ഇസ്‌ലാമിന്റെ തന്നെ തകർച്ചയിലേക്കാണ് നയിച്ചത്.

എല്ലാ മതാധിഷ്ഠിത രാഷ്ട്രീയ പാർട്ടികളും ഒന്ന് തന്നെയാണ്. മുസ്‌ലിം ലീഗിനെ നോക്കൂ അവരുടെ വാദം നിങ്ങൾ ഒരു മുസ്‌ലിം ആണെങ്കിൽ നിങ്ങൾ മുസ്‌ലിം ലീഗിൽ ചേരണമെന്നാണ് നിങ്ങൾ മുസ്‌ലിം ലീഗിൽ ചേരുന്നത് വരെ നിങ്ങൾ മുസ്‌ലിമല്ല എന്ന് അവർ അവകാശപ്പെടുന്നു എന്ന് തന്നെയല്ലേ അതിന്റെ ആർത്ഥം? അങ്ങനെയാണ് അവർ (മതാധി ഷ്ഠിത രാഷ്ട്രീയ പാർട്ടികൾ) എല്ലായ്പ്പോയും ജനങ്ങളുടെ മത വികാരങ്ങളെ ചൂഷണം ചെയ്യുന്നത്. എന്നിട്ടും ജനങ്ങൾ അവരെ പിന്തു ണക്കുന്നു. കാരണം അവരുടെ തെറ്റുകുറ്റങ്ങളെ ഒരാൾ ചൂണ്ടിക്കാ ണിക്കുമ്പോൾ അത് അവരെ (രാഷ്ട്രീയക്കാരെക്കുറിച്ചുള്ള) വിമർശനമായിട്ടല്ല മറിച്ച് അയാൾ വിമർശിക്കുന്നത് ഇസ്‌ലാമിനെ യാണ് എന്നാണ് അവർ അവകാശ പ്പെടുന്നത്! ഏതെങ്കിലും മൗലവി (ഇസ്‌ലാമിക പുരോഹിതൻ) എപ്പോഴെങ്കിലും അവരുടെ തെറ്റു കുറ്റങ്ങൾ സമ്മതിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? മതത്തെ ഒരു പരിചയാക്കി അവർ ഉപയോഗിക്കു കയാണ്. അവരാണ് ഇപ്പോൾ തന്നെ നരകത്തിലെത്തിക്കഴിഞ്ഞവർ. അല്ലാതെ ഇസ്‌ലാമിന്റെ ദുരുപയോ ഗത്തെ വിമർശിക്കുന്നവരല്ല.

? ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്ന് നമുക്കെല്ലാവർക്കുമറി യാം. ജമാഅത്തിന്റെ ഭാഗഭാഗിത്വം പ്രത്യേകിച്ചും 1971ൽ പാക്കിസ്ഥാ ന്റെ അധിനിവേശസേന കാട്ടികൂട്ടിയ കൊടിയ അക്രമങ്ങളിലെ പങ്കാളി ത്വം കണക്കിലെടുക്കുന്നവർക്ക് ഇസ്‌ലാമും 1971 ലെ അക്രമണങ്ങ ളും തമ്മിലുള്ള ബന്ധത്തെ എങ്ങ നെ വിലയിരുത്താൻ സാധിക്കും?

= 1970 ലെ ദേശീയ തെരഞ്ഞെടുപ്പി ൽ മതത്തെ ഉപയോഗിച്ചുകൊണ്ട് ജമാഅത്ത് പങ്കെടുത്തുവെങ്കിലും അവർക്ക് വിജയിക്കാൻ കഴിഞ്ഞില്ല. അതിന്ന് ശേഷം അവരെ ഫൗസ് (പാക്കിസ്ഥാൻ അധിനിവേശ സേന) ഉപയോഗിച്ചു വന്നു. പാക്കിസ്ഥാൻ അധിനിവേശ സേന അൽ ബദർ, അൽ ശംസ് എന്നിവ രുൾപ്പെടെയുള്ള സംഘടനകൾക്ക് രൂപം നൽകി. എന്റെ വീട്ടിൽ നടന്ന ഒരു യോഗത്തിൽ വെച്ച് ജനറൽ നി യാസി അവരോട് (ബംഗ്ലാദേശ് ജമാഅത്തെ ഈസ്‌ലാമി നേതാക്ക ളോട്) പറഞ്ഞു: ഞങ്ങൾ അൽബദ ർ, അശ്ശംസ് എന്നിവ രൂപീകരിച്ചു. ആയുധങ്ങളും പണവും പരിശീലന വും ഞങ്ങൾക്ക് നിങ്ങൾ സജ്ജീ കരിച്ചു തന്നു. പിന്നെയെങ്ങിനെയാ ണ് ഇവയെല്ലാം നിങ്ങളുടെ ഗ്രൂപ്പു കാരാണെന്ന് നിങ്ങൾ അവകാശ പ്പെടുന്നത്

അൽ ബദർ, അശ്ശംസ് സംഘട നകളുടെ ഇവിടുത്തെ ഇൻചാർജ്ജ് മൊരീയുർറഹ്മാൻ നിസാമി ആയിരുന്നു. അയാളുടെ മേധാവി യായിരുന്ന ഖുർറം ത്സാ മുറാദ് 15 ബംഗാളികളെ വരിവരിയായി നിർത്തി 303 തോക്ക് ശരിക്കും പ്രവർത്തിക്കുന്നുണ്ടോ എന്ന് പരീക്ഷിക്കാൻ മാത്രമായി ഖുർറം അവരിലേക്ക് വെടിയുതിർത്ത് അവരെ കൊന്നു കളഞ്ഞതായി ഒരു കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നു ണ്ട്. ഭാരം ചുമക്കാൻ വാടകക്കെടു ത്ത കഴുതകളെപോലെയായിരുന്നു ഇസ്‌ലാമിക ബോപധമുള്ള ആളു കൾ പാക്കിസ്ഥാനിൽ സൈന്യ ത്തിന്ന് വേണ്ടി പ്രവർത്തിച്ചത്.

മുഴുവൻചരിത്രവും വ്യക്ത മാവണമെങ്കിൽ നമുക്ക് ഒരൽപ്പം പിറകോട്ട് പോകേണ്ടി വരും റൂസ്‌വെൽട്ട് ചർച്ചിലിന്നയച്ച കത്തു ണ്ടായിരുന്നു, റൂസ്‌വെൽട്ട് ചർച്ചി ലിനോട് പറഞ്ഞു: 'രണ്ടാം ലോക മഹായുദ്ധത്തിൽ നിങ്ങളെ പി ന്തുണക്കാനാണ് നിങ്ങൾ ഞങ്ങളോ ട് പറയുന്നത്. ശരി, ഞങ്ങൾ അങ്ങി നെ ചെയ്യാം പക്ഷെ ഇന്ത്യയെ ദുർബലമാക്കണം. അവിടെ രണ്ട് അധിനിവേശ സംസ്ഥാനങ്ങൾ (പട്ടാള സ്റ്റേറ്റുകൾ) സൃഷ്ടിക്ക പ്പെടണം. അപ്പോൾ ഇക്കാര്യത്തി ലുണ്ടായിരുന്ന സംഭാവനകൾ ആരുടേതായിരുന്നുവെന്ന് എളുപ്പ ത്തിൽ മനസ്സിലാവുമല്ലോ

? 1971 ലെ മനുഷ്യവിരുദ്ധ പാതക ങ്ങൾക്കുത്തരവദിയായവരെന്നാ രോപിക്കപ്പെടുന്ന ആളുകളെയാണ് യുദ്ധകുറ്റ ട്രിബ്യൂണൽ വിചാരണ ചെയ്തു വരുന്നത്. അവരുടെ പട്ടിക പരിശോധിച്ചാൽ ശിക്ഷിക്കപ്പെട്ടി രുന്നവർ ഉൾപ്പെടെ മിക്ക പ്രതിക ളും ബംഗ്ലാദേശ് ജമാത്തെ ഇസ്‌ലാ മിയിൽ പെട്ടവരാണെന്ന് കാണാൻ കഴിയും ഇത് സംബന്ധിച്ച് താങ്കളുടെ നിരീക്ഷണങ്ങളെന്താണ്?

= മനുഷ്യത്വത്തിനെതിരായ പാത കങ്ങൾ എവിടെയായാലും ആര് ചെയ്താലും അത് ചെയ്തവർ ശിക്ഷിക്കപ്പെടേണ്ടത് തന്നെയാണ്. അത്തരക്കാർ (മേൽപറഞ്ഞവർ) അത്തരം കുറ്റകൃത്യങ്ങൾ ചെ യ്തിട്ടുണ്ടെങ്കിൽ നിസ്സംശയമായും

അവർ ശിക്ഷിക്കപ്പെടേണ്ടതാണ്. നാട്ടുകാർക്കും(ബംഗ്ലാദേശിലുള്ളവർ) സ്വാതന്ത്ര്യത്തിന്ന് ശേഷം അത്തരക്കാർ രാഷ്ട്രീയത്തിൽ വരുന്നത് തടയാനുള്ള ബാദ്ധ്യതയുണ്ടായിരുന്നു. ഇവിടെ രാഷ്ട്രീയത്തിലേക്ക് തിരിച്ചു വരാൻ അവരെ ആരാണ് അനുവദിച്ചത്? ഷേക്ക് സാഹിബ് മരണ മടഞ്ഞശേഷം അധികാരത്തിൽ വന്ന കക്ഷി അവരെ ഉപയോഗപ്പെടുത്തുകയായിരുന്നു. ഖാലിദ് സിയ തിരഞ്ഞടുപ്പ് നേരിടുമ്പോൾ ജമാഅത്ത് അവരുടെ പിന്നിലുണ്ടാവും ജമാഅത്ത് എവിടെ നിൽക്കുന്നുവോ അവിടെ പണം പിന്തുടർന്നെത്തിയിരിക്കും അവർ അധികാരത്തിൽ വന്നാലുള്ള പ്രത്യാഘാതങ്ങൾ എനിക്കും നിങ്ങൾക്കും നന്നായറിയാം!

? ജമാഅത്തിന്റെ ബംഗ്ലാദേശിലെയും പാക്കിസ്ഥാനിലേയും പ്രവർത്തനങ്ങൾ നിങ്ങൾ പരിശോധിച്ചിട്ടുണ്ടോ? അവ തമ്മിൽ വല്ല സമാനതകളും നിങ്ങൾ കണ്ടെത്തിയിട്ടുണ്ടോ?

= രണ്ട് രാജ്യങ്ങളിലേയും ഈ രണ്ട് പാർട്ടികളും ഒരാളുടെ ഇടത്തെ കയ്യും വലത്തെകയ്യും പോ ലെയാണ്. ഈ രണ്ടിനെയും നിയന്ത്രിക്കുന്നത് പക്ഷേ ഒറ്റതലയാണ്. അല്ലാതെ രണ്ടിനെയും നിയന്തിക്കാൻ വ്യത്യസ്ഥ ശിരസുകളില്ല. ഇന്ത്യയിലായാലും ഇവിടെയായാലും അവിടെയായാലും (പാക്കിസ്ഥാൻ) ഇക്കാര്യത്തിൽ വ്യത്യാസമില്ല.

ജമാഅത്തിന്റെ പ്രവർത്തനങ്ങൾ ഉൾപ്പെടെ ബംഗ്ലാദേശിനെക്കുറിച്ചുള്ള വാർത്തകൾ പാക്കിസ്ഥാൻ മാധ്യമങ്ങൾ പ്രസിദ്ധികരിച്ചിട്ടുണ്ട്. വിദ്യഭ്യാസ വിവര സാങ്കേതിക മേഖലകളിലായി രണ്ട് രംഗങ്ങളിൽ പാർട്ടി അവിടെ സജീവ സാന്നിദ്ധ്യമായിരുന്നു. ഈ രണ്ട് മേഖലയുടെയും പൂർണ്ണ നിയന്ത്രണമവർക്കുണ്ട്. അതിന്റെ ഫലം ബംഗ്ലാദേശ് സർക്കാറിനെതിരായ വാർത്തകൾ മിക്കപ്പോഴും പ്രസിദ്ധീകരിച്ചു വരുന്നുന്നു എന്നതാണ്. മതേതര ബംഗ്ലാദേശിൽ ഇസ്‌ലാമിക ബോധമുള്ള ആളുകൾ എങ്ങിനെയാണ് ശിക്ഷിക്കപ്പെടുന്നത് എന്നാണ് അത്തരം മിക്ക റിപ്പോർട്ടുകളും പറയുന്നത്. ഇസ്‌ലാമിനെക്കുറിച്ച് പറയുന്നത് കൊണ്ടാണ് ആളുകൾ ശിക്ഷിക്കപ്പെടുന്നതെന്ന് അവർ അവകാശപ്പെടുന്നു.

? യുദ്ധകുറ്റങ്ങളുടെ ട്രിബ്യൂണലിൽ ബംഗ്ലാദേശികളായ യുദ്ധകുറ്റവാളികളുടെ കുറ്റവിചാരണ മാത്രമാണ് ഇപ്പോൾ നടക്കുന്നത്. എന്നാൽ പാക്കിസ്ഥനിലേയോ ബംഗ്ലാദേശിലേയോ അതോ മറ്റേതെങ്കിലും അന്താരാഷ്ട്രാ കോടതികളിലേയോ പാക്കിസ്ഥാൻ സേനയുൾപ്പെടെയുള്ള ബംഗ്ലാദേശികളല്ലാത്ത യുദ്ധകുറ്റവാളികളെ കൂടി വിചാരണക്ക് വിധേയമാക്കപ്പെടുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

= ബംഗ്ലാദേശിൽ കുറ്റവിചാരണ ട്രിബ്യൂണൽ സ്ഥാപിതമാവുകയും അവിടെ നിന്നൊരു വിധിയുണ്ടാവുകയും ചെയ്തപ്പോൾ പാക്കിസ്ഥാനിലെ ജമാഅത്തിന്റെ അമീർ സയ്യിദ് മുനവ്വർ ഹസൻ ഒരു പത്രസമ്മേളനം നടത്തുകയുണ്ടായി. അദ്ദേഹം പാക്കിസ്ഥാൻ അംബാസിഡറെ ഹസീനാ വാജിദിന്റെ (ഷേക്ക് ഹസീന) അടുത്തേക്ക് ഇങ്ങിനെ ചോദിക്കാൻ അയക്കമോ എന്ന് പാക്കിസ്ഥാൻ ഗവർമെന്റിനോട് ചോദിക്കുകയുണ്ടായി. അതായത് യുദ്ധകുറ്റവാളികളെ വിചാരണ ചെയ്യില്ലെന്ന് മുജീബുമായി ഞങ്ങൾക്ക് ഒരു കരാറുണ്ടായിരുന്നു. പിന്നെയെങ്ങിനെയാണ് ആ കരാർ ലംഘിച്ചുകൊണ്ട് യുദ്ധകുറ്റവാളികളെ അവർ വിചാരണ ചെയ്യുന്നത്? എന്ന് ചോദിക്കാൻ. ഇപ്പോൾ ഞാൻ അറിയാൻ ആഗ്രഹിക്കുന്ന് എന്ത് കരാറായിരുന്നു അത്? കുറ്റവാളികൾകളെ വിചാരണ ചെയ്യാൻ നിങ്ങൾക്കാവില്ലെന്ന് നിശ്ചയിച്ച അങ്ങിനെയൊരു കരാർ സത്യത്തിൽ ഉണ്ടായിരുന്നോ? നീതിക്കുവേണ്ടിയുള്ള ശിക്ഷ നിങ്ങൾ ഉറപ്പാക്കുന്നില്ലേന്നോ? വസ്തുതയെന്തന്നാൽ സ്വാതന്ത്ര്യത്തിന്ന് ശേഷം പാക്കിസ്ഥാന് കൈമാറിയ 195 യുദ്ധകുറ്റവാളികളെ വേണമെങ്കിൽ വിചാരണ ചെയ്യാമെന്ന് വിവേചനാധികാരവകാശം പാക്കിസ്ഥാന്ന് അനുവദിക്കുന്ന ഒരു കരാർ സത്യത്തിൽ ഉണ്ടായിരുന്നു. എന്നാൽ വിചാരണ എന്നെങ്കിലും നടന്നോ? അവസാനംവരെ ജനറൽ നിയാസി(1971ൽ ബംഗ്ലാദേശിൽ നടന്ന അപരാധങ്ങളുടെ പേരിൽ കോർട്ട് മാർഷൽ നേരിടാൻ സ്വയം തയ്യാറായ പാകിസ്ഥാന്റെ ഈസ്റ്റേൺ കമാന്റ്) പറഞ്ഞു: 'ഉന്നതാധികാരങ്ങളിൽ നിന്നുള്ള ആജ്ഞകൾ അനുസരിക്കുന്ന ഒരു വെറും പട്ടാള ഉദ്യോഗസ്ഥൻ മാത്രമായിരുന്നു ഞാൻ ആജ്ഞകൾ അനുസരിച്ചതിന്റെ പേരിൽ വിചാരണ നേരിടേണ്ടിവന്നുവെങ്കിൽ സായുധസേനയുടെ ആവശ്യം തന്നെയില്ല.' പ്രസിഡണ്ട് മുഷറഫിന്ന് സമർപ്പിച്ച ഹമീദുർറഹ്മാൻ കമ്മീഷൻ രേഖയിലാണ് നിയാസി ഇത് പറഞ്ഞിട്ടുള്ളത്.

ലാഹോറിൽ പ്രസിഡണ്ട് മുഷറഫ് പങ്കെടുത്ത ഒരു സെമിനാർ നടന്നിരുന്നു. അവിടെയും നിയാസിയുടെ മകൾ ചൂണ്ടിക്കാട്ടിയതും ഒരു കാരണവുമില്ലാതെ അവരുടെ പിതാവ് ഉപദ്രവിക്കപ്പെടുന്നുവെന്നായിരുന്നു. (പെൻഷൻ സൗകര്യങ്ങൾ തടഞ്ഞുവെക്കുക സ്വത്തുവകകൾ കണ്ടുകെട്ടുക തുടങ്ങിയവ) ഹമീദുർറഹ്മാൻ റിപ്പോർട്ടിൽ നിയാസിയെ ഉദ്ദരിക്കുന്നതിങ്ങനെയാണ്. 'മാന്യരെ, കിഴക്കൻ പാക്കിസ്ഥാനിൽ കീഴടങ്ങാതെ പശ്ചിമ പാക്കിസ്ഥാൻ ജയിക്കില്ല എന്ന് ഹസ്സൻ ജനറൽ ഹാമിദ് എന്നിവരിൽ നിന്ന് എനിക്ക് ടെലക് സന്ദേശം ലഭിച്ചിട്ടുണ്ടായിരുന്നു. ഇനി പറയൂ ഒരു കീഴുദ്യോഗസ്ഥൻ എന്ന നിലയിൽ എങ്ങിനെയാണ് എനിക്ക് മുകളിൽ നിന്നുള്ള ആജ്ഞകൾ അനുസരിക്കാതിരിക്കാൻ കഴിയുക എന്ന് പറഞ്ഞുതരൂ. 1971ൽ ഞാൻ സ്വന്തമായി തീരുമാനങ്ങളെടുക്കാതിരുന്നതിന്ന് നിങ്ങൾ എന്നെ

കുറ്റപ്പെടുത്തുന്നുവെങ്കിൽ സൈന്യത്തെ മുഴുവനായും പിരിച്ചു വിടുകയാണ് വേണ്ടത് എന്ത് കാരണത്തിന്മേലാണ് എന്നെ ശിക്ഷിക്കുന്നത്?'

യുദ്ധത്തിൽ (1971 ലെ ബംഗ്ലാദേശ് വിമോചന യുദ്ധം) പങ്കെടുക്കാൻ ആഗ്രഹിക്കാത്തത് കൊണ്ട് പാക്കിസ്ഥാൻ പാട്ടളത്തിൽ നിന്നും രാജിവെച്ച ലെഫ്റ്റനന്റ് ജനറൽ സാഹിബ് സാദാ യാഖൂബ് അലി ഖാൻ ഉൾപ്പെടെയുള്ളവരുണ്ട്. മേലധികാരികളുടെ ഉത്തരവുകൾ അനുസരിക്കാതിരുന്നതിന്റെ പേരിൽ അവരാരും ശിക്ഷിക്കപ്പെട്ടിട്ടില്ല. മാത്രമല്ല ഭൂട്ടോ സാഹിബ് (സുൽഫിക്കർ അലി ഭൂട്ടോ– 1973 ൽ പാകിസ്ഥാൻ പ്രധാനമന്ത്രി) സാഹിബ് സാദായെ വിദേശകാര്യ മന്ത്രിയായി നിയമിക്കുകയായിരുന്നു. നിയാസിയുടെ വാദം വ്യക്തമായിരുന്നു. ആജ്ഞകൾ അനുസരിച്ചതിനാലാണ് താൻ കോർട്ട് മാർഷലിന്ന് വിധേയമായത് എന്നതായിരുന്നു അത്. അദ്ദേഹം വ്യക്തതയോടെ ഒരു ന്യായം ഉന്നയിക്കുകയും ചെയ്തു. ഏത് ഘടനാ സവിശേഷതകളെ അടിസ്ഥാനമാക്കിയാണ് അത്തരമൊരു കോർട്ട് മാർഷൽ നടന്നത്? ഏത് വ്യാഖ്യാനമാണ് അതിന്ന് അടിസ്ഥാനമായത്?

മതവികാരം ഉപയോഗിച്ച് നടത്തപ്പെട്ട ഇത്തരത്തിൽപെട്ട എല്ലാ അതിക്രമങ്ങളിലും പ്രധാനമായും അധികാരം കൈയ്യാളിയത് ആരാണെന്ന് ആലോചിക്കാനും ഈ അധികാരശക്തികൾ പലപ്പോഴും മതബോധമുള്ള ആളുകളെ വലയിലാക്കി ഉപയോഗിക്കുകയായിരുന്നു. അവർക്ക് അതിൽ നിന്നും രക്ഷപ്പെടാനാവില്ല. സ്വാതന്ത്യത്തിന്ന് ശേഷം പാക്കിസ്ഥാനിലേക്ക് പോയ അൽ ബദർ, അശ്ശംസ് അംഗങ്ങളുണ്ട്. അവർ ഇപ്പോൾ പാകിസ്ഥാനിൽ എന്താണ് ചെയ്യുന്നത് ? അവിടെ അവർ ഭിക്ഷയെടുക്കുകയാണ്. അതായത് സത്യത്തിൽ അവരും അത്തരം രാഷ്ട്രീയത്തിന്റെ ഇരകളാണ്. വ്യക്തിയല്ല ഇവിടെ പ്രശ്നം പകരം മതത്തെ ഉപയോഗിച്ച് ആളുകളെ വേട്ടയാടുന്ന സ്ഥാപനങ്ങളാണ് ഏറ്റവും വലിയ ഭീഷണി.

?. 1971 ലെ കൊടും ക്രൂരതയുടെ പേരിൽ ഒരു പക്ഷേ ജമാഅത്തും വിചാരണ നേരിടേണ്ടി വന്നേക്കും താങ്കൾ അതെങ്ങിനെ കാണുന്നു?.

= ഞാൻ മനസ്സിലാക്കിയേടത്തോളം ഇവിടുത്തെ ജമാഅത്ത് 1971 ൽ അവർ ചെയ്തുകൂട്ടിയ കാര്യങ്ങളിൽ യാതൊരുവിധനാണക്കേടും പേറുന്നവരല്ല. പകരം അവർ അതിൽ അഭിമാനം കൊള്ളുകയാണ്. അവർ കരുതുന്നത് അവർ ചെയ്തത് ഇസ്‌ലാമിന്ന് വേണ്ടിയുള്ള ശരിയാണെന്നാണ്. മതേതര രാഷ്ട്രമെന്ന ചിന്തക്ക് വിരുദ്ധമായ ഒരു ഇസ്‌ലാമിക രാഷ്ട്രമാണ് അവർക്ക് വേണ്ടത് രാഷ്ട്രം ഒരു ഇസ്‌ലാമിക രാഷ്ട്രമാവണമെന്ന് അവർ പറയുന്നത് കൊണ്ട് മതബോധമുള്ള അവരുടെ അനുഭാവം അവർ നേടിയെടുക്കുന്നു. മതേതരം എന്ന വാക്കിനെ തന്നെ അവർ അസഭ്യമാക്കി കളഞ്ഞു.

ജമാഅത്തിന്റെ ഏറ്റവും വലിയ കുറ്റം അവർ സെക്കുലർ (മതനിരപേക്ഷം) എന്ന വാക്കിനെ മതവിരുദ്ധം (ലാ ദ്ദീൻ) എന്നാക്കി മാറ്റി എന്നതാണ്. അതേ സമയം മതനിരപേക്ഷതയുടെ അർത്ഥം അതല്ലതാനും. സ്വന്തം സത്ത്വം നഷ്ടപ്പെടാതെയും അന്യരുടെ വിശ്വാസത്തിന്ന് ഭംഗം വരുത്താതെയും എന്ന അർത്ഥത്തിലുള്ള ധാരണയും സമീപനവുമാണ് മതനിരപേക്ഷത. എന്നാൽ ജമാഅത്ത് പറഞ്ഞു കൊണ്ടിരിക്കുന്നത് അവർ ഇസ്‌ലാമിനെ സ്വീകരിക്കുന്നുവെന്നും അവരുടെ രാഷ്ട്രീയ ദർശനം പിന്തുടരാത്ത മറ്റുള്ളവരെ ഉന്മൂലനം ചെയ്യണമെന്നുമാണ്.

വധശിക്ഷ മനുഷ്യാവകാശങ്ങൾക്കെതിരെയുള്ളതാകയാൽ വിധി കൊണ്ട് കാര്യമില്ലെന്ന് പറയുന്ന അമേരിക്കയെ മറക്കാം എന്നാൽ തങ്ങൾ അധികാരത്തിൽ വന്നാൽ നിങ്ങളെ ഉന്മൂലനം ചെയ്യുമെന്ന് പറഞ്ഞു കൊണ്ടിരിക്കുന്നവർ നിങ്ങളുടെ രാജ്യത്തുണ്ട്. അവരെക്കുറിച്ച് ആലോചിക്കുക. അവരെ സംബന്ധിച്ചേടത്തോളം അവർക്കെതിരെ സംസാരിക്കുന്നവർ ഒന്നുകിൽ ഇന്ത്യാ ഏജന്റ് അല്ലെങ്കിൽ മതേതര വാദി അതുമല്ലെങ്കിൽ ഇസ്‌ലാം വിരുദ്ധർ ആണ്. ഖാലിദാസിയായുടെ ഭർത്താവ് സിയാവുർർഹമാൻ വിമോചന സമരത്തിൽ പങ്കെടുത്തത് കൊണ്ട് ഖാലി ദാസിയാ ഈ ഭാഗത്ത് നിന്നതായിരിക്കണം ഈ രാജ്യത്തിന്റെ ജനനത്തിന്ന് എതിരുനിന്ന മറുപക്ഷത്തെ അവർക്ക് സ്വീകരിക്കാൻ കഴിയുമായിരുന്നില്ല.

?. പാകിസ്താൻ, ഇന്ത്യ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ മതമൗലിക വാദം, ഇസ്‌ലാമിക തീവ്രവാദം എന്നിവ ഉയർത്തികൊണ്ടു വരുന്നതിൽ ജമാഅത്തെ ഇസ്‌ലാമിയെ പോലെയുള്ള കക്ഷി പങ്കു വഹിച്ചതായി ആളുകൾ കരുതുന്നുണ്ടോ?

= ആത്യന്തികമായി അവരുടെ ഈ എല്ലാ പ്രവർത്തികളും ഒരു കാര്യത്തിലേക്കാണ് നയിക്കുന്നത് അതെ അവർ വിജയകരമായി ഇസ്‌ലാമിനെ വിവാദവത്ക്കരിച്ചിരിക്കുന്നു. ആരാണ് കൂടുതൽ ഇസ്‌ലാമികമെന്നോ ആരാണ് കുറവെന്നോ വിധിയെഴുതാൻ ആർക്കും അവകാശമില്ല. ഇസ്‌ലാം തുലയട്ടെ (ഇസ്‌ലാം മൂർദാ ബാദ്) എന്ന മുദ്രാവാക്യം ഉയർന്നു കേട്ട ഒരു സാഹചര്യം, പാകിസ്ഥാനിൽ പ്രത്യേകിച്ചും ഭൂട്ടോ സാഹിബിനെതിരായ ഒരു പ്രസ്ഥാനം എന്നതിലേക്കായിരുന്നു അവരുടെ പ്രവർത്തി നയിച്ചിരുന്നത്. ഈ മതബോധാധിഷ്ഠിത രാഷ്ട്രീയത്തിന്റെ അനന്തര ഫലമാണ്. അത്തരമൊരു സാഹചര്യം ഇസ്‌ലാമിനെ രാഷ്ട്രീയത്തിൽ ഉപയോഗിച്ചത്കൊണ്ട് മാത്രമാണ് നമുക്ക് ഇസ്‌ലാം മൂർദാബാദ് എന്ന മുദ്രാവാക്യം കേൾക്കേണ്ടി വന്നത്.

ശേഷം പേജ് 43 ൽ

കുറിപ്പുകൾ

# ഇന്ത്യ: ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാജ്യം

**മുസാഫിർ**



ചൈനയെ മറികടന്ന് ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാജ്യമായി ഇന്ത്യ മാറിയിരിക്കുന്നു. ഐക്യരാഷ്ട്ര സഭയുടെ പോപ്പുലേഷൻ ഫണ്ടിന്റെ റിപ്പോർട്ട് പ്രകാരം ഈ വർഷം ജൂണിൽ ഇന്ത്യൻ ജനസംഖ്യ 142.86 കോടിയാവും രണ്ടാം സ്ഥാനം വരുന്ന ചൈനയേക്കാൾ (142.57 കോടി) 29 ലക്ഷം കൂടുതൽ, അമേരിക്ക മൂന്നാം സ്ഥാനത്തെത്തും (34കോടി) ലോകത്താകെ ജനസംഖ്യ 804.5 കോടി. യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ട് അവരുടെ ഡാറ്റ പ്രകാരമാണ് ഈ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ചൈനയിൽ 60 വർഷത്തിൽ ആദ്യമായാണ് ജനസംഖ്യ വളർച്ച താഴോട്ട് പോകുന്നത്. കർശനമായ ജനസംഖ്യാ നിയന്ത്രണങ്ങൾ അവലംബിച്ചിരുന്ന ചൈന ഇന്ന് ജനസംഖ്യാ ശോഷണത്തിന്റെ ആധിയിലാണ്. ഇന്ത്യയിൽ 2011 ന് ശേഷം സെൻസസ് നടന്നിട്ടില്ല. 2021 ൽ നടക്കേണ്ടിയിരുന്ന സെൻസസ് കോവിഡ് ആയതിനാൽ നീട്ടി വെക്കുകയായിരുന്നു. കോവിഡ് ഭീഷണി കഴിഞ്ഞിട്ടും സെൻസസ് നടത്താൻ കേന്ദ്ര സർക്കാർ മുന്നോട്ടു വന്നിട്ടില്ല. ചൈനയും ബ്രിട്ടനും അമേരിക്കയും മാത്രമല്ല നമ്മുടെ അയലത്തെ ബംഗ്ലാദേശ് പോലും മഹാമാരിയുടെ ഭീതിക്കിടയിലും സെൻസസ് പൂർത്തിയാക്കി കഴിഞ്ഞു.

ഒരു രാജ്യത്തെ സംബന്ധിച്ചേടത്തോളം ജനസംഖ്യയുടെ കണക്കും മറ്റു വിവരങ്ങളും ആസൂത്രണത്തിനും വികസനത്തിനും ഏറ്റവും സുപ്രധാനമാണ്. സെൻസസ് എന്നത് ആളുകളുടെ എണ്ണം മാത്രമല്ല. അവരുടെ എല്ലാ സ്ഥിതി വിവരങ്ങളുമടങ്ങിയതാണ്. 2011 വർഷം അവസാനമായി നടന്ന സെൻസസിൽ 29 ചോദ്യങ്ങളുണ്ടായിരുന്നു. പേര്, വീട്ട് നമ്പർ, വയസ്സ്, മതം, ജാതി, ഭാഷ, വിദ്യാഭ്യാസം, വരുമാനം, ജോലി, കുട്ടികൾ, യാത്ര ചെയ്ത സ്ഥലങ്ങൾ, കുടിയേറ്റക്കാരാണോ എന്ന് തുടങ്ങി 29 ചോദ്യങ്ങളായിരുന്നു സെൻസസ് ചോദ്യാവലിയിലുള്ളത്. ഇന്ത്യാഗവർമെന്റ് അവസാനമായി നടത്തിയ 2011 ലെ സെൻസസ് പ്രകാരം നമ്മുടെ രാജ്യത്ത് 121,0854,977 ജനങ്ങളുണ്ട്. അതായത് ലോകത്തിന്റെ 2.4 % കരഭാഗം ഉൾക്കൊള്ളുന്ന ഇന്ത്യയിൽ ലോക ജനസംഖ്യയുടെ 17.5% ഭാഗമാണ് ജീവിക്കുന്നത്. ഉത്തർപ്രദേശാണ് ഇന്ത്യയിൽ ഏറ്റവും ജനങ്ങളുള്ള സംസ്ഥാനം. 2011 ൽ 20 കോടി ജനങ്ങൾ ഉത്തർപ്രദേശിൽ ജീവിക്കുന്നു. ഇന്ത്യയുടെ ജനസംഖ്യയുടെ പകുതിയും ഉത്തർപ്രദേശ്, മഹാരാഷ്ട്ര,

ബിഹാർ, പശ്ചിമ ബംഗാൾ, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലാണ്. (2014 ജൂൺ 2 ന് ആന്ധ്രപ്രദേശ് തെലുങ്കാന ആന്ധ്ര പ്രദേശ് എന്നീ രണ്ട് സംസ്ഥാനങ്ങളായി വിഭജിക്കപെടുകയുണ്ടായി)

1948 ലെ സെൻസസ് നിയമപ്രകാരമാണ് ജനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നത്. ഇന്ത്യ ഇപ്പോൾ ഭരിക്കുന്ന പാർട്ടി ചില മതങ്ങളിൽ പെട്ടവരുടെ ജനനനിരക്ക് വല്ലാതെ ഉയരുന്നു എന്ന് ആശങ്കയുള്ളവരാണ്. അതിലെ നിജസ്ഥിതിയും അറിയാനും ഏതെല്ലാം ജനവിഭാഗങ്ങളാണ് രാജ്യത്ത് വളരുന്നതും ശോഷിക്കുന്നതും എന്ന സത്യസന്ധമായ വിവരണങ്ങളും സെൻസസ് മുഖേന നമുക്ക് ലഭിക്കുമ്പോൾ ഊഹാപോഹങ്ങൾക്കും മറ്റു പ്രചരണങ്ങൾക്കും അപ്രസക്തമാവുന്നു. പ്രത്യേകിച്ച് ഡാറ്റകൾക്ക് വളരെ പ്രാധാന്യമുള്ള ഈ കമ്പ്യൂട്ടർ യുഗത്തിൽ ജനസംഖ്യയുടെ കണക്ക് നിർണ്ണായകമാണ്. ഇന്ത്യയിൽ 10 വർഷം കൂടുമ്പോഴാണ് സെൻസസ്സ് നടക്കുക. 19-ാം നൂറ്റാണ്ടു മുതൽ മുടക്കം കൂടാതെ തുടർന്നു വന്ന ഒരു പ്രക്രിയയായിരുന്നു ഇത്. 1872 ലാണ് ഇന്ത്യയിൽ ആദ്യമായി സെൻസസ് നടന്നത്. സ്വതന്ത്ര ഭാരതത്തിൽ 1949 ലാണ് സെൻസസ് ആരംഭിച്ചത്. 2021ൽ നടക്കേണ്ടിയിരുന്ന സെൻസസ് കോവിഡ് കാരണം മുടങ്ങികിടക്കുകയായിരുന്നു. കോവിഡിനു ശേഷവും സെൻസസ് നടത്താനുള്ള നീക്കമൊന്നും ഭരിക്കുന്ന സർക്കാർ എടുക്കുന്നതായി കാണുന്നില്ല. പ്രത്യേകിച്ച് ദേശീയ ജനസംഖ്യാ പട്ടിക (എൻ പി ആർ) പൗരത്വ ഭേദഗതി നിയമം (സി എ എ) ദേശീയ പൗരത്വ പട്ടിക (എൻ ആർ സി) മുതലായ ജനങ്ങളുടെ എണ്ണവുമായി ബന്ധപ്പെട്ട ഏറെ ചർച്ച ചെയ്ത വിഷയങ്ങളുടെ പശ്ചാത്തലത്തിൽ സത്യസന്ധമായ ഡാറ്റകളുടെ അടിസ്ഥാനത്തിൽ നേരിട്ട് ശേഖരിക്കുന്ന സെൻസസ്, ജനങ്ങളുടെ സ്ഥിതിവിവരത്തെ പറ്റി തീർച്ചയായും ഒരു നേർക്കാഴ്ച്ച നൽകുന്നതാണ്.




യു എൻ പോപ്പുലേഷൻ ഫണ്ടിന്റെ അനുമാനമനുസരിച്ചുള്ള ഈ കണക്കെടുപ്പിൽ ഇന്ത്യയിൽ 142.86 കോടി ജനങ്ങളുണ്ട്. ചൈനയേക്കാൾ 29 ലക്ഷം അധികം. അതിൽ വലിയൊരു വിഭാഗം ഉൽപ്പാദന ക്ഷമമായ യുവാക്കളും കൗമാരക്കാരുമാണ് എന്നതാണ് ഏറ്റവും പോസിറ്റീവായ ഘടകം. ജനസംഖ്യയിൽ 25 ശതമാനം 0-14 വയസ്സിനിടയിൽ ഉള്ളവരാണ്. 18 ശതമാനം പേർ 10 മുതൽ 19 വയസ്സു വരെയുള്ളവർ. 26 ശതമാനം പേർ 10 മുതൽ 24 വയസ്സുവരെയുള്ളവർ അതായത് യുവാക്കളെ കൊണ്ട് അനുഗ്രഹീതമാണ് ഇന്ത്യൻ ജനത. ഉത്തർപ്രദേശിലും ബിഹാറിലുമാണ് യുവാക്കൾ അധികമുള്ളത്.

എന്നാൽ നാം ജീവിക്കുന്ന പുരോഗമന കേരളത്തിന്റെ സ്ഥിതി അതല്ല. കേരളസമൂഹം വാർദ്ധക്യം ബാധിച്ച ഒരു സമൂഹമായി മാറിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ ജനസംഖ്യാവളർച്ചയില്ല. കുറഞ്ഞ ജനന നിരക്കും കൂടിയ ആയൂർദൈർഘ്യവും കാരണത്താൽ കേരളം വൃദ്ധജനങ്ങളുടെ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കയാണ്. യുവാക്കളേക്കാൾ പ്രായമായവരാണ് കൂടുതൽ. ജനസംഖ്യയെ പുതുരക്തം കൊണ്ട് നവീകരിക്കാൻ ഇവിടെ വേണ്ടവിധം ജനനം നടക്കുന്നില്ല. ലോകത്ത് എല്ലാ പുരോഗമിച്ച സമ്പന്ന സമൂഹങ്ങളിലും കാണുന്ന ജനസംഖ്യാ ശോഷണം എന്ന പ്രതിഭാസമാണ് നമ്മുടെ കേരളത്തെയും ബാധിച്ചിട്ടുള്ളത്. ജനന നിരക്ക് കുറഞ്ഞ പുരോഗമന സമൂഹങ്ങളിൽ ഉള്ളത് പോലെ 60 വയസ്സിന് മുകളിലുള്ളവരാണ് കേരളീയ സമൂഹത്തിൽ കൂടുതൽ. പഠനത്തിനും ജോലിക്കുമായി യുവാക്കൾ കേരളം വിട്ടു പോകുകയും ചെയ്യുന്നു. വൃദ്ധജനങ്ങൾ അനാഥാലയങ്ങളിൽ അന്തേവാസിയാവുന്ന പല കാരണങ്ങളിൽ ജനചുരുക്കവും ജനന നിരക്കിലെ കുറവും ഒരു ഘടകമാണ്.

അനാഥാലയങ്ങളിൽ അന്തേവാസികളായി കഴിയുന്ന മാതാപിതാക്കൾ കേരളത്തിൽ 30,000 വരെയുണ്ടെന്നാണ് ചില കണക്കുകൾ പറയുന്നത്.

ലോകത്ത് പുരോഗമിച്ച സമ്പന്ന രാജ്യങ്ങളിലെല്ലാം ജനശോഷണം അനുഭവപ്പെടുന്നുണ്ട്. അതിൽ രൂക്ഷമായ ജനന ചുരുക്കം അനുഭപ്പെടുന്ന രാജ്യമാണ് ജപ്പാൻ. ജനന നിരക്ക് വർദ്ധിപ്പിച്ചില്ലെങ്കിൽ ജപ്പാൻ എന്ന രാജ്യം തന്നെ ഇല്ലാതാവുമെന്ന് പ്രധാന മന്ത്രി ഫുമിയോ കിഷിഡയുടെ ഉപദേശകൻ ഈയ്യിടെ ജപ്പാൻ ജനതക്ക് മുന്നറിയിപ്പ് നൽകുകയുണ്ടായി. കഴിഞ്ഞ വർഷം ജനന നിരക്കിന്റെ ഇരട്ടി ആളുകളാണ് ജപ്പാനിൽ മരിച്ചത്. എട്ട് ലക്ഷത്തിൽത്താഴെ കുട്ടികൾ ഉണ്ടായപ്പോൾ 15.80 ലക്ഷം പേരാണ് മരിച്ചത്. 2008 ൽ ജപ്പാനിലെ ജനസംഖ്യ 12.80 കോടിയായിരുന്നു. ഇപ്പോഴിത് 12.46 കോടിയായി താഴ്ന്നു. സമ്പന്നമായ ജപ്പാനിൽ മാത്രമല്ല യൂറോപ്പിലെ മിക്ക വികസിത രാജ്യങ്ങളിലും ഭീമമായ തോതിൽ ജനസംഖ്യ കുറഞ്ഞുവരികയണ്. 2025 ആവുമ്പോഴേക്കും യൂറോപ്പിലെ മിക്ക രാജ്യങ്ങളിലും ജനസംഖ്യ ഇന്നത്തേതിന്റെ പകുതിയായി കുറയുമെന്നാണ് പഠനങ്ങൾ നൽകുന്ന സൂചന. അമേരിക്കയിലും ഇത് തന്നെയാണ് സ്ഥിതി. മറ്റു രാജ്യങ്ങളിൽ നിന്നുള്ള കുടിയേറ്റമാണ് ഇനി പ്രതീക്ഷ. യു എൻ പുറത്ത് വിട്ട കണക്ക് പ്രകാരം ചൈന സിംങ്കപ്പൂർ, ദക്ഷിണ കൊറിയ, ഒസ്ട്രേലിയ ഉൾപ്പെടെ 61 രാജ്യങ്ങൾ ജനസംഖ്യാ ശോഷണത്തിന്റെ വക്കിലാണ്. ഇവയിൽ കർശനമായ സന്താന നിയന്ത്രണ നിയമങ്ങൾ പാസ്സാക്കിയ ചൈനയാണ് ഏറ്റവും ഗുരുതരമായ ജനസംഖ്യാ പ്രതിസന്ധി അഭിമുഖീകരിക്കുന്നത്.

ജനസംഖ്യാ വിസ്പോടനം എന്ന് പറഞ്ഞ് പല സിദ്ധാന്തക്കാരും ലോകത്തെ ആശങ്കപ്പെടുത്തിയ ഒരു കാലമുണ്ടായിരുന്നു. പല വികസിത രാജ്യങ്ങളും ഇന്ന് ജനന നിരക്കിന്റെ കുറവ് കൊണ്ട് പരക്കം പായുന്ന അവസ്ഥയിലാണ്. കർശനമായ സന്താന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ ചൈന അവരുടെ ജനസംഖ്യാ ശോഷണം കണ്ട് അമ്പരന്ന് നിൽക്കുകയാണ്. അവരുടെ സമ്പദ് ഘടനയേയും രാജ്യപുരോഗതിയേയും അത് ഗണ്യമായി ബാധിക്കുന്ന പ്രശ്നമായി മാറിയിരിക്കുന്നു. യൂറോപ്പിലെ പലരാജ്യങ്ങളും ജനസംഖ്യാചുരുക്കം എന്ന ഭീഷണി നേരിടുകയണ്. ബൾഗേറിയ, ലിത്വാനീയ, ലാത്വിയ, ഉക്രെയ്ൻ എന്നീ രാജ്യങ്ങളിൽ രാഷ്ട്രീയ അസ്ഥിരതകാരണം രാജ്യബാഹ്യ കുടിയേറ്റങ്ങൾ കൊണ്ടാണ് ജനശോഷണമുണ്ടാകുന്നതെങ്കിൽ ഉൽപ്പാദനക്ഷമതയില്ലായും വൈകിവിവാഹവും വിവാഹ വിമുഖതയുമാണ് മറ്റ് യൂറോപ്യൻ രാജ്യങ്ങളെ കുഴക്കുന്ന പ്രശ്നം. 2021 ൽ യൂറോപ്യൻ യൂണിയനിൽ 4.09 ദശലക്ഷം കുട്ടികളാണ് പിറന്നത്. യൂറോപ്യൻ യൂണിയനിൽ ഏറ്റവും കുറഞ്ഞ പ്രജനന നിരക്ക് മാൾട്ട (1.3) സ്പെയ്ൻ (1.19) ഇറ്റലി (1.25) അൽബേനിയ എന്നീ രാജ്യങ്ങളിലാണ്. ഏറ്റവും കൂടുതൽ ജനന നിരക്ക് ഫ്രാൻസിലുമാണ് (1.84). ജനങ്ങൾ പട്ടണങ്ങളിലേക്ക് ചേക്കേറുകയും ഗ്രാമങ്ങൾ നഗരവത്ക്കരിക്കപ്പെടുകയും അവരുടെ ജീവിതരീതികളിലുണ്ടായ മാറ്റങ്ങളുമാണ് ജനസംഖ്യാ കുറവിന് കാരണമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. സ്വവർഗ്ഗവിവാഹം വരെ നിയമവിധേയമാക്കിയ അവിടെ വിവാഹം കഴിക്കാൻ യുവതീ യുവാക്കന്മാർ വിമുഖത കാണിക്കുന്നു. ഔദ്യോഗികമായി നടത്തപ്പെടുന്ന വിവാഹം നിയമപരമായി ഉത്തരവാദിത്തമുള്ള ഒരു ബന്ധമാണല്ലോ. സ്വതന്ത്രവും ആനന്ദഭരിതവുമായ ജീവിതം നയിക്കാൻ ഇഷ്ടപ്പെടുന്ന യുവതീ യുവാക്കൾ വിവാഹം കഴിക്കാൻ ഇഷ്ടപ്പെടുന്നില്ല. വിവാഹത്തിന്റെ കെട്ടുപാടുകളൊന്നുമില്ലാതെ എളുപ്പത്തിൽ ബന്ധം വിഛേദിക്കാൻ പാകത്തിൽ ലിവിംങ്ങ് ടുഗദറായി ജീവിക്കാനാണ് അവർക്ക് താൽപര്യം. ജനസംഖ്യ കുറഞ്ഞ പല യൂറോപ്യൻ രാജ്യങ്ങളും ജനന നിരക്ക് വർദ്ധിപ്പിക്കാൻ പല വിധ പദ്ധതികളും ആസൂത്രണങ്ങളും ചെയ്തു വരികയാണ്. നഗരവത്ക്കരണത്തിന്റെ അനാശാസ്യമായ പ്രവണതകൾക്കെതിരെ ത്യാജ്യഗ്രാഹ്യ ബോധത്തോടെ ധാർമിക പ്രതിരോധം തീർത്ത് ആ ജീവിതവുമായി സഹവർത്തിക്കുകയാണ് ചെയ്യേണ്ടത്.

ഇന്ത്യയിൽ പൊതുവെ ജനന നിരക്ക് കുറയുന്നുവെന്നാണ് കേന്ദ്ര ആരോഗ്യമന്ത്രാലയം 2020 ൽ പുറത്തു വിട്ട കുടുബാരോഗ്യ സർവ്വേ റിപ്പോർട്ടിൽ പറയുന്നത്. സാംപിൾ രജിസ്ട്രേഷൻ സിസ്റ്റം സ്റ്റാറ്റിസ്റ്റിക്കൽസൽസിന്റെ ഔദ്യോഗിക റിപ്പോർട്ട് പ്രകാരം ജനന നിരക്കിൽ 2019നെ അപേക്ഷിച്ച് 0.2 ശതമാനത്തിന്റെ കുറവാണ് ദേശീയ തലത്തിൽ ഉണ്ടായിരിക്കുന്നത്. എങ്കിലും ദീർഘകാലടിസ്ഥാനത്തിൽ ഇന്ത്യൻ ജനന നിരക്ക് ഇത്വരെ മുന്നോട്ട് തന്നെയാണ്. കോടിക്കണക്കിന് ജനങ്ങൾ വസിക്കുന്ന ഇന്ത്യൻ ഗ്രാമങ്ങൾ ഇപ്പോഴും ഗ്രാമ്യമായ അന്തരീക്ഷമാണുള്ളത്. അത്കൊണ്ട് ആധുനിക നഗര ജീവിതത്തിന്റെ വഴിവിട്ട കൃത്രിമ ജീവിതശൈലികളൊന്നും അവരെ ബാധിച്ചിട്ടില്ല. അതുകൊണ്ടാണ് ഈ ജനസംഖ്യാ വർദ്ധനവിന് കാരണമെന്ന് പൊതുവേ ചൂണ്ടിക്കാണിക്കപ്പെടുന്നു. ഏതായാലും ജനശൂന്യമാകുന്ന പല വികസിതരാജ്യങ്ങളും പകച്ചുനിൽക്കുമ്പോൾ ജനസംഖ്യാവർദ്ധവ് ഒരു അനുഗ്രഹമായിട്ടാണ് നാം കരുതേണ്ടത്. ജനസംഖ്യാ വർദ്ധനവ് രാജ്യത്തിന്റെ ശാപമാണെന്ന പഴയ സങ്കൽപ്പം നാം മാറ്റേണ്ടതുണ്ട്. ഇന്ത്യയുടെ ഏറ്റവും വലിയ അനുഗ്രഹം അതിന്റെ മനുഷ്യവിഭവമാണ്. ഇന്ത്യയെ സമൃദ്ധിയിലേക്ക് നയിക്കാൻ ഈ മനുഷ്യശേഷിക്ക് ആകുമാറാകട്ടെ.

പേജ് 39 ൽ നിന്ന് തുടർച്ച

?. ഇസ്‌ലാമിക രാഷ്ട്രം, മതനിരപേക്ഷ രാഷ്ട്രം എന്നിവ സംബന്ധിച്ച് താങ്കളുടെ ചിന്താശകലങ്ങളെങ്ങനെയാൺ?

ഒരു രാഷ്ട്രത്തിന്ന് ഇസ്‌ലാമിനെ പോലെയൊരു മതമുണ്ടാകുകയും പാകിസ്താനെ പോലെ ഇസ്‌ലാമിനെ ആധാരമാക്കിയാണ് ആ രാഷ്ട്രം രൂപീകരിച്ചത് എന്ന് പറയുകയും ചെയ്യുന്ന പക്ഷം ആ രാഷ്ട്രത്തെ ഏറ്റെടുക്കാനുള്ള ഏകമാത്ര അവകാശം താലീബാന്ന് തന്നെയാണ്. ഒരു രാഷ്ട്രത്തിന്ന് ഒരു മതവും ഉണ്ടാവാൻ പാടില്ല. മതം ജനങ്ങൾക്ക് വേണ്ടിയുള്ളതാണ് തിരിച്ചല്ല. മതം ഒരാളെ കൂടുതൽ നല്ലവനാക്കുന്നു. വിവിധ മതങ്ങളുൾപ്പെടെ എല്ലാ വിഭാഗത്തിലും പെട്ട ജനങ്ങൾക്ക് രാഷ്ട്രമെന്ന മേൽകൂരക്ക് കീഴിൽ കഴിയാനാകണം. ഒരു പ്രത്യേക മതത്തെ പുണരുന്ന രാഷ്ട്ര ം തീർച്ചയായും തീർച്ചയായും അസ്വാസ്ഥ്യ ജനകമാണ്. ഒരു രാജ്യത്തിന്ന് ഒരു ജനാധിപത്യം പ്രാവർത്തികമാക്കണമെന്നുണ്ടെങ്കിൽ ആ രാജ്യത്തിന്ന് ഒരു മതമുണ്ടായിരിക്കരുത്. ജനാധിപത്യം എല്ലായ്‌പ്പോഴും മതനിരപേക്ഷമാണ്. മതനിരപേക്ഷത കൂടാതെ ഒരാൾക്കും ജനാധിപത്യം നടപ്പാക്കുന്നു എന്ന് അവകാശപ്പെടാൻ കഴിയില്ല. ഒരു മനുഷ്യൻ ഒരു ലോകം (One man, One world) എന്നാൽ എല്ലാവരും തുല്യരാണ് എന്നാണ് അർത്ഥം. അതായത് മതവിധേയത്വങ്ങൾക്ക് അപ്പുറത്താണ് എല്ലാവരും സമന്മാണെന്ന് സാരം ആരാണ് മുസ്‌ലിം ആരാണ് മുസ്‌ലിമല്ലാത്തത്. എന്ന ചോദ്യത്തിന്ന് അർത്ഥമില്ല. ഒരു രാഷ്ട്രം ഒരു മതം സ്വീകരിക്കുമ്പോൾ ജനാധിപത്യമല്ല മറ്റെന്തോ ആണ് ആ രാജ്യം നടപ്പിലാക്കുന്നത്.

?. എന്നാൽ ഇസ്‌ലാം എന്നാൽ രാഷ്ട്രീയ സർവ്വസ്വമാണ് എന്ന് ഇസ്‌ലാമിക രാഷ്ട്രീയ പാർട്ടികളുടെ വാദമുഖങ്ങളുമുണ്ടല്ലോ?

= (ചിരിച്ചു കൊണ്ട്) ഇസ്‌ലാം തന്നെ രാഷ്ട്രീയമാണെങ്കിൽ അതിന്ന് വോട്ടു ചെയ്യാത്തവരെല്ലാം അവിശ്വാസികളാണല്ലോ.

?. താങ്കളുടെ പിതാവ് ജമാഅത്ത് സ്ഥാപകൻ എന്ന നിലയിൽ ബംഗ്ലാദേശിലെ ജമാഅത്തിന്റെയും സ്ഥാപകനായി എന്നും നിലനിൽക്കും. അദ്ദേഹത്തിന്റെ മകൻ എന്ന നിലയിൽ ജമാഅത്തിനോട് താങ്കൾക്ക് വല്ല ഉപദേശവുമുണ്ടോ?

= വീണ്ടും ചിരിച്ചു കൊണ്ട് ഉപദേശം സ്വീകരിക്കുന്നതിൽ നിന്നും വളരെ ഉയരത്തിലാണവർ. അവർക്ക് വല്ല ഉപദേശവും ആവശ്യമുണ്ടെന്ന് ഞാൻ കരുതുന്നില്ല.

---

**അനുസ്മരണം**

# ആയിശാബി എം പി

കൂടാളി ജമാഅത്തിലെ മുൻ ലജ്നാ സദറും മർഹൂം യു. മുഹമ്മദ് സാഹിബിന്റെ ഭാര്യയുമായ എം പി ആയിശാ സാഹിബ (94) വയസ്സ് 23 മാർച്ച് 2023 വഫാത്തയി. ഇന്നാലില്ലാഹി..........

വിശുദ്ധ ഖുർആനിലെ മിക്ക ഭാഗങ്ങളും ഹൃദിസ്ഥമാക്കിയ അവർക്ക് മതപരമായ അറിവും ഭൗതികമായ അറിവും ഉണ്ടായിരുന്നു. അതിഥി സൽക്കാര പ്രിയയായ ആയിശാബി സാഹിബ ജാതിമത ഭേദമന്യേ എല്ലാവരോടും സൗഹൃദം പുലർത്തിയിരുന്നു.


അല്ലാഹു പരേതക്ക് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. **മക്കൾ** നാസർ സാഹിബ്, അഹ്മദ് സാഹിബ്, നിസാർ സാഹിബ്, ജലാലുദ്ദീൻ സാഹിബ്, റഷീദ് അഹ്മദ് സാഹിബ്, അസ്മാബി സാഹിബ, സെഖ്യാബി സാഹിബ **മരുമക്കൾ**: ഇബ്രാഹിം സാഹിബ്, മുഹമ്മദ് സാഹിബ്, ഹംസ സാഹിബ്, മൻസൂറ സാഹിബ, റസിയ സാഹിബ, താഹിറ സാഹിബ

*റഷീദ് അഹ്മദ്*

---

**അനുസ്മരണം**

# അബ്ദുൾ കരീം സാഹിബ്



കൂടാളി ജമാഅത്ത് അംഗവും സജീവ പ്രവർത്തകനുമായിരുന്ന ഇ. വി അബ്ദുൾ കരീം സാഹിബ് ഏപ്രിൽ 30ന് വഫാത്തായി. ഇന്നാലില്ലാഹി ........

കൂടാളി ജമാഅത്ത് വൈസ് പ്രസിഡണ്ട്, സയീം അൻസാറുല്ലാഹ്, സിയാഫത്ത് സിക്രട്ടറി എന്നീ ഭാരവാഹിത്വങ്ങൾ വഹിച്ചിരുന്നു, അതിന് പുറമെ ഫസ്‌ലെ ഉമർ സ്കൂളിന്റെ സ്ഥാപന ഘട്ടത്തിലും സേവനങ്ങളർപ്പിച്ചു. കണ്ണൂരിൽ കോ - ഓപ്പറേറ്റീവ് ട്രാൻസ്പോർട്ടിൽ സെക്രട്ടറിയായും സേവന മനുഷ്ഠിച്ചിരുന്നു.

**ഭാര്യ**: ആയിശാ ബി, **മക്കൾ**: സാജിദ, സയിറ, ശാഹിന. **മരുമക്കൾ**: മുനവ്വർ അഹ്മദ് (പഴയങ്ങാടി) അബ്ദുല്ലാ (കോഴിക്കോട്) അബ്ദുൾ മാലിക്(കൂടാളി)

**സഹോദരങ്ങൾ**: ഇ.വി അബ്ദുസ്സലാം, പരേതരായ ശരീഫ് അഹ്മദ്, അബ്ദുൾ റഹീം, അസീസ് മാസ്റ്റർ. **സഹോദരി**: ഇ. വി ഫാത്തിമ. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ

*അബ്ദുല്ലാ കോഴിക്കോട്*

Published on 07.06.2023 | Pages 44 | Vol: 95 Issue. 06
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly



# സത്യദൂതൻ

## 97-ാം വർഷത്തിലേക്ക്

# സത്യദൂതൻ: വരിസംഖ്യ അയക്കാൻ പുതിയ സംവിധാനം

ബഹുമാന്യരെ, 1925 ൽ ആരംഭിച്ച സത്യദൂതൻ ഒരു നൂറ്റാണ്ട് പൂർത്തിയാക്കാൻ ഇനി മൂന്ന് വർഷം മാത്രമാണ് അവശേഷിക്കുന്നത്. മലയാള പൊതുസാഹിത്യ മണ്ഡലത്തിൽ തന്നെ സത്യദൂതനോളം പഴക്കമുള്ള മാസിക അപൂർവ്വമാണ്. സത്യദൂതന് മാത്രം സ്വന്തമായ ചരിത്രപൈതൃകം!! അൽഹംദുലില്ലാഹ്

സത്യദൂതന്റെ പുതുവർഷത്തേക്കുള്ള വരിസംഖ്യയും, കുടിശ്ശികയും വായനക്കാർക്ക് നേരിട്ട് നൽകാൻ ഇപ്പോൾ സാദ്ധ്യമാവും. **QR code** വഴി **G Pay, Phone Pe, Paytm** എന്നീ ആപ്പുകൾ ഉപയോഗിക്കാം. മെസ്സേജിൽ വരിക്കാരുടെ നമ്പറും (Subscription No.) ഫോൺ നമ്പറും എഴുതണം. പണം അയച്ചു കഴിഞ്ഞാൽ അതിന്റെ സ്ക്രീൻ ഷോർട്ട് താഴെ കൊടുത്ത അതേ നമ്പറിൽ തന്നെ വാട്സ് ആപ് ചെയ്യാൻ മറക്കരുത്. ലൈബ്രറികളിലേക്കും വായനാശാലകളിലേക്കും അയക്കാൻ താൽപര്യമുള്ളവർ ഒന്നോ, രണ്ടോ അതിലധികമോ കോപ്പികൾ സ്പോൺസർചെയ്യാനും അഭ്യർത്ഥിക്കുന്നു. രശീതി ഉടൻതന്നെ അയച്ചു തരുന്നതാണ്. പ്രാർത്ഥനയോടെ പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

വാർഷിക വരിസംഖ്യ 300 രൂപ.

**Phone No: 9447086862 (G. Pay)**

മാനേജർ, സത്യദൂതൻ
മസ്ജിദ് ഉമർ, സെന്റ് ബെനഡിക്ട് റോഡ്
എറണാകുളം.

ISLAM INTERNATIONAL PUBLICATIONS

Scan and pay with any BHIM UPI app

G Pay PhonePe Paytm

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim